# സത്യദൂതൻ

2014 ജൂലൈ | ലക്കം 7

വില ₹ 20



## ഭൂമിയിൽ മനുഷ്യന്റെ ഭാവി

## ഇസ്‌ലാമും അനാഥകളും

بسم الله الرحمن الرحيم

## മജ്‌ലിസ് അൻസാറുല്ലാഹ്
## ഭാരത്

# ഇജ്തിമ
# 2014


**ഒക്ടോബർ**

**14,15 &16**

(ചൊവ്വ, ബുധൻ, വ്യാഴം)

**ഖാദിയാൻ, പഞ്ചാബ്**

LOVE FOR ALL HATRED FOR NONE




The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2014 ജൂലൈ
ഹി.ശ.1394 - വഫാ
1435 - ശഅബാൻ - ശവ്വാൽ
പുസ്തകം 86 ലക്കം 7
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്വ്ബ
**ഡോ. മഹ്ദീ അലീ ബശീറുദ്ദീൻ ഖമർ ശഹീദ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 മെയ് 30 ന് മസ്ജിദ് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

12
കവിത
**നോമ്പിന്റെ വെമ്പൽ**
സി. കെ. കമറുദ്ദീൻ, വാണിയമ്പലം



13
**ഭൂമിയിൽ മനുഷ്യന്റെ ഭാവി**
ഹ്ദറത്ത് മിർസാ ത്വാഹിർ അഹ്മദ്
മനുഷ്യൻ ഭാവിയിൽ കൂടുതൽ സംവേദശക്തിയും ധൈഷണിക ശേഷിയും പുതിയതരം ശരീരഘടനയുമുള്ള ജീവിയായി രൂപാന്തരപ്പെടുമെന്നതിന് വിശുദ്ധ ഖുർആനിൽ സൂചനകളുണ്ട്. ഭാവിയിൽ മനുഷ്യന് മേൽ സംഭവിക്കുന്ന അസാധാരണവും അതിശയകരവുമായ ഈ പരാമർശം വിശുദ്ധ ഖുർആനിൽ മാത്രമേ കാണുന്നുള്ളൂ. ശാസ്ത്രലോകം പോലും ആ വിഷയം ചർച്ചക്കെടുത്തിട്ടില്ല.

18
**ഇസ്‌ലാമും അനാഥകളും**
ഇബ്നു മഹ്ദി

24
**ഇസ്‌ലാമിന്റെ സുവർണഭൂതകാലം**
ചൗധരി അബ്ദുസ്സലാം അക്തർ

28
കവിത
**റമദാൻ: രണ്ട് ഉഷ്ണങ്ങൾ**
പി.കെ.മുഹമ്മദ് ബശീർ, ഐരാപുരം

29
**വ്രതാനുഷ്ഠാനത്തിന്റെ മതാന്തരീയ ഭാവം**
ഡോ. ഇഫ്തികാർ അഹ്മദ്. ബി. പഴയങ്ങാടി.

30
**ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും**
എ.എം മുഹമ്മദ് സലിം

34
**ജമാഅത്തിനെകുടുക്കാൻ കുതന്ത്രങ്ങൾ**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

37
**പുകയുന്ന പശ്ചിമേഷ്യ അസ്വസ്ഥമാകുന്ന ലോകം**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

സത്യവിശ്വാസികളെ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്ക് വേണ്ടി താൻ മുൻ കൂട്ടി ഒരുക്കി വെച്ചിട്ടുള്ളത് എന്താണെന്ന് ഓരോ മനുഷ്യനും ചിന്തിക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു. **(59:19)**





## നബിവചനം

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അഞ്ചുനേരത്തെ നമസ്ക്കാരം നിർവഹിക്കുകയും റമദാൻ മാസത്തിൽ നോമ്പനുഷ്ഠിക്കുകയും ചെയ്താൽ സ്വർഗത്തിൽ നിങ്ങൾക്ക് പ്രവേശിക്കാൻ കഴിയും **(തിർമിദി)**

## വാഗ്ദത്ത മസീഹിന്റെ വചനം

മനുഷ്യനെ വഴിപിഴപ്പിക്കുന്നതിനും അവന്റെ കർമാനുഷ്ഠാനങ്ങൾ താറുമാറാക്കുന്നതിനും വേണ്ടി പിശാച് എപ്പോഴും തക്കം പാർത്തിരിക്കുകയും കുഴപ്പമുണ്ടാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. നമസ്ക്കരിക്കുമ്പോൾ, അതിലും മറ്റുള്ളവർ കാണണം എന്നു തുടങ്ങിയ ചിന്ത കലർത്തി കുഴപ്പമുണ്ടാക്കാനാഗ്രഹിക്കുന്നത് പിശാചാണ്., നമസ്കാരത്തിന് നേതൃത്വം കൊടുക്കുന്ന ഇമാമിനെയും ഈ ബലായിൽ അകപ്പെടുത്താൻ അവനാഗ്രഹിക്കുന്നു. അത് കൊണ്ട് അവന്റെ ആക്രമണത്തിന് ഒരിക്കലും വിധേയനാകാവാൻ പാടില്ല. കലഹക്കാരേയും കുറ്റവാളികളെയും അവൻ തുറന്ന നിലയിൽ ആക്രമിക്കുന്നു, **(മൽഫൂസാത്ത്)**



എഡിറ്റോറിയൽ

# ആരാണ് സ്രഷ്ടാവ് ?

സ്രഷ്ടാവ് എന്നത് ദൈവത്തിന് മാത്രം അവകാശപ്പെട്ട ഒരു ദൈവിക ഗുണമാണ്. സ്രഷ്ടാവ് എന്ന പദം ചിലപ്പോൾ ആലങ്കാരികമായി ഉപയോഗിക്കാറുണ്ട്. ഇവിടെ അതല്ല പ്രതിപാദ്യം. ആധുനിക ശാസ്ത്രം എന്തെങ്കിലും കണ്ടെത്തലുകളോ ആവിഷ്ക്കാരങ്ങളോ നിർമിതികളോ നടത്തുമ്പോൾ ദൈവവുമായി താരതമ്യം ചെയ്ത് അതിന്റെ സ്രഷ്ടാവ് എന്ന സ്ഥാനം ചിലർ ശാസ്ത്രത്തിന് ചാർത്താറുണ്ട്. സ്രഷ്ടാവ് എന്ന ദൈവവിശേഷണത്തിലെ അപരിമേയമായ ഉള്ളടക്കത്തെ സംബന്ധിച്ചും അതിന്റെ ദൈവശാസ്ത്രപരമായ വിവക്ഷയെ സംബന്ധിച്ചും ധാരണയില്ലാത്ത ദൈവനിഷേധ പ്രവണതയുള്ള അൽപ്പബുദ്ധികളുടെ അഹങ്കാര പ്രകടനം എന്നല്ലാതെ അതിനെ കുറിച്ചൊന്നും പറയാനില്ല. ശാസ്ത്രത്തിന്റെ ധൈഷണിക മണ്ഡലമടക്കം മനുഷ്യസമൂഹം ആസകലം മാത്രമല്ല ഈ പ്രപഞ്ചം മുഴുക്കെയും ദൈവത്തിന്റെ സൃഷ്ടിയും ദൈവസഹായത്തിന്റെ നിസ്സഹായരായ ഗുണഭോക്താക്കളുമാണ് എന്നതാണ് വാസ്തവം. അല്ലാഹു സ്രഷ്ടാവാണ് എന്നതിലേക്ക് യുക്തിസഹവും അനിഷേധ്യവുമായ തെളിവുകൾ വിശുദ്ധ ഖുർആൻ മുന്നോട്ട് വെക്കുന്നു. അതിൽ മൂന്നെണ്ണം ഇവയാണ്.

**'അല്ലാഹു സർവ വസ്തുക്കളുടെയും സ്രഷ്ടാവാണ്. അവൻ സകല വസ്തുക്കളുടെയും കാര്യനിർവാഹകനുമാണ്.' (39:24)**

സ്രഷ്ടാവായിരിക്കാൻ വേണ്ട ഒരു ഗുണമാണ് വിശുദ്ധ ഖുർആൻ ഇവിടെ ചൂണ്ടിക്കാട്ടുന്നത്. അതായത് സകലവസ്തുക്കളുടേയും സൃഷ്ടായിരിക്കുക എന്നത്. സുദീർഘമായ പ്രപഞ്ച പരിണാമചരിത്രത്തിൽ മനുഷ്യൻ തന്നെ ഒരു ഘട്ടത്തിൽ ആവിർഭവിച്ച കേവലം സൃഷ്ടിയാണ് എന്നിരിക്കെ, മനുഷ്യന് പ്രപഞ്ചത്തിലെ സർവ വസ്തുക്കളുടെയും സ്രഷ്ടാവാകാൻ എങ്ങനെ കഴിയും? സൃഷ്ടി നടത്തുന്നു എന്ന് അവകാശപ്പെടുന്ന ശാസ്ത്രം പ്രപഞ്ചത്തിൽ നിലവിലുള്ള നിയമ പ്രകാരം പ്രവർത്തിക്കുന്ന വസ്തുക്കളും പ്രതിഭാസങ്ങളും അവയിൽ നിന്ന് ലഭിക്കുന്ന ജ്ഞാനവും പ്രയോജനപ്പെടുത്തി ഉൽപ്പാദനവും നിർമാണവും നടത്തുക മാത്രമാണ് ചെയ്യുന്നത്. അതിന്നാധാരമായ വസ്തുക്കൾ പ്രകൃതി അവന് നൽകിയ ദാനമാണ്. അവൻ തന്നെയും കേവലം ഒരു സൃഷ്ടിയാണല്ലോ? അങ്ങനെ പൂർണമായും ആശ്രിതനായികൊണ്ട് എന്തെങ്കിലും നിർമിക്കുന്ന മനുഷ്യൻ എങ്ങനെ സ്രഷ്ടാവാകും?

രണ്ടാമതായി, അല്ലാഹു മുൻമാതൃകകളില്ലാതെ സൃഷ്ടി നടത്തുന്നവൻ (ബദീഅ്) ആണ്. ഇങ്ങനെ സൃഷ്ടി നടത്താൻ മനുഷ്യന് സാദ്ധ്യമല്ല. അല്ലാഹു ഖുർആനിൽ പറയുന്നു:

**മുൻമാതൃകകളില്ലാതെ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനാനത്രെ അവൻ. ഒരു കാര്യം അവൻ തീരുമാനിച്ചുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച് 'ഉണ്ടാവുക' എന്ന് മാത്രം അവൻ പറയുന്നു അപ്പോൾ അത് ഉണ്ടാകുന്നു' (2:118)**

ദൈവം മുൻ മാതൃക അനുകരിക്കുന്നവനോ അത് നോക്കി സൃഷ്ടിനടത്തുന്നവനോ അല്ല. മനുഷ്യന്റെ നിർമാണത്തിനോ സൃഷ്ടിക്കോ മുൻ മാതൃക ആവശ്യമാണ്. മനുഷ്യന് ഒരു ആവശ്യം നേരിടുകയും ഒരു മുൻമാതൃക അവൻ ദർശിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഒരു സൃഷ്ടിയോ രചനയോ നടത്താനുള്ള ആശയം അവനിൽ സംജാതമാവുകയുള്ളു. അതായത് ദൈവം സൃഷ്ടിച്ച പ്രകൃതിയിലെ വസ്തുക്കളുടേയും പ്രതിഭാസങ്ങളുടെയും അനുകരണമാണ് ഇതപര്യന്തമുള്ള മനുഷ്യന്റെ നിർമിതികളിലും സൃഷ്ടികളിലും രചനയിലും ആകെ മുഴച്ചു നിൽക്കുന്നത്. അങ്ങനെയുള്ള മനുഷ്യൻ എങ്ങനെ ദൈവത്തിന് സമാനനായ സ്രഷ്ടാവാകും?.

മൂന്നാമതായി ദൈവം ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടിക്കുന്നവനാണ്. വിശുദ്ധ ഖുർആൻ പറയുന്നു. **'അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു.' (59:25) 'മുൻമാതൃകകളില്ലാതെ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനാനത്രെ അവൻ. ഒരു കാര്യം അവൻ തീരുമാനിച്ചുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച് 'ഉണ്ടാവുക' (കുൻ ഫയക്കൂൻ )എന്ന് മാത്രം അവൻ പറയുന്നു. അപ്പോൾ അത് ഉണ്ടാകുന്നു.' (2:118)**

സൃഷ്ടിക്ക് മുമ്പ് ഒന്നുമില്ലാത്ത അവസ്ഥയായിരുന്നു. കാലം പ്രപഞ്ചവസ്തുവിന്റെ ഒരു ഭൗതിക മാനം മാത്രമാണെന്നും അവ അനന്തമല്ലെന്നും അതിരുകളുള്ളതാണെന്നും, സ്ഥലവും കാലവും ഒരു പ്രത്യേക ബിന്ദുവിൽ വെച്ച് സൃഷ്ടിക്കപ്പെട്ടതാണെന്നും ആധുനിക ശാസ്ത്രം പറയുന്നു. അപ്പോൾ പ്രപഞ്ചത്തിന്റെ ആവിർഭാവത്തിന് മുമ്പ് ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നും വിസ്മയകരാം വിധം അഭികൽപന ചെയ്യപ്പെട്ട ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിസാകല്യം ദൈവത്തിനല്ലാതെ മറ്റാർക്കെങ്കില്ലും നിർവഹിക്കാൻ സാദ്ധ്യമല്ല. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു.

**'അത്കൊണ്ട് വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് നാം അല്ലാഹുവിന് അധീനപെട്ടവരാണ്. അവനിൽ നിന്ന് യാതൊന്നും അവകാശപ്പെടാനുള്ള അധികാരം നമുക്കില്ല. നമുക്ക് തിരിച്ചേൽപ്പിക്കേണ്ടതായ യാതൊരു ഉത്തരവാദിത്വവും അവൻ വഹിക്കുന്നുമില്ല. ഈ അവസ്ഥയിൽ നമുക്ക് ദൈവത്തെ 'നീതിനിർവാഹകൻ ' എന്ന് വിളിക്കാൻ സാദ്ധ്യമല്ല. നമ്മുടെ കരങ്ങൾ തികച്ചും ശൂന്യങ്ങളായിരിക്കെ അവനെ നമുക്ക് 'റഹിം'( പരമകാരുണികൻ) എന്ന് വിളിക്കാം. അവനെ നീതിനിർവാഹകൻ എന്ന് വിളിക്കുമ്പോൾ അവനെതിരായി നമുക്ക് എന്തെങ്കിലും അവകാശമുണ്ട് എന്ന ധ്വനി വരും. അത്തരത്തിലുള്ള എന്തെങ്കിലും ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ അവൻ പരാജയപ്പെട്ടാൻ അവനിൽ കൃത്യവിലോപം ആരോപിക്കപ്പെടുകയും ചെയ്തേക്കാം.' (ചശ്മെ മഅ്രിഫ. റൂ.ഖ. വാല്യം 23, പേ, 26)**



# ദൈവത്തിന്റെ സൃഷ്ടിയും അവന്റെ കല്പനയും തമ്മിലുള്ള വ്യതിരിക്തത

ചിന്തകളുടെയും നിരീക്ഷണങ്ങളുടെയും ഫലമായി മനുഷ്യ ഹൃദയങ്ങളിൽ നന്മതിന്മകളുടെ ഉപായങ്ങളും അവയെ സംബന്ധിച്ച് സൂക്ഷ്മ ജ്ഞാനങ്ങളും വഞ്ചനയുടെയും തട്ടിപ്പിന്റെയും വിവിധങ്ങളായ കാര്യങ്ങളുമെല്ലാം ഉദ്ഭവിക്കുന്നത് ആരിൽ നിന്നാണ്? എവിടെ നിന്നാണ്? എന്തുകൊണ്ട് മനുഷ്യൻ ഒരു കാര്യത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നവന് ഉദ്ദേശിച്ച കാര്യത്തിന് പരിഹാരംലഭിക്കുന്നു? എന്നൊക്കെയുള്ള സംശയങ്ങൾ ആരെയെങ്കിലും ഗ്രസിച്ചിട്ടുണ്ടെങ്കിൽ എനിക്കവരോട് പറയുവാനുള്ളത് ആ ചിന്തകളെല്ലാം തന്നെ അല്ലാഹുവിന്റെ സൃഷ്ടിയാണ്; അവന്റെ കല്പനയല്ല എന്നാണ്. അവന്റെ സൃഷ്ടിയും കല്പനയും തമ്മിൽ സൂക്ഷ്മമായ ഒരു വ്യത്യാസമുണ്ട്. ദൈവം ഭൗതിക മാർഗേണ ഒരു വസ്തുവിനെ സൃഷ്ടിച്ച് ആ വസ്തുവിന്റെ ആദികാരണമായി അവനെ തന്നെ ബന്ധപ്പെടുത്തുന്നു. ഇതാണ് സൃഷ്ടി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഭൗതികമായ ഉപാധികളുടെ ഇടപെടലുകൾ ഒന്നുമില്ലാതെ ദൈവത്തിൽ നിന്ന് നേരിട്ട് വെളിപ്പെടുന്നതാണ് കല്പന. ആയതിനാൽ സർവ ശക്തനായ ദൈവത്തിൽ നിന്നിറങ്ങുന്ന വെളിപാടുകളും കല്പനയുടെ ലോകത്ത് നിന്നാണ്; സൃഷ്ടിയുടെലോകത്തു നിന്നല്ല. മനുഷ്യൻ ചിന്തിക്കുമ്പോഴും നിരീക്ഷിക്കുമ്പോഴും അവന്റെ മനസ്സിൽ ഉരുവം കൊള്ളുന്ന ചിന്തകളെല്ലാം മാർഗോപാധികളുടെ മറയ്ക്കു പിന്നിൽ പ്രവർത്തിക്കുന്ന ദിവ്യശക്തിയുടെ സൃഷ്ടി ലോകത്തു നിന്നുള്ളതാണ്.

പലവിധ കഴിവുകളോടും ശക്തികളോടും കൂടിയാണ് ദൈവം മനുഷ്യനെ സൃഷ്ടി ച്ചിരിക്കുന്നത്. മനുഷ്യൻ തന്റെ ചിന്തയെ നല്ലതോ ചീത്തയോ ആയ കാര്യങ്ങൾക്കായി വിനിയോഗിക്കുമ്പോൾ അതിനനുസരിച്ച പദ്ധതികളും അവന്റെ മുന്നിൽ തെളിയുന്നു എന്ന പ്രത്യേകതയും അവനുണ്ട്.കണ്ണു തുറക്കുമ്പോൾ കാണുകയും കാതോർക്കുമ്പോൾ കേൾക്കുകയും ചെയ്യുന്നുവെന്നത് പ്രകൃതിനിയമമാണ്. ഇതേപോലെ നല്ലതോ ചീത്തയോ ആയ ഏതെങ്കിലും കാര്യത്തിൽ വിജയമാർഗത്തിനായി ചിന്തിക്കുന്ന വ്യക്തിയുടെ മുന്നിലും എന്തെങ്കിലും പദ്ധതികൾ തെളിഞ്ഞു വരുന്നു. സദ്വൃത്തൻ സന്മാർഗത്തിൽ ചിന്തിച്ച് സത്കർമങ്ങൾ ചെയ്യുന്നു. കള്ളൻ കൊള്ളയടിക്കാനുള്ള മാർഗങ്ങൾ ആലോചിച്ച് അതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നു. സൂക്ഷ്മവും വഞ്ചനാത്മകവുമായ പൈശാചിക കൃത്യങ്ങളെക്കുറിച്ച് മനുഷ്യൻ ചിന്തിക്കുന്നതുപോലെത്തന്നെ ആ കഴിവുകളെ അവൻ സന്മാർഗത്തിൽ വിനിയോഗിക്കുകയാണെങ്കിൽ സത്കർമങ്ങളെക്കുറിച്ച് ഒന്നാംതരം ചിന്തകളും അവന് കൈവരും.അവന്റെ ചീത്ത ചിന്തകളെ സംബന്ധിച്ച് ,അതെത്ര തന്നെ ഗഹനവും സ്വാധീനശക്തിയുള്ളതായാലും ശരി, അവ ദൈവിക വചനങ്ങളല്ലെന്ന് പറയപ്പെടാവുന്നതു പോലെ നല്ലതാണെന്ന് അവൻ വിചാരിക്കുന്ന അവന്റെ ചിന്തകളും ദൈവിക വചനങ്ങളല്ല. ചുരുക്കത്തിൽ, സദ്ജനങ്ങൾക്കുണ്ടാകുന്ന നല്ല ചിന്തകളും നിരീക്ഷണത്തിന്റെയും ഗാഢചിന്തയുടെയും ഫലമായി കള്ളന്മാർക്കും കൊള്ളക്കാർക്കും കൊലപാതകികൾക്കും വ്യഭിചാരികൾക്കും വഞ്ചകന്മാർക്കുമുണ്ടാകുന്ന ചീത്ത ചിന്തകളുമെല്ലാം പ്രകൃതിഗുണങ്ങളുടെ ഫലമായുണ്ടാകുന്നതാണ്. ദൈവം എല്ലാ കാരണങ്ങളുടെയും ആദികാരണമായതുകൊണ്ടാണ് അവയെല്ലാം തന്നെ അല്ലാഹുവിന്റെ സൃഷ്ടി എന്നറിയപ്പെടുന്നത് (ഖൽഖുല്ലാഹ്);അല്ലാഹുവിന്റെ കല്പനഎന്നല്ല.ചില

ശേഷം പേജ് 33 ൽ



# ഡോ. മഹ്ദീ അലീ ബശീറുദ്ദീൻ ഖമർ ശഹീദ്

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാമസ്റൂർ അഹ്മദ് (അയ്യദഹു...) 2014 മെയ് 30 ന് മസ്ജിദ് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅഖുത്ബയുടെ സംഗ്രഹം

**അ**ഹ്മദിയ്യ ജമാഅത്ത് ഒരേ ചരടിൽ കൊരുത്തത്പോലെ അനു സരണ ബോധത്തോടെ വർത്തി ക്കുന്ന ജമാത്താണ്. ഈ ഐക്യ മാണ് ജമാഅത്തിന്റെ അഭിവൃദ്ധിക്ക് കാരണം. വിരോധികളുടെ ആക്രമണങ്ങൾക്കുള്ള മറുപടി നൽകുകയും ഇസ്‌ലാമിന്റെ മേൽ നടക്കുന്ന ആക്രമണങ്ങൾക്കും മറുപടി നല്കാനുള്ള ശക്തി നമ്മിൽ സന്നിവേശിപ്പിക്കുന്നതും ഈ ഐക്യമാണ്. പ്രാർഥനകളിലേക്കും തൗഹീദിന്റെ യാഥാർഥ്യം ഗ്രഹിക്കുന്നതിലേക്കും നമ്മുടെ ശ്രദ്ധയുണ്ടാകണം. അതു വഴിയാണ് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള അനുഗ്രഹ വാഗ്ദാനങ്ങളുടെ അനന്തരാവകാശികളായിതീരുന്നത്. പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും നാം അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക. ഭൗതിക രീതിയിലുള്ള പ്രതിഷേധപ്രകടനങ്ങളുമായി നമുക്ക് ബന്ധമൊന്നുമില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതിനും പ്രയാസങ്ങളിൽനിന്ന് മോചനം നേടുന്നതിനും സമാധാനത്തിലേക്ക് വരുന്നവർക്കും വേണ്ടി ദുആ ചെയ്യുക. ദുആയാണ് നമ്മുടെ യഥാർഥ ആയുധം. ഇതിനെ സമ്പൂർണമായ നിലയിലും സ്ഥൈര്യത്തോടെയും നമുക്ക് ആശ്രയിക്കാവുന്നതാണ്. പ്രാർഥന എന്ന ആയുധം ഉപേക്ഷിച്ചുകൊണ്ട് നാം ചെറിയതും താൽക്കാലികവുമായ ഉപാദികളിലേക്ക് തിരിയുക യാണെങ്കിൽ ഒരിക്കലും നമുക്ക് വിജയം ലഭിക്കില്ല. അമ്പിയാക്കന്മാർക്ക് വിജയം ലഭിച്ചത് ഈ പ്രാർഥനകളിലൂടെ മാത്രമാണെന്ന് നമുക്ക് കാണാൻ കഴിയുന്നു. ഇസ്‌ലാമിന്റെ ചരിത്രം നോക്കൂ. നബി(സ)തിരുമേനിയുടേയും ഖിലാഫത്തെ റാശിദായുടേയും ചരിത്രം നോക്കിയാൽ ഭൗതികശക്തികൊണ്ടല്ല അല്ലാഹുവിന്റെ അനുഗ്രഹങ്ങൾകൊണ്ടാണ് വിജയിച്ചതെന്ന് കാണാം. വിജയ വാഗ്ദാനങ്ങൾ ഉണ്ടായിട്ടും ഇസ്‌ലാമിൽ ബലിദാനികൾ ഉണ്ടായിട്ടുണ്ട് എന്ന് നാം വിസ്മരിച്ചുകൂട. ആരാധനകളുടെ നിലവാരവും ഉയർത്തേണ്ടിവന്നു. അല്ലാഹു പറയുന്നു, **ഫസല്ലി ലി റബ്ബിക്ക വൻഹർ** (108:3) 'അതുകൊണ്ട് നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ബലികളർപിക്കുകയും ചെയ്യുക.' പിന്നീട് ഈ ആരാധനയും ബലികളും, നിങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാക്കും. ദീർഘ കാലത്തെ പ്രയാസങ്ങളും ഞെരുക്കങ്ങളും പരീക്ഷണങ്ങളും മനുഷ്യനെ അസ്വസ്ഥനാക്കുന്നു. ദൈവദൂതനും സത്യവിശ്വാസികളും പോലും **മത്താ നസ്റുല്ലാഹ്** - അല്ലാഹുവിന്റെ സഹായം എപ്പോഴാണുണ്ടാകുക എന്ന് നിലവിളിച്ചുകൊണ്ട് ചോദിക്കും. അസ്വസ്ഥമായിക്കൊണ്ട് അവരുടെ ഹൃദയങ്ങളിൽനിന്നുയരുന്ന ശബ്ദമാണിത്. നിരാശകൊണ്ടല്ല. എന്നല്ല അല്ലാഹുവിന്റെ കാരുണ്യത്തെ ഉത്തേജിപ്പിക്കുന്നതിനും അവന്റെ അനുഗ്രഹലബ്ധിക്കും പൂർണമായ ആശ്രിതത്വത്തിനും വേണ്ടി പ്രാർഥനകളെ അതിന്റെ പാരമ്യതയിലെത്തിക്കുക. ത്യാഗങ്ങളുടെ നിലവാരം ഉയർത്തുക.

അപ്പോൾ അല്ലാഹുവിന്റെ പ്രതികരണമുണ്ടാകുന്നു. **അലാഇന്ന നസ്റല്ലാഹി ഖരീബ്** (2:215) 'കേട്ടു കൊള്ളുവിൻ! തീർച്ചയായും അല്ലാഹുവിന്റെ സഹായം അടുത്തെത്തിയിരിക്കുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടും വെളിപാടിലൂടെ പറയപ്പെട്ടത് ഇതുതന്നെയാണ്. പിന്നീട് ഇതിന് സാക്ഷാത്ക്കാരമുണ്ടാകുകയും ചെയ്തു. നാമും വിവിധ സന്ദർഭങ്ങളിൽ ഈ ദൃശ്യങ്ങൾ കണ്ടിട്ടുള്ളതാണ്. കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇൻശാ അല്ലാഹ് ഇനിയും കണ്ടു കൊണ്ടിരിക്കും.

അല്ലാഹു പറയുന്നു: **'പറയുക. വിഷമത്തിൽ അകപ്പെട്ട ഒരു നിസ്സഹായകന്റെ കാര്യം കേൾക്കുന്നവൻ ആരാണ്? അവൻ തന്റെ രക്ഷിതാവിനോട് പ്രാർഥിക്കുകയും അവന്റെ വിഷമങ്ങൾ അകറ്റുകയും, ഒരു ദിവസം നിങ്ങളെ മുഴുവൻ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുമ്പോൾ. ആ സർവശക്തനായ അല്ലാഹുവിനു പുറമെ മറ്റുവല്ല ദൈവവുമുണ്ടോ? നിങ്ങൾ ഒട്ടും ഉപദേശം കരസ്ഥമാക്കുന്നില്ല.'** ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഓർമിക്കുക, അല്ലാഹു ആരേയും ആശ്രയിക്കാത്തവനാണ്. അധികമധികമായും ആവർത്തിച്ചാവർത്തിച്ചും ഹൃദയമലിഞ്ഞ് പ്രാർഥിക്കാത്തിടത്തോളം അവൻ ഗൗനിക്കുകയില്ല. നോക്കുക! ആരുടെയെങ്കിലും ഭാര്യ അല്ലെങ്കിൽ മകൻ രോഗിയായാൽ അല്ലെങ്കിൽ ഊരാൻ പറ്റാത്ത ഏതെങ്കിലും കേസിൽ കുടുങ്ങിയാൽ എത്രമാത്രം അസ്വസ്ഥതയാണ് അയാൾക്കുണ്ടാകുന്നത്. സത്യമായ തിളപ്പും അസ്വസ്ഥതയുടെ അവസ്ഥയും പ്രാർഥനയിലും ഉണ്ടാകാത്തിടത്തോളം അത് നിഷ്ഫലവും നിരർഥവുമായ പ്രവൃത്തിയാണ്. ദുആ സ്വീകരിക്കപ്പെടാൻ അസ്വസ്ഥതയുണ്ടാകണമെന്നത് നിബന്ധനയാണ്. **അമ്മയ്യുജീബുൽമുള്ത്വർറ ഇദാ ദആഹു വയക്ശിഫ്ഫുസ്സൂഅ** എന്ന് പറഞ്ഞതുപോലെതന്നെ.'

അതുകൊണ്ട് സ്ഥിരമായി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ട സുപ്രധാനമായ ചില ദുആകൾ ഞാൻ പറയാം. അതോടൊപ്പം നമ്മുടെ നമസ്കാരങ്ങളെയും, ആരാധനകളെയും ഭംഗിയായും കൃത്യമായും അനുഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് ദുആകളുടേയും ഉപാധികൾ നിറവേറ്റാൻ സാധിക്കുന്നത്. അവയിൽ ആദ്യത്തേത് സൂറ ഫാതിഹയാണ്. അത് നിരവധി തവണ ഓതേണ്ടതാണ്. നമസ്കാരത്തിൽ ചൊല്ലാറുള്ള സ്വലാത്തും കൂടുതൽ കൂടുതൽ ആവർ ത്തിച്ചുകൊണ്ടിരിക്കണം. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇൽഹാമിലൂടെ അല്ലാഹു പഠിപ്പിച്ച ദുആകളാണ്. **സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്.** ഇത് അധികമായിട്ട് ചൊല്ലുക. ഒരു ഹദീസിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബൂ ഹുറയ്റ(റ)നിവേദനം: നബി (സ)തിരുമേനി പറഞ്ഞു, 'നാവുകൊണ്ട് ഉച്ചരിക്കാൻ പ്രയാസം കുറഞ്ഞതും ത്രാസിൽ ഘനം കൂടിയതും റഹ്മാനായ അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ടതുമായ രണ്ടു വചനമുണ്ട്. അത് **സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം** എന്നതാകുന്നു. അല്ലാഹുവിന്റെ പരിശുദ്ധതയേയും അവന്റെ മഹത്വത്തേയും ഞാൻ പ്രകീർത്തനം ചെയ്തുകൊള്ളുന്നു. മഹാനായ അല്ലാഹു പരിശുദ്ധനാകുന്നു) നബി(സ)തിരുമേനി പറഞ്ഞു, ഇത് റഹ്മാനായ അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ടതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യത്തെ ഉത്തേജിപ്പിക്കുന്നതിനു വേണ്ടി ഈ ദുആയും വളരെ അത്യാവശ്യമാണ്.

പിന്നീടു പറഞ്ഞ ദുആ ഇതായിരുന്നു. ഇത് എപ്പോഴും ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. **റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ്ഹദയ്ത്തനാ വ ഹബ്ലനാ മിൻല്ലദുൻക റഹ്മ ഇന്നക്ക അൻതൽവഹ്ഹാബ്** (3:9)ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ. നീ ഞങ്ങൾക്ക് നിന്റെ അടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്.

ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേർപാടിനുശേഷം സ്വപ്നം കണ്ടിരുന്നു. അപ്പോൾ **റബ്ബനാ ലാ തുസിഗ് ഖുലൂബനാ** എന്ന ദുആ അധികമായി ചൊല്ലാൻ ആ മഹാത്മാവ് താക്കീതുചെയ്ത് പറയുകയുണ്ടായി. ഹദ്റത്ത് മുബാറക്ക ബീഗം സാഹിബ ഈ സ്വപ്നം ഹദ്റത്ത് ഖലീഫ ഔവ്വൽ(റ)നെ കേൾപ്പിച്ചപ്പോൾ ആ മഹാത്മാവ് പറഞ്ഞു, "ഇനി ഒരിക്കലും ഞാൻ അത് ചൊല്ലാതിരിക്കുകയില്ല. അധികമായിട്ട് അത് ചൊല്ലുന്നതാണ്.' ഇങ്ങനേയും പറഞ്ഞു,'വിശ്വാസത്തിന്റെ ദൃഢതയ്ക്കുവേണ്ടി ഇതിൽ ദുആ ഉള്ളതുപോലെതന്നെ ഈ ദുആ ഖിലാഫത്തിന്റെ പാരമ്പര്യവുമായി ചേർന്നിരിക്കുന്നതിനുള്ള വളരെ വലിയ ദുആയുംകൂടിയാണ്.'

പിന്നീട് ഒരു ദുആ. **റബ്ബനാ അഫ്രിഗ് അലയ്നാ സബ്റൻ വസബ്ബിത് അഖ്ദാമനാ വൻസുർനാ അലൽ കൗമിൽ കാഫിരീൻ** (2:251) 'ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു നീ സഹനശക്തി ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തുകയും അവിശ്വാസികൾക്കെതിരായി ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.'

പിന്നീടുള്ള ദുആയാണ്, **അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം.** നബി(സ)തിരുമേനി ഏതെങ്കിലും ജനതയിൽ നിന്ന് എന്തെങ്കിലും അപായമുണ്ടെന്ന് കണ്ടാൽ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു **അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം.** 'അല്ലാഹുവേ! അവരുടെ ജീവിതപരമ്പര മുറിഞ്ഞുപോകുകയും ഞങ്ങൾ അവരുടെ ദോഷപ്രവർത്തനങ്ങളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും വിധം നീ തന്നെ അവരുടെമേൽ ആക്രമണം നടത്തിയാലും. ഈ

ദ്രോഹികളുടേയും കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരുടേയും അക്രമികളുടേയും ശക്തിയെ ഉടയ്ക്കുന്നവൻ നീ മാത്രമാണ്. അതുകൊണ്ട് അവരെ നശിപ്പിക്കുകയും ഞങ്ങളെ അവരുടെ ദ്രോഹങ്ങളിൽനിന്ന് നിന്റെ അഭയമരുളുകയും ചെയ്താലും.'

**അസ്തഗ്ഫിറുല്ലാഹ റബ്ബീ മിൻകുല്ലി ദമ്പിൻ വ അതൂബു ഇലയ്ഹി** എന്ന ദുആയും ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറഞ്ഞ **റബ്ബി കുല്ലു ശയ് ഇൻ ഖാദി മുക്ക റബ്ബി ഫഹ്ഫള്ന വൻസുർ നീ വർഹംനീ** എന്ന ദുആയും ധാരാളമായി ചൊല്ലിക്കൊണ്ടിരിക്കുക. പന്നീട് ഈ ദുആയും അതിൽ ഉൾപ്പെടുത്തുക **റബ്ബന ഗ്ഫിർലനാ ദുനൂബനാ വ ഇസ്റാഫനാ ഫീ അംരിനാ വ സബ്ബിത് അഖ്ദാമനാ വൻസുർനാ അലൽഖൗമിൽ കാ ഫിരീൻ** (3:158) 'ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.'

ഇതിനു പുറമെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുണ്ടായ ഒരു ദുആയുണ്ട്. അത് ചൊല്ലേണ്ടത് വളരെ അത്യാവശ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എന്റെ ജമാഅത്തിനും പിന്നീട് ഖാദിയാനും വേണ്ടി ദുആ ചെയ്യുകയായിരുന്നു. അപ്പോൾ ഇൽഹാമുണ്ടായി, ജീവിതത്തിന്റെ ഫാഷനിലൂടെ ദൂരെപ്പോയി കിടക്കുകയാണ്. **ഫസഹ്ഹിഖ്ഹും തസ്ഹീഖാ** അവരെ പൊടിപൊടിയാക്കിയാലും. നല്ലവണ്ണം പൊടിപൊടിയാക്കിയാലും. പറഞ്ഞു, ഈ പൊടിപൊടിയാക്കുന്നതിനെ ഞാനുമായി ബന്ധപ്പെടുത്തിയതെന്തിനെന്ന് എന്റെ മനസ്സിൽ തോന്നിച്ചു. ഇത്രയുമായപ്പോൾ ഒരു വർഷമായി ബയ്ത്തു ദ്ദുആയിൽ എഴുതിയിട്ടുള്ള ദുആയിൽ എന്റെ ദൃഷ്ടി പതിഞ്ഞു. ആ ദുആ ഇതാ ണ്: **യാ റബ്ബി ഫസ്മഅ് ദുആഈ വ മസ്സിഖ് അഅ്ദാഅക്ക വഅഅ്ദാഈ വ അൻജിസ് വഅ ദക്ക വൻസുർ അബ്ദക്ക വ അറിനാ അയ്യാമക്ക വ ശഹ്ഹിർ ലനാ ഹുസാമക്ക വലാ തദർ മിനൽ കാഫിരീന ശരീറാ** 'എന്റെ റബ്ബേ! നീ എന്റെ പ്രാർഥന കേട്ടാലും. നിന്റെ ശത്രുവിനേയും എന്റെ ശത്രുവിനേയും തുണ്ടംതുണ്ടമാക്കിയാലും. നിന്റെ വാഗ്ദാനം പൂർത്തിയാക്കിയാലും. നിന്റെ ദാസനെ സഹായിച്ചാലും. ഞങ്ങളെ നിന്റെ ദിനങ്ങൾ കാണിച്ചാലും. ഞങ്ങൾക്കുവേണ്ടി നിന്റെ വാൾ കൈയിലെടുത്താലും. നിഷേധികളിൽനിന്ന് ഒരു ദ്രോഹിയേയും നീ ബാക്കിവെച്ചേക്കരുതേ'. ഈ ദുആകളിലേക്ക് അധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

ഇനി ഞാൻ ഇന്ന് ചൗദരീ ഫർസന്ദ് അലി സാഹിബിന്റെ മകൻ പ്രിയങ്കരനും നിരവധി സൽഗുണങ്ങളുടെ ഉടമയുമായ ഡോ. മഹ്ദി അലിയെ സ്മരിക്കുന്നതാണ്. അദ്ദേഹം മെയ് 26-ാം തിയതി റബ്വയിൽ ശഹീദാക്കപ്പെട്ടു. ബിഹിശ്തി മഖ്ബറയിലേക്ക് പോകുമ്പോൾ മോട്ടർ സൈക്കിളിൽ വന്ന അജ്ഞാതരായ രണ്ടുപേർ വെടിവെച്ച് അദ്ദേഹത്തെ ശഹീദാക്കുകയായിരുന്നു. പതിനൊന്ന് വെടിയുണ്ടകളേറ്റ അദ്ദേഹം സംഭവസ്ഥലത്തുതന്നെ ശഹീദായി. ഡോക്ടർ സാഹിബിന്റെ പിതാവ് ചൗദരീ ഫർസന്ദ് അലി സാഹിബ് മുഖേന ഖലീഫത്തുൽമസീഹ് സാനി(റ)യുടെ കാലത്താണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. ചൗദരീ സാഹിബിന്റെ കുടുംബാംഗങ്ങളും ബയ്അത്ത് ചെയ്തു റബ്വയിലേക്ക് മാറി താമസിച്ചു. ഡോക്ടർ സാഹിബ് ശഹീദിന്റെ മാതാമഹൻ മാസ്റ്റർ ളിയാവുദ്ദീൻ സാഹിബ് നഗരവാസികളിൽ ആദ്യത്തെ ശഹീദായിരുന്നു. അദ്ദേഹം 1974-ൽ വെടിയേറ്റ് ശഹീദാകുകയായിരുന്നു.

ഡോക്ടർ സാഹിബ് ശഹീദ് 1963 സെപ്റ്റംബർ 23 ന് റബ്വയിൽ ജനിച്ചു. 'ഖമറുൽ അമ്പിയാ' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)ന്റെയും മുസ്ലിഹ് മൗഊദ് (റ)ന്റെയും പേര് ചേർത്താണ് തന്റെ പുത്രന്റെ പേരായി 'മഹ്ദീ അലീ ബശീറുദ്ദീൻ ഖമർ' എന്ന് വിളിച്ചത്. തഅ്ലീമുൽ ഇസ്ലാം സ്കൂളിലും കോളേജിലുമായിട്ടായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയത്. ഏറ്റവും ബുദ്ധിമാൻമാരും സമർഥരുമായ വിദ്യാർഥികളിൽ അദ്ദേഹം എണ്ണപ്പെടുന്നു. പിന്നീട് മെഡിക്കൽ വിദ്യാഭ്യാസ കാലത്ത് അഹ്മദി എന്ന കാരണത്താൽ വിദ്യാർഥികൾ അദ്ദേഹത്തെ എതിർത്തു. പുസ്തക ങ്ങളും പഠന സാമഗ്രികളും കത്തിച്ചു. അക്കാരണത്താൽ ഇടക്കാലത്ത് റബ്വയിൽ തിരിച്ചു വന്നു. അന്ത രീക്ഷം ഭേദമായപ്പോൾ വീണ്ടും പഠനം തുടർന്നു. എം. ബി. ബി. എസ്സിന്ന് ശേഷം 1989-മുതൽ 91-വരെ റബ്വയിലെ ഫള്ലെ ഉമർ ആശുപത്രിയിലെ സേവനത്തിന് ശേഷം തന്റെ മാതാവിനോടൊപ്പം കാനഡയിൽ താമസമാക്കി. അവിടെ മെഡിക്കൽ പരീക്ഷകൾ പാസ്സായതിനു ശേഷം ന്യൂയോർക്കിലെ ബ്രോക്ലാൻഡ് യൂണിവേഴ്സിറ്റിയിൽ കാർഡിയോളജിയിൽ സ്പെഷിലൈസേഷൻ ചെയ്തു. അമേരിക്കയിലെ 'കൊളംബസ് ഔഹായു' വിൽ സ്ഥിരതാമസമാക്കി. ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നതിനു ശേഷം ഞാൻ ഡോക്ടർമാരോട് പറഞ്ഞതനുസരിച്ച് ഇദ്ദേഹവും വഖ്ഫെ ആർസിയ്ക്കുവേണ്ടി വരാറുണ്ടായിരുന്നു. മൂന്നാം തവണയാണ് ഇപ്പോൾ വന്നത്. ജമാഅത്തിന്റെ വിവിധ മേഖലകളിൽ അദ്ദേഹം പ്രവർത്തിച്ചു. മൃദുസ്വഭാവത്തിന്റേയും രമ്യശീലത്തിന്റേയും സൗമ്യഭാവത്തിന്റേയും ഉടമയായിരുന്നു. എല്ലാവരുടേയും ദുഃഖങ്ങളിലും വിഷമങ്ങളിലും അദ്ദേഹം പങ്കാളിയായി. ആരോടും വഴക്കിടുകയോ കോപിക്കുകയോ ചെയ്തിരുന്നില്ല. അങ്ങേയറ്റം സൗമ്യമായ പെരുമാറ്റം കൊണ്ടും എല്ലാ തരത്തിലും സന്തോഷം നൽകിയും തെറ്റുകളെ അവഗണിക്കുകയും ചെയ്യുന്ന ഉത്തമനായ ഭർത്താവായിരുന്നു അദ്ദേഹം എന്ന് ഡോക്ടർ സാഹിബിന്റെ ഭാര്യ പറയുന്നു. വാത്സല്യനിധിയായ പിതാവായിരുന്ന

അദ്ദേഹം കുട്ടികളുടെ ശിക്ഷണകാര്യത്തിലും എപ്പോഴും ശ്രദ്ധിച്ചിരുന്നു. അങ്ങേയറ്റം വിനയാന്വിതനായിരുന്നു.' അവർ പറയുന്നു, ദേഷ്യപ്പെടാൻ പാടില്ല എന്ന് എന്നെ എപ്പോഴും ഉപദേശിക്കുമായിരുന്നു. വിനയവും എളിമയും ഒരുപാടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യാമാതാവ് പറഞ്ഞു: 'ഞാൻ അമേരിക്കയിൽ അഞ്ചു വർഷം അദ്ദേഹത്തിന്റെ അടുത്ത് താമസിച്ചു. ഒരിക്കലും ശബ്ദമുയർത്തി സംസാരിച്ചിട്ടില്ല. സ്വന്തം ഉമ്മയെപോലെ എന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അതിഥിസൽക്കാരം അദ്ദേഹത്തിന് വളരെ ഇഷ്ടമായിരുന്നു. അതിഥികളെ തന്റെ വീട്ടിൽ പാർപിക്കുകയും എയർ പോർട്ടിൽ നിന്ന് അതിഥികളെ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. ദരിദ്രരേയും ആവശ്യക്കാരേയും അകമഴിഞ്ഞ് സഹായിക്കുമായിരുന്നു. സാഹിത്യ രചനയിലും ശഹീദിന് താൽപര്യമുണ്ടായിരുന്നു. നല്ലൊരു കവിയുമായിരുന്നു. അദ്ദേഹത്തിന്റെ കവിതാസമാഹാരം 'ബർഗെ ഖയാൽ'എന്ന പേരിൽ പ്രസിദ്ധീകരണ ഘട്ടത്തിലാണുളളത്. കൈയക്ഷരകലയിലും (Calligraphy) മികവ് കാട്ടിയിരുന്നു. കൊളംബസ്സിലെ പളളി നിർമാണത്തിന് വൻതുകയാണ് നൽകിയത്. ഇതുപോലെതന്നെ തന്റെ പൈതൃക മഹല്ലായ റബ്വയുടെ പടിഞ്ഞാറുവശത്തുള്ള 'ദാറുർറഹ്മത്ത്' പള്ളിയ്ക്കുവേണ്ടിയും വലിയ തുക നല്കുകയുണ്ടായി. താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടിയും സംഭാവനകൾ നല്കുന്നതിൽ മുൻപന്തിയിലായിരുന്നു. ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യുന്ന തിൽ അദ്ദേഹത്തിന് ഒരു ഭ്രമമായിരുന്നു. ദീനീപരമായ വായനയും ദൈവാനുഗ്രഹത്താൽ മതിയാവോളമുണ്ടായിരുന്നു. യൂട്യൂബിൽ അനഹ്മദികൾക്കും ആക്ഷേപകർക്കും ഫലപ്രദമായ മറുപടി നല്കുന്നതിൽ വ്യാപൃതനായിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളിൽ ഭാര്യ, മുഹ്ത്തരമ വജീഹ മഹ്ദീയും മൂന്നു ആൺമക്കളുമുണ്ട്. അസീസം അബ്ദുല്ലാഹ് അലി അസീസം ഹാശിം അലി. അസീസം അശ്റഫ് അലി. അദ്ദേഹത്തിന്റെ മേൽ നിറയൊഴിക്കുന്ന സമയത്ത് ചെറിയകുട്ടി ഒപ്പമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ കവിതയെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു. 2014 മാർച്ച് 28 ന് അദ്ദേഹം അവസാനമായി രചിച്ച കവിതയിലെ രണ്ടു മൂന്നു വരികൾ ഇങ്ങനെയാണ്.

മൃത്യുവിൻ മുമ്പിൽ നാം പറയും

ജീവിതത്തിന് കരസ്ഥമാക്കാനുള്ള കാര്യങ്ങൾ

തുടച്ചുമാറ്റാൻ വല്ല അവകാശമുണ്ടോ യസീദിന്

ഇബ്നുബുത്തൂലിൻ കാര്യങ്ങൾ

സർവം നശിച്ചുപോകും-എന്നാൽ,

ബാക്കിയാകും അല്ലാഹ് റസൂലിന്റെ കാര്യങ്ങൾ

മറ്റൊരു കവിതയിലെ ഒരു വരി:

നിൻവഴിയിൽ ഇതുമാത്രമാണെൻ പ്രാർഥന

ഹാ! ഉപകരിച്ചിരുന്നെങ്കിൽ എന്തിനെങ്കിലും എൻ നിണം.

'നൂറെ ഇസ്തിഖിലാഫ്' എന്ന പേരിലെഴുതിയ ഒരു കവിതയിൽ പറയുന്നു:

ജീവിതത്തിൻ പഴച്ചാറ് കുടിപ്പിച്ചു കാരുണ്യത്തിൻ അവകാശി

ദാസൻ തന്റെ ഖിലാഫത്തിൽനിന്ന് ജീവിതപാരമ്പര്യവും

അസൂയയുണ്ട് ഇസ്തിഖിലാഫിന്റെ വചനത്തിൻ വെൺമയിൽ ആദിത്യനും പാൽനിലാവിനും

ഇബ്‌ലീസിന്റെ ശിങ്കിടികളിൻമേലാണ് ജീവിതാസ്തമയത്തിൻ അന്ധകാരം

നമ്മുടെ മുബല്ലിഗ് ഹാദീ അലി സാഹിബിന്റെ ഇളയ സഹോദരനാണ് ഡോക്ടർ സാഹിബ്. അദ്ദേഹം പറയുന്നു: 'അസാധാരണ മനുഷ്യനായിരുന്നു ഞങ്ങളുടെ സഹോദരൻ. അദ്ദേഹത്തിന്റെ വിയോഗം മുഴുവൻ കുടുംബത്തിനും വളരെ വലിയ ആഘാതമാണ് ഏല്പിച്ചിട്ടുളളത്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹമൊന്നുകൊണ്ടുമാത്രം ഞങ്ങളുടെ കുടുംബം അല്ലാഹുവിന്റെ തൃപ്തിയിൽ സത്യ ഹൃദയത്തോടെ തൃപ്തരും ക്ഷമിക്കുന്നവരും നന്ദികാണിക്കുന്നവരുമാണ്. മഹ്ദിഅലിയുടെ ഇമെയ്‌ലുകളിൽ **ഖൂലൂ ലിന്നാസി ഹസ്നാ** പോലുളള വാക്യങ്ങൾ ജനങ്ങളെഉണർത്തുന്നതിനായി എഴുതിയിട്ടുണ്ടായിരുന്നു.'

ഖിലാഫത്തിനോട് ഒരു ആസക്തപരമായ സ്നേഹമായിരുന്നു. 2012 -ൽ അമേരിക്കൻ പര്യടനവേളയിൽ ഞാൻ കൊളംമ്പസ്സിൽ പോയപ്പോൾ അദ്ദേഹം രാത്രിമുഴുവൻ ഉറക്കമിളച്ച് പ്രവർത്തനങ്ങളിൽ മുഴുകി. പിന്നീട് രാവിലെയും പ്രവർത്തന നിരതനായി. ചെലവുകളെല്ലാം സ്വന്തം തന്നെ വഹിക്കുകയും ചെയ്യും. ഉന്നതസ്ഥാനീയനായിട്ടും വളരെ വിനയാന്വിതനായിട്ടായിരുന്നു പെരുമാറ്റം.

സാധു സംരക്ഷണത്തിനായി അദ്ദേഹത്തിന്റെ ബാങ്ക് എക്കൗണ്ട് എനിക്കായി തുറന്നു തരുമായിരുന്നു. ഒരിക്കൽ വീട് നിർമാണത്തിന്ന് ഒരു ലക്ഷം രൂപ ഒരു പാവപ്പെട്ടയാൾക്ക് നൽകി. മെഡിസിന്ന് പഠിക്കുന്ന കുട്ടികളുടെ ചിലവ് വഹിക്കാൻ അദ്ദേഹം എന്നും താൽപര്യം കാട്ടിയിരുന്നു. ഡോക്ടർ സാഹിബ് തന്റെ സുഹൃത്ത് ഹാഫിള് അബ്ദുൽ ഖുദ്ദൂസ് സാഹിബിനോട് ഒരിക്കൽ പറഞ്ഞു. 'ഫള്‌ലെ ഉമർ ആശുപത്രിയിൽ ആരോരുമില്ലാത്ത ഒരു രോഗിക്ക് രക്തംവേണം. ഞാൻ ഒരു കുപ്പി കൊടുത്തു. ഒരു കുപ്പി താങ്കളും കൊടുക്കുക.'

ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി പണം ചിലവാക്കുന്നതിൽ അദ്ദേഹം അഭിമാനിച്ചിരുന്നു. അമേരിക്കയിൽ ജീവിക്കുന്ന ആളായിരുന്നിട്ടും ഇസ്‌ലാമികമായ രീതിയിലുള്ള ശിക്ഷണമാണ് അദ്ദേഹം മക്കൾക്ക് നൽകിയത്.

അദ്ദേഹത്തെ തലേന്ന് രാത്രി കണ്ട സുഹൃത്ത് പറയുന്നു, അമേരിക്കയിൽ നിന്നും കൊണ്ടുവന്ന ഒരു പുതിയ സ്റ്റെതസ്കോപ്പ് എനിക്കു തന്നു. രാത്രി വരെ ഞങ്ങൾ സംസാരിച്ചിരുന്നു. ഖുദാ ഹാഫിള് പറഞ്ഞ് യാത്രയാക്കി. കുറച്ചുമണിക്കൂറുകൾക്കുശേഷം രാവിലെ ബിഹിശ്തി മഖ്ബറയിൽ പോയി. അവിടെ വെച്ച് ശഹാദത്തിന്റെ മധുരപാനീയം അദ്ദേഹം കുടിക്കുകയാ

യിരുന്നു. 'ഡോൺ' പത്രത്തിന്റെ വെബ്സൈറ്റിൽ ഡോക്ടർ സാഹിബിന്റെ ശഹാദത്തിനെ തുടർന്ന് അഹ്മദിയ്യ ജമാഅത്തിന്നെതിരെയുള്ള എതിർപ്പിന്റെ പശ്ചാത്തലം വിവരിച്ചുകൊണ്ട് എഴുതുന്നു: 'ഡോക്ടർ മഹ്ദീ അലീ ഖമർ സാഹിബ് ഒരു സാധാരണ ഡോക്ടർ ആയിരുന്നില്ല. അദ്ദേഹം അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിൽനിന്ന് യംഗ് ഇൻവെസ്റ്റിഗേറ്ററിന്റെ അവാർഡ് കരസ്ഥമാക്കിയ വ്യക്തിയാണ്. 2003 ലും 2004 ലും അമേരിക്കയിലെ ഉന്നതരായ ഫിസിഷ്യന്മാരിൽ അദ്ദേഹം എണ്ണപ്പെട്ടു. അതിനു പുറമെ 2005, 2006, 2007 തുടർച്ചയായി മൂന്നു വർഷംവരേയും 2009, 2010. 2011, 2012 ൽ തുടർച്ചയായി നാലു വർഷംവരേയും അമേരിക്കയിലെ ഉന്നതരായ കാർഡിയോളജിസ്റ്റുകളിൽ അദ്ദേഹം എണ്ണപ്പെട്ടു. അദ്ദേഹത്തിന് അമേരിക്കൻ മെഡിക്കൽ അസോസിയേഷനിൽനിന്ന് ഫിസിഷൻ റെഗഗ്നേഷന്റേയും അവാർഡ് ലഭിച്ചു. ലേഖകൻ തുടരുന്നു: ഞാൻ ഇന്റർനെറ്റിൽ മഹ്ദീ സാഹിബിന്റെ ഒരു പ്രൊഫൈലിൽ മന്ദസ്മിതവദനനായിട്ടുള്ള അദ്ദേഹത്തിന്റെ ഒരു ഫോട്ടോ കണ്ടു. അതിനോടൊപ്പം അദ്ദേഹമെഴുതിയ ഈ വാക്കുകളുമുണ്ടായിരുന്നു: 'ഞാനുമായി ബന്ധപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് സഹായിയായിത്തീരുന്നതിനുവേണ്ടി തൊഴിൽപരമായ ഏറ്റവും ഉന്നത നിലവാരത്തെ നിലനിറുത്തിക്കൊണ്ട് രോഗിയ്ക്ക് ഉത്തമമായ ശുശ്രൂഷ നല്കുന്നതിൽ ദൃഢമായും വിശ്വസിക്കുന്നു. തൊഴിൽപരമായ ചുമതലകളെ സത്യസന്ധമായും വിശ്വസ്തതയോടേയും നിറവേറ്റുന്നതിന് ഞാൻ മുൻഗണന നല്കുന്നു.' തീർച്ചയായും സത്യസന്ധവും വിശ്വസ്തതയോടുകൂടി അദ്ദേഹം തന്റെ കടമ നിറവേറ്റി.' ലേഖകൻ എഴുതുന്നു: 'ഡോക്ടർ മഹ്ദീ അലീ ഖമർ! ഞാൻ ഖേദിക്കുന്നു. താങ്കളെ രക്ഷിക്കാൻ എനിക്കു കഴിഞ്ഞില്ല. പക്ഷേ, ഞാൻ ഈ അക്രമത്തിന്നെതിരെ ശബ്ദമുയർത്തിയിരുക്കുന്നു.'

പാകിസ്താൻ, അമേരിക്ക, ബ്രിട്ടൻ, കാനഡ തുടങ്ങി ലോകത്തിലെ 30 ഓളം പത്രങ്ങൾ അങ്ങേയറ്റം മൃഗീയമായ ഈ കൊലപാതകത്തേയും മനുഷ്യത്വരഹിതമായ പ്രവർത്തിയേയും ശക്തമായി അപലപിച്ചും ദശകങ്ങളായി അഹ്മദിയ്യാ ജമാഅത്തിനെതിനെ നടന്നു വരുന്ന പീഡനങ്ങളെപറ്റിയും പ്രവാചകത്വവാദത്തെ പറ്റിയും മസീഹ് വാദത്തെ പറ്റിയും വാർത്തകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതൊരു സമാധാനകാംക്ഷികളുടെ ജമാഅത്താണെന്നും ജിഹാദിന്റെ പേരിൽ അക്രമിക്കപ്പെട്ടവരെ കൊല്ലുന്ന നടപടിയെ അപലപിക്കുന്നവരാണെന്നും പറഞ്ഞിരിക്കുന്നു. ഇതുപോലെതന്നെ ചില പത്രങ്ങൾ ജമാഅത്തിന്റെ കാരുണ്യ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഇദ്ദേഹം ജീവൻ ബലിയർപിച്ചും പ്രബോധനത്തിന്റെ പുതിയ പുതിയ വഴികൾ തുറക്കുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെ ലോകത്തിന് ജമാഅത്തിനെ പരിചയപ്പെടുത്തി.

ലോകപ്രശസ്തമായ അമേരിക്കൻ പത്രം 'വാൾസ്ട്രീറ്റ് ജേർണലിന്റെ ലേഖകൻ ശഹാദത്തിന്റെ സംഭവവും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് വിവരണവും നൽകിയിരി ക്കുന്നു. ജമാഅത്തിന്നെതിരെ നടന്നുവരുന്ന അക്രമങ്ങൾ വിവരിച്ചതിനുശേഷം പാകിസ്താനിലെ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ ചെയർപേഴ്സന്റെ അപഗ്രഥനവും നല്കിയിരുക്കുന്നു. അതായത് പാകിസ്താനിൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളും അക്രമങ്ങൾക്ക് ഇരയാകുന്നുണ്ടെന്നത് ശരിയാണ്. എന്നാൽ, അഹ്മദിയ്യ ജമാഅത്ത് കഠിനതരമായ അക്രമങ്ങൾക്ക് ഇരയാണ്. പാകിസ്താനിലെ നിരവധി പ്രാദേശിക പത്രങ്ങൾ അഹ്മദികൾക്കെതിരെ പ്രകോപനപരമായ വാർത്തകൾ പ്രസിദ്ധീകരിച്ചു വരുന്നു. ക്രൈസ്തവ മതത്തിന്നെതിരെ അക്രമപരമായ എന്തെങ്കിലും സംഭവമുണ്ടായാൽ രാജ്യത്തിന്റെ പ്രധാനമന്ത്രി സ്വയം ഖേദം പ്രകടിപ്പിക്കുകയും അക്രമത്തിന്നിരയായവരെ കാണാൻ പോകുകയും ചെയ്യുന്നു. എന്നാൽ, അഹ്മദികൾക്കനുകൂലമായി എഴുന്നേറ്റു നില്ക്കാൻ ആരുമില്ല.

ഖലീഫത്തുൽ മസീഹ് പറഞ്ഞു: 'അഹ്മദികൾക്കുവേണ്ടി അല്ലാഹു എഴുന്നേറ്റു നില്ക്കുന്നു. ഇനിയും എഴുന്നേറ്റു നില്ക്കുന്നതാണ്.' ലേഖകൻ ശഹീദിന്റെ ഒരു സുഹൃത്ത്, ശൻതാനോ സിൻഹായുമായുള്ള അഭിമുഖവും പ്രസിദ്ധീകരിക്കുകയുണ്ടായി. ഡാക്ടർ സിൻഹാ ശഹീദിനെ സംബന്ധിച്ച് പറഞ്ഞു, 'ഞാൻ എന്റെ ജീവിതത്തിൽ അദ്ദേഹത്തെക്കാളധികം വിശ്വസ്തനും സൽസ്വഭാവിയുമായ ഒരു വ്യക്തിയേയും കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ ശരീരത്തിൽ ഉഗ്രവാദത്തിന്റെ ഒരു തരിപോലും ഉണ്ടായിരുന്നില്ല. ഒരുപാട് സൃഷ്ടിസേവനം ചെയ്യുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ഇങ്ങനെയുള്ള സംഭവങ്ങൾ തനിക്കുനേരേയും ഉണ്ടാകാമെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. എന്നിട്ടും സൃഷ്ടിസേവനത്തിനായി പാകിസ്താനിൽ പോയി. ഞാനാഗ്രഹിക്കുന്നത് മനുഷ്യരുടെ സേവനത്തിനായി പോയ അങ്ങേയറ്റം സൽസ്വഭാവിയായ ഒരു മനുഷ്യൻ എങ്ങനെ മൃഗീയമായ നിലയിൽ വധിക്കപ്പെട്ടു എന്ന് ജനങ്ങൾ മനസ്സിലാക്കണമെന്നാണ്.'

ഈ ശഹീദ് തന്റെ ജീവിതത്തിലും വിജയങ്ങൾ കണ്ടുകൊണ്ടിരിക്കുകയും ദൈവസൃഷ്ടികൾക്ക് സേവനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. അല്ലാഹുവിന്റെ പക്കൽ അനശ്വര ജീവിതം ലഭിക്കുന്ന മരണവും വരിച്ചു. അല്ലാഹു നമ്മുടെ ഈ പ്രിയപ്പെട്ട സഹോദരന് സ്വർഗത്തിൽ ഉന്നത പദവി നല്കുമാറാകട്ടെ. ഓരോ നിമിഷവും അദ്ദേഹത്തിന്റെ പദവി ഉയർന്നുകൊണ്ടിരിക്കുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ പാദത്തിങ്കൽ ഇടം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ കുടുംബത്തിന്നും ശാന്തിയുണ്ടാവട്ടെ. ഈ പ്രിയപ്പെട്ട ശഹീദ് റബ്വയുടെ മണ്ണിൽ തന്റെ ചോരയൊഴുക്കിക്കൊണ്ട് ദുആകളിലേക്കും ഉപായങ്ങളിലേക്കും നമ്മുടെ ശ്രദ്ധ തിരിച്ചുവിട്ടിരിക്കുന്നു. അതുകൊണ്ട് ഇക്കാ

രൃത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ലോകത്തെ മറ്റു അഹ്മദികളും പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. കാരണം അവർ ഇപ്പോൾ അങ്ങേയറ്റം അസഹ്യമായ പരിതഃസ്ഥിതിയിലാണ് ജീവിക്കുന്നത്. ഈ അവസ്ഥകൾ ഇപ്പോൾ കഠിനമായിക്കൊണ്ടു പോകുകയാണ്.

കുറച്ചു ദിവസം മുമ്പേ ഹൈക്കോർട്ടിനുളളിൽ ഒരു സ്ത്രീയെ കല്ലെറിഞ്ഞ് കൊന്നു. നിത്യവും അവിടെ കൊലയും കൊളളയും നടന്നുവരികയാണ്. പാകിസ്താനിൽ നടക്കുന്ന ഓരോ അക്രമവും അല്ലാഹുവിന്റേയും മനുഷ്യോപകാരിയായ റസൂലിന്റേയും പേരിലാണ് നടക്കുന്നത്. മുഴുലോകത്തിനും കാരുണ്യമായ റസൂലിന്റെ പേരിലാണ് നടക്കുന്നത്. ഇക്കാര്യങ്ങൾ നമ്മുടെ ഹൃദയത്തെ മുറിവേൽപിക്കുന്നു. ഇനി ഇക്കൂട്ടർക്ക് അക്രമം ചെയ്തേപറ്റൂ എന്നാണെങ്കിൽ കുറഞ്ഞപക്ഷം അല്ലാഹുവിന്റേയും റസൂലിന്റേയും പേരിൽ ചെയ്യാതിരിക്കുക. മനുഷ്യോപകാരിയും ലോകത്തിന് കാരുണ്യവുമായ റസൂലിന്റെ പേരിൽ ചെയ്യാതിരിക്കുക. ഇസ്‌ലാമിന് ദുഷ്പേര് ഉണ്ടാക്കരുത്. പക്ഷേ, ഇക്കാര്യങ്ങൾ അവർക്ക് മനസ്സിലാകുന്നില്ല. എങ്ങോട്ടാണ് പോകുന്നതെന്നും ഇവരറിയുന്നില്ല. അല്ലാഹുവിന്റെ വിധി വീശിയടിക്കുമ്പോൾ -ഇൻശാ അല്ലാഹ് അത് വീശിയടിക്കുകതന്നെ ചെയ്യും -അവരുടെ പേര് എന്നല്ല അടയാളംപോലും ലോകത്തുണ്ടാകുകയില്ല. ഈ അക്രമം പ്രവർത്തിക്കുന്നവരും അവശേഷിക്കുകയില്ല. ഇവരുടെ പിന്നിൽ പ്രവർത്തിക്കുന്നവരും ബാക്കിയാകുകയില്ല. അതുകൊണ്ട് നാം ദുആ ചെയ്യേണ്ടതാണ്. അല്ലാഹു സാധാരണജനങ്ങളെ ഉലമാക്കളുടെ പിടിയിൽ നിന്ന് പുറത്തുകൊണ്ടുവരുമാറാകട്ടെ. അവർ യാഥാർ ഥ്യം മനസ്സിലാക്കുന്നവരായിത്തീരട്ടെ. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നവരായിമാറട്ടെ.

(വിവ. മൗലവി മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ)



# നോമ്പിന്റെ വെമ്പൽ

സി. കെ. കമറുദ്ദീൻ, വാണിയമ്പലം

അമ്പിളി വാനിൽ പിറന്നാൽ റമദാനിൽ
നോമ്പിനൊരുങ്ങുക സോദരരെ.

മുമ്പിലായെത്തണം ആത്മീയ ചിന്തയിൽ
നോമ്പുകാരേവരും സോദരരെ

കൊമ്പുകോർക്കാതെ കലഹം വെടിയണം
നോമ്പുകാരേവരും സോദരരെ.

വമ്പു കാണിക്കല്ലെ വീമ്പു പറയല്ലെ
നോമ്പുകാരേവരും സോദരരെ

അൻപുകാണിക്കേണം ഏഴകൾ തോഴരിൽ
നോമ്പുകാരേവരും സോദരരെ.

തമ്പുരാനേകനിൽ മെയ്യും മനസ്സാലെ
കുമ്പിട്ടു തേടണം സോദരരെ

തമ്പുരാനേകനിൽ സർവമർപ്പിക്കുവിൻ
നോമ്പുകാരേവരും സോദരരെ

ആയിരം മാസത്തിലേറെ പവിത്രമാം
നോമ്പിലെ നിർണിത പുണ്യരാവിൽ

ആത്മീയ പൂർണത നേടുവാൻ തേടുവിൻ
മാലാഖമാരവർ സാക്ഷിയേകും

പരിശുദ്ധ സൂക്തം ഇറങ്ങി റമദാനിൽ
ഓതുക നിത്യം വിശുദ്ധ ഖുർആൻ

ഖാത്തമുൽ അമ്പിയ ദൂതരിൽ നിത്യവും
ചൊല്ലൂ സ്വലാത്തുകൾ ഏറെ ഏറെ.



# ഭൂമിയിൽ മനുഷ്യന്റെ ഭാവി

**മനുഷ്യൻ ഭാവിയിൽ കൂടുതൽ സംവേദശക്തിയും ധൈഷണിക ശേഷിയും പുതിയതരം ശരീരഘടനയുമുള്ള ജീവിയായി രൂപാന്തരപ്പെടുമെന്നതിന് വിശുദ്ധ ഖുർആനിൽ സൂചന കളുണ്ട്. ഭാവിയിൽ മനുഷ്യന് മേൽ സംഭവിക്കുന്ന അസാധാരണവും അതിശയകരവുമായ ഈ പരാമർശം വിശുദ്ധ ഖുർആനിൽ മാത്രമേ കാണുന്നുള്ളൂ. ശാസ്ത്രലോകം പോലും ആ വിഷയം ചർച്ചക്കെടുത്തിട്ടില്ല.**

ഹ്ദറത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

മനുഷ്യൻ, പരിണാമ വികാസത്തിന്റെ അന്തിമഘട്ടത്തെയാണോ പ്രതിനിധാനം ചെയ്യുന്നത്? ഹോമോ സാപിയൻസി (മനുഷ്യൻ) ൽ നിന്ന് പുതിയ ജീവികൾ ഉരുത്തിരിഞ്ഞു വരാനുള്ള സാധ്യതയുണ്ടോ? മനുഷ്യന്റെ നിലവിലുള്ള സംവേദനേന്ദ്രിയങ്ങളുടെ ഗ്രാഹ്യശക്തി മെച്ചപ്പെടുത്തിക്കൊണ്ട് പുതിയ മാനങ്ങൾ (Dimensions) ഗ്രഹിച്ച് ഉന്നതനായ ഒരു ധൈഷണിക ജീവിയായി വികസിക്കുകയോ അല്ലെങ്കിൽ പുതിയ സംവേദനേന്ദ്രിയങ്ങൾ കൂട്ടിചേർത്തോപുതിയ ജീവിവർഗം മനുഷ്യനിൽ നിന്ന് (ഹോമോസാപിയൻസ്) ആവിർഭവിക്കാൻ സാധ്യതയുണ്ടോ? മാത്രമല്ല അങ്ങനെ ആവിർഭവിക്കുന്ന ജീവി വർഗത്തിന് തികച്ചും വ്യത്യസ്തമായ രൂപവും ആകൃതിയുമുണ്ടാവുമോ? അതിന് തികച്ചും വ്യത്യസ്തമായ ഘടനാ രൂപമായിരിക്കുമോ ഉണ്ടാവുക? എന്റെ അറിവിൽപ്പെട്ടിടത്തോളം ഇസ്‌ലാം മതമല്ലാതെ മറ്റൊരു മതവും ഇത്തരം കാര്യങ്ങൾ ചർച്ചക്ക് വിഷയമാക്കിയിട്ടില്ല.

പഴയകാലത്തെ തത്ത്വജ്ഞാനികളേയും പണ്ഡിതൻമാരേയും സംബന്ധിച്ചിടത്തോളം ഇതെല്ലാം അവരുടെ ധൈഷണിക മണ്ഡലത്തിന് പുറത്തുള്ള വിഷയങ്ങളാണ്. ആധുനിക ശാസ്ത്രം പോലും ഈ വിഷയം വളരെ അവ്യക്തമായിട്ടാണ് ചർച്ച ചെയ്യുന്നത്. ഈ സാധ്യതകൾ പരിശോധിക്കാൻ ഗൗരവതരമായ ഒരു രീതിശാസ്ത്രവും പണ്ഡിതോചിതമായി വികസിച്ചിട്ടില്ല.

വിശുദ്ധ ഖുർആന്റെ അദ്ഭുതകരമായ വൈശിഷ്ട്യമെന്താണെന്ന് വെച്ചാൽ ഖുർആൻ അത്തരത്തിലുള്ള ചോദ്യങ്ങൾ ഉയർത്തുകയും അതിന് പരിഹാരം നിർദേശിക്കുകയും ചെയ്യുന്നു എന്നതാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ളവിഷയങ്ങൾ വ്യത്യസ്തമായ ഒന്നാണ്. അത് എല്ലാ പ്രധാന മതങ്ങളും പരമ്പരാഗതമായ രീതിയിൽ ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ, മറ്റു മതങ്ങളൊന്നും തന്നെ സാങ്കൽപികമായിട്ടു പോലും അന്ത്യദിനത്തിനു മുമ്പേയോ അതിന് ശേഷമോ ഭൂമിയിൽ ആവിർഭവിക്കുന്ന മറ്റ് ജീവിരൂപങ്ങളെപറ്റി പ്രതിപാദിച്ചിട്ടില്ല.

അതുപറയുമ്പോൾ വായനക്കാരൻ ഓർത്തിരിക്കണമെന്ന് നാം അഭ്യർഥിക്കുന്ന കാര്യം, മറ്റു മതഗ്രന്ഥങ്ങളിലും അന്ത്യദിനത്തെ പറ്റിയുള്ള പ്രതിപാദനങ്ങൾ കാണാം എന്നതാണ്. എന്നാൽ, ഖുർആൻ അന്ത്യദിനത്തെപ്പറ്റി ഉപയോഗിച്ച സാങ്കേതിക പദം കൂടുതൽ വിശാലവും വ്യത്യസ്തവുമാണ്. ഖുർആനിൽ നിരവധി പ്രവചനങ്ങളുണ്ട്. അവയിൽ ചിലത് ഭാവിയിൽ സംഭവിക്കുന്ന വളരെ നിർണായകമായ

വിപ്ലവങ്ങളും പരിവർത്തനങ്ങളുമാണ്. ഇവക്കെല്ലാം തന്നെ 'അൽഖിയാമ'എന്ന സംജ്ഞ തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. അല്ലെങ്കിൽ അതിന്റെ പര്യായമായ 'അസ്സാഅഃ'എന്ന പദവും ഉപയോഗിച്ചിട്ടുണ്ട്. ഈ രണ്ട് സംജ്ഞകളുടേയും അർഥം ഏകദേശം ഒന്നു തന്നെ. അന്ത്യനാളി (ഖിയാമം -Doomsday) ന്റെ പ്രകടനങ്ങൾ എന്ന നിലയിലാണ് ഈ രണ്ട് പദങ്ങളും പൊതുവെ മനസ്സിലാക്കപ്പെടുന്നത്. മനുഷ്യ സമുദായത്തിന്റെ മൊത്തം അവസാനം എന്ന നിലക്കാണ് അന്ത്യദിനത്തെപറ്റിയുള്ള പ്രതിപാദനങ്ങളിൽ കാണുന്നത്.

ഈ മതങ്ങളുടെ അനുയായികൾ പൊതുവെ അന്ത്യദിനത്തെ വ്യാഖ്യാനിക്കുന്നത് പ്രപഞ്ചത്തിന്റെ തന്നെ അന്ത്യം എന്നാണ്. വിശുദ്ധ ഖുർആൻ ഈ പദം ഉപയോഗിച്ചിടത്തെല്ലാം ഈ അർഥമല്ല വിവക്ഷിച്ചിട്ടുള്ളത്. ഖുർആനെ സംബന്ധിച്ചിടത്തോളം വിശാലമായ ഈ പ്രപഞ്ചത്തിലെ വളരെ നിസ്സാരമായ ഒരു ഭാഗം മാത്രമാണ് ഭൂമി. ഭൂഗോളമാസകലം ബാധിക്കുന്ന ഒരു ഭീമൻ പരിവർത്തനം വമ്പിച്ച നാശം വരുത്തിവെച്ചേക്കാം. ഭൂമുഖത്ത് നിന്ന് സകല ജീവജാലങ്ങളേയും അത് തുടച്ചു നീക്കുന്നു. എങ്കിലും അത് ഭൂഗോളത്തിന്റെ പൂർണനാശമാണെന്നോ മുഴുവൻ പ്രപഞ്ചത്തിന്റേയും നാശമാണെന്നോ പറയാൻ സാധ്യമല്ല.

കൂടുതൽ മുന്നോട്ടു പോകുന്നതിന് മുമ്പേ മനുഷ്യന്റെ ഭാവിയുമായി ബന്ധപ്പെട്ട് ഖുർആനിക വീക്ഷണ പ്രകാരമുള്ള ഒരു രൂപരേഖ സമർപ്പിക്കാനാഗ്രഹിക്കുന്നു. ഭൂമിയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഭൗതിക ലോകങ്ങളിലോ മനുഷ്യന്റെ ഭാവിയുമായി ബന്ധപ്പെട്ട് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്ന കാര്യങ്ങളുടേതാണ് ആ രൂപരേഖ. ഖിയാമത്തിന് ശേഷം ഈ ലോകത്ത് തന്നെ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന പല കാര്യങ്ങളെ സംബന്ധിച്ചും വിവരിക്കുന്ന വചനങ്ങൾ ഖുർആനിലുണ്ട്. ഇത്തരം ഖുർആനിക വചനങ്ങൾ മരണാനന്തരം മനുഷ്യന് പുതിയ ഒരു ജീവിതം നൽകി പരലോകത്ത് ഉയിർത്തെഴുന്നേൽക്കുന്നതിനെ സംബന്ധിച്ചുള്ളതല്ല. അതിൽ നിന്ന് ഭിന്നമായി മനുഷ്യന്റെ രൂപമാറ്റത്തെ സംബന്ധിച്ചുള്ളതാണ്. ഖിയാമം നാളിനു ശേഷമുള്ള ഭാവി കാലത്തെകുറിച്ച് (ഭൂമിയിൽ തന്നെയുള്ള ഭാവികാലം) പറയുന്ന വചനങ്ങൾ ഖുർആനിലുണ്ട്. അത് വ്യക്തമായും മനുഷ്യനേക്കാൾ ഉന്നതനായ ഒരു ജീവിവർഗം ആവിർഭവിക്കുന്ന പരിണാമത്തിന്റെ തുടർച്ചയെ കുറിച്ചാണ് പറയുന്നത്. അവസാനം പറഞ്ഞ ഈ പരിണാമ സങ്കൽപം ആദ്യം പറഞ്ഞ മരണാനന്തര ജീവിതത്തിലുണ്ടാവുന്ന ഉയിർത്തെഴുന്നേൽപ്പിനെപ്പറ്റിയല്ല. രണ്ട് സങ്കൽപങ്ങളും കൂടികുഴഞ്ഞു പോകുകയോ ബന്ധപ്പെടുത്തി ആശയക്കുഴപ്പമുണ്ടാവുകയോ ചെയ്യരുത്.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പഠനത്തിൽ നിന്ന് നമുക്ക് ആരംഭിക്കാം. ഭൂമിയിൽ തന്നെ തികച്ചും വിഭിന്നമായ ഒരു ധൈഷണിക ജീവിതം നയിക്കുന്ന ഒരു പുതിയജീവിരൂപത്തിന്റെ സാധ്യതകളെ പറ്റിയുള്ള ചർച്ചകളിൽ നിന്നും വ്യത്യസ്തമാണ് മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ചർച്ച. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വചനങ്ങൾ പരലോക ജീവിതം എന്ന ആശയത്തെക്കുറിച്ച് സംശ യം ഉന്നയിക്കുന്നവരെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ്. ഖുർആൻ അവരെ ഓർമിപ്പിക്കുന്നത് മരണാനന്തരമുള്ള പരലോക ജീവിതത്തെക്കുറിച്ച് സംശയാലുക്കളാവുന്ന അവർ അതിനേക്കാളുപരിയായി അവരുടെ ഭൂമിയിലുള്ള അസ്തിത്വത്തെക്കുറിച്ച് തന്നെ സംശയാലുക്കളാവേണ്ടിയിരിക്കുന്നു എന്നാണ്. അത്തരം സംശയാലുക്കൾക്ക് നിശ്ചയമായും അറിയാവുന്ന ഒരു കാര്യം അവർ ശൂന്യമായ ഒരവസ്ഥയിൽ നിന്ന് അസ്തിത്വത്തിലേക്ക് വന്നവരാണെന്നതാണ്. അവർ അസ്തിത്വത്തിലേക്ക് വരുന്നതിനു മുമ്പേ ഒന്നുമില്ലായ്മ ആയിരുന്നു. ഒന്നുമില്ലായ്മയിൽ നിന്ന് അവരെ സൃഷ്ടിച്ചിരിക്കെ ഇവിടെ എന്തെങ്കിലും ഉള്ള അവസ്ഥയിൽ, അതിൽ നിന്ന് വീണ്ടും സൃഷ്ടിക്കപ്പെടുമെന്ന കാര്യത്തിൽ എന്തിനാണവർ സംശയിക്കുന്നത്. അവരുടെ അസ്തിത്വം ഇവിടെ ഇപ്പോൾ ഉണ്ടായിരിക്കെ അതിൽ നിന്ന് പുനർജനിക്കും എന്ന പ്രമേയം ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടിക്കുക എന്ന പ്രമേയത്തേക്കാൾ എത്രയോ യുക്തിപരമാണ്. മരണാന്തര ജീവിതത്തെക്കുറിച്ച് സംശയിക്കുന്നവരെ അഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ പറയുന്ന നിരവധി വചനങ്ങളിലെ പ്രതിപാദ്യമാണിത്. അതിന് പുറമെ ഈ വചനങ്ങൾ കൂടുതൽ ഗവേഷണത്തിനായുള്ള വാതിലുകൾ തുറന്നു തരികയും ചെയ്യുന്നുണ്ട്. ഈ വാദമുഖം സ്വയം തന്നെ മരണാനന്തര ജീവിതത്തിന്റെ യാഥാർഥ്യം തെളിയിക്കുന്നതായി അർഥമാക്കുന്നില്ല. സന്ദേഹവാദം നീതികരിക്കപ്പെടുന്നത് ശരിയല്ല എന്ന തെളിവ് നൽകുക മാത്രമാണ് അതുകൊണ്ട് അർഥമാക്കുന്നത്. മറ്റൊരു കാര്യം കൂടി മനുഷ്യനെ ഖുർആൻ ഓർമിപ്പിക്കുന്നതെന്താണെന്നാൽ മനുഷ്യൻ ആർജിക്കുന്ന ബോധത്തിന്റെ ഉന്നത തലം അവനെസംബന്ധിച്ചിടത്തോളം അന്ധകാരത്തേക്കാൾ പ്രകാശത്തിന്റെ സ്രോതസ്സ് ആയിരിക്കുമെന്നാണ്. പരിസരത്തെപ്പറ്റിയും അതിനപ്പുറത്തുള്ളതിനെക്കുറിച്ചുമുള്ള അവന്റെ അറിവ് സ്രഷ്ടാവിനെക്കുറിച്ച് അവനിൽ അവബോധം സൃഷ്ടിക്കുകയും ആർക്കു നേരെയാണോ അവന്റെ ശിരസ് ഔദ്ധത്യത്തോടെ ഉയർന്നത് അത് പരാജയപ്പെടുകയും ചെയ്യും. മനുഷ്യൻ ദൈവത്തിൽ വിശ്വസിച്ചാലും അവന്റെ അദ്ഭുതത്തോടു കൂടിയ അമ്പരപ്പിൽ നിന്ന് മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള നിഷേധം ഉയർന്നു വരും. അത് സത്യത്തേക്കാൾ അദ്ഭുതകരമായ ഒന്നാണ്. വാസ്തവത്തിൽ അവന്റെ ആദ്യത്തെ സൃഷ്ടി തന്നെ രണ്ടാമത്തെ സൃഷ്ടിയേക്കാൾ കൂടുതൽ അദ്ഭുതകരവും അവിശ്വസനീയവുമാണ്.

ഈ നിഗമനങ്ങളിൽ നിന്ന് എത്തിച്ചേരാവുന്ന വാദങ്ങളിലേക്ക് നമുക്ക് തിരിയാം ഖുർആന്റെ ആദ്യത്തെ പ്രഖ്യാപനമെന്തെന്നാൽ ഭൂമിയിലെ ഒരു മനുഷ്യനും മരണാനന്തര ജീവിതത്തിന് നേരിട്ട് സാക്ഷികളാവാൻ സാധ്യമല്ല എന്നതാണ്. മനുഷ്യന്റെ ഭൂമിയിലെ ജീവിതത്തിൽ നിന്നുകൊണ്ട് മരണാനന്തര ജീവിതത്തെ നോക്കികാണുമ്പോൾ അത് ശുദ്ധശൂന്യതയല്ലാതെ മറ്റൊരു കാഴ്ചയും നൽകുന്നില്ല. മനുഷ്യന്റെ വിവേകജ്ഞാനത്തെപ്പറ്റി ഓർക്കുക. അവൻ സ്വയം തന്നെ ശൂന്യതയിൽ നിന്നാണ് ജനിച്ചതെന്ന് വിശ്വസിക്കുന്നു. അതിനെതിരെ അവിശ്വാസത്തിന്റെ ഒരു പുരികക്കൊടി പോലും അവൻ ഉയർത്തുന്നില്ല. എന്നാൽ, അവൻ മരണത്തിന് ശേഷം വീണ്ടും ഉയർത്തപ്പെടുമെന്ന് പറയപ്പെടുമ്പോൾ ഈ അഭിപ്രായത്തെ സ്വീകരിക്കാൻ അവൻ കൂട്ടാക്കുന്നില്ല. അത് ശുദ്ധ അസംബന്ധവും വിവരക്കേടുമാണെന്ന് പറഞ്ഞ് തള്ളുകയും ചെയ്യുന്നു. ഇതിലെ താരതമ്യം അതീവ ശക്തങ്ങളാണ്. ഈ വാദമുഖത്തിലെ ശക്തി മനസിലാക്കാൻ ഒരു മഹാനായ തത്ത്വജ്ഞാനിയുടെ ആവശ്യമൊന്നുമില്ല മരണാനന്തര ജീവിതത്തെക്കുറിച്ച് മനുഷ്യന്റെ നിഷേധത്തിനെതിരെ സാക്ഷ്യം വഹിക്കാൻ അവനേക്കാൾ ഉത്തമനായൊരു സാക്ഷി വേറെയില്ല. വിശുദ്ധ ഖുർആൻ ഈ വിഷയം കൈകാര്യം ചെയ്യുമ്പോൾ വളരെ സൂക്ഷ്മമായും ഹ്രസ്വമായും അവിശ്വാസികളുടെ വീക്ഷണം വ്യക്തമായ രീതിയിൽ അവതരിപ്പിക്കുന്നു. അതിന് ശേഷം അവരുടെ വീക്ഷണത്തെ നിഷേധിക്കുകയും ചെയ്യുന്നു താഴെകൊടുത്തിരിക്കുന്നത് അത്തരത്തിലുള്ള പ്രസക്തമായ ചില വചനങ്ങളാണ്.

**"അവർ പറയുന്നു:ഇത് നമ്മുടെ ഐഹിക ജീവിതം മാത്രമാണ്. നാം (ഇവിടെ) മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. കാലം മാത്രമാണ് നമ്മെ നശിപ്പിക്കുന്നത്. വാസ്തവത്തിൽ അവർക്കതിനെക്കുറിച്ച് ഒരറിവുമില്ല. അവർ ഊഹിക്കുക മാത്രമാണ് ചെയ്യുന്നത്.''** (45:25)

**"നിങ്ങൾ മരിച്ച് മണ്ണും അസ്ഥികളുമായി തീർന്നാൽ (പിന്നേയും നിങ്ങളെ ജീവിപ്പിച്ച്) പുറത്തേക്ക് കൊണ്ടു വരുമെന്നാണോ അവൻ നിങ്ങൾക്ക് വാഗ്ദാനം നൽകുന്നത്. വിദൂരം, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത് (സത്യത്തിൽ നിന്ന്) വളരെ വിദൂരം. ജീവിതമെന്നത് നമ്മുടെ ഇപ്പോഴത്തെ ജീവിതമല്ലാതെ മറ്റൊന്നുമില്ല.**

**നമുക്ക് ജീവനുണ്ടായിരുന്നില്ല (ഇപ്പോൾ) നമുക്ക് ജീവനുണ്ട്, പക്ഷേ നാം പുനരുത്ഥാനം ചെയ്യപ്പെടുന്നവരല്ല തന്നെ.''** (23: 36-38)

**"മനുഷ്യർ പറയുന്നു. 'ഞാൻ മരിച്ചു കഴിഞ്ഞാൽ പിന്നെ എന്നെ ജീവനോടെ പുറത്തു കൊണ്ടു വരുമെന്നോ."** ( 19: 67)

**"മരണമടയുന്നവരെ അല്ലാഹു പുനരുത്ഥാനം ചെയ്യുകയില്ലെന്ന് അവർ അല്ലാഹുവിനെ മുൻനിറുത്തി ദൃഢപ്രതിജ്ഞ ചെയ്യുന്നു. അങ്ങനെയല്ല, അവന് (നിറവേറ്റാൻ ബാധ്യതയുള്ള സത്യമായ) വാഗ്ദാനമാണത്. പക്ഷേ മനുഷ്യരിൽ അധികമാളുകളും അറിയുന്നില്ല. (അല്ലാഹു അവരെ പുനരുത്ഥാനം ചെയ്യിക്കുന്നു.) അവർ ഏത് കാര്യത്തിൽ ഭിന്നിച്ചു കൊണ്ടിരിക്കുന്നുവോ അതിന്റെ യാഥാർഥ്യം അവർക്ക് വ്യക്തമാക്കിക്കൊടുക്കാനും അവിശ്വാസികൾ തങ്ങൾ കളവ് പറയുന്നവരായിരുന്നുവെന്ന് അറിയുന്നതിനും വേണ്ടി."** (16:39 ,40)

**''നമുക്ക് അവൻ ഒരു ഉപമ എടുത്തു കാണിക്കുകയും അവന്റെ സൃഷ്ടിപ്പിനെ അവൻ മറക്കുകയും ചെയ്തിരിക്കുന്നു. അസ്ഥികൾ ദ്രവിച്ചിരിക്കെ ആരാണവയെ ജീവിപ്പിക്കുക എന്നവൻ ചോദിക്കുന്നു.**(36:76)

**"അപ്പോൾ ആദ്യത്തെ സൃഷ്ടിപ്പുകൊണ്ട് (തന്നെ) നാം ക്ഷീണിച്ചു പോയോ? ഇല്ല. പക്ഷേ, അവർ പുതിയ സൃഷ്ടിയെ സംബന്ധിച്ച് ആശയക്കുഴപ്പത്തിലാണ്."** (50: 16)

**''ഞങ്ങൾ മരിച്ചു മണ്ണും അസ്ഥികളുമായിക്കഴിഞ്ഞാൽ ഞങ്ങൾ പുനരുത്ഥാനം ചെയ്യപ്പെടുന്നവരാണോ എന്നവർ ചോദിക്കാറുണ്ടായിരുന്നു. ഞങ്ങളുടെ പൂർവപിതാക്കളും എഴുന്നേൽപ്പിക്കപ്പെടുമോ എന്നും?"** (56:48)

**''നിങ്ങൾക്കിടയിൽ മരണം വിധിച്ചത് നാമാണ്. നാം അതിൽ പരാജയപ്പെടുന്നവനല്ല താനും. നിങ്ങളുടെ രൂപങ്ങളിൽ ആകെ നാം മാറ്റം വരുത്തുന്നതിനും നിങ്ങൾ അറിയാത്ത അവസ്ഥയിലേക്ക് നിങ്ങളെ പരിണമിപ്പിക്കുന്നതിനും. ആദ്യത്തെ സൃഷ്ടിപ്പിൽ നിങ്ങൾ എങ്ങനെയാണ് ഉയിർത്തെഴുന്നേറ്റത് എന്നതിനെക്കുറിച്ച് തീർച്ചയായും നിങ്ങൾ അറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. എന്നിരിക്കെ എന്തുകൊണ്ട് നിങ്ങൾ ചിന്തിക്കുന്നില്ല."** ( 56: 61,62,63)

ഇങ്ങനെ പരലോകത്തെ സംബന്ധിച്ച് മനസ്സിലാക്കാൻ ഖുർആൻ മനുഷ്യന് എളുപ്പമാർഗം കാണിക്കുന്നു. എന്നാൽ വാദം അത് മാത്രമല്ല.

**"നിങ്ങളെല്ലാവരേയും സൃഷ്ടിക്കുന്നതും പുനരുത്ഥാനം ചെയ്യിക്കുന്നതും ഒരൊറ്റയാളെ (സൃഷ്ടിക്കുന്നതും പുനരുഥാനം ചെയ്യിക്കുന്നതും) പോലെ മാത്രമാണ്. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും എല്ലാം കാണുന്നവനുമാണ്."** (31:29)

പുനരുത്ഥാന പ്രതിഭാസം ഓരോ വ്യക്തിയുടേയും ജനനപ്രതിഭാസവുമായി ബന്ധപ്പെട്ടതാണ്. ബീജവും അണ്ഡവും തമ്മിൽ സങ്കലിതമായ ഭ്രൂണാവസ്ഥയിൽ അതിന്റെ അവസാന ഘട്ടത്തിലെ ഉൽപന്നത്തെപറ്റി ഒരാൾക്ക് സങ്കൽപിക്കാൻ സാധ്യമല്ല. അതായത് ആ സങ്കലിത ബീജം പൂർണ വളർച്ചയെത്തിയ ശിശുവായിത്തീരുമെന്ന് വിശ്വസിക്കാൻ സാധ്യമല്ല. ബീജസങ്കലനം ചെയ്യപ്പെട്ട അതിനിസ്സാരമായ ആ ഭ്രൂണത്തിൽ നിന്ന് ഒൻപത് മാസങ്ങൾക്ക് ശേഷം പ്രസവിക്കുമ്പോൾ കൈയും കാലുമിട്ടടിക്കുന്ന ഒരു

മനുഷ്യ ശിശുവിലേക്കുള്ള മഹാപരിവർത്തനം ആർക്കും വിശ്വസിക്കാൻ സാധ്യമല്ല. ഇത്തരം ഒരു പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചിട്ടില്ലാത്ത ഒരു നിരീക്ഷകന് ആദ്യഘട്ടത്തിലെ സങ്കലിത ഭ്രൂണത്തെ മാത്രം കണ്ടുകൊണ്ട് എന്താണ് സംഭവിക്കുക എന്ന് സങ്കൽപിക്കാൻ സാധ്യമല്ല. മരണാനന്തര ജീവിതവും ഇത്തരത്തിലുള്ള അദ്ഭുതകരമായ ഒരു പ്രക്രിയയാണ്. ഒന്നുമില്ലായ്മയോളം എത്തിനിൽക്കുന്ന ഒരസ്തിത്വത്തിൽ നിന്ന് ജീവന്റെ ഉന്നത രൂപത്തിൽ വികസിതമായ ഒരു സംഘടിത അവസ്ഥയിലേക്ക് രൂപാന്തരപ്പെടുക എന്നത് അദ്ഭുതകരമായ ഒരു കാര്യം തന്നെയാണ്.

കേവലം ഒരു ജൈവ യൂണിറ്റ് എന്ന നിലയിലുള്ള മനുഷ്യന്റെ ഉത്ഭവവും അവന് ആയിത്തീരേണ്ട അസ്തിത്വവും തമ്മിലുള്ള വ്യത്യാസം വിസ്മയകരമായ ഒന്നാണ്. മനുഷ്യന്റെ പ്രാഥമിക ജൈവരൂപങ്ങൾക്ക് ഉചിതമായ സംവേദനേന്ദ്രിയങ്ങൾ നൽകിയാൽ പോലും, മനുഷ്യനിൽ അവസാനിക്കുന്ന പരിണാമത്തിന്റെ ഭാവി കാണുവാൻ സാധ്യമാവില്ല. മനുഷ്യന്റെ ആ പ്രാഥമിക ഘട്ടത്തിൽ അവൻ ആരായിരുന്നു എന്നതിനെ പറ്റി അവനുണ്ടായിരുന്ന ബോധം വളരെ നിസ്സാരമായിരുന്നു. മനുഷ്യനുമായി ബന്ധപ്പെടുത്തി പറയുമ്പോൾ അത് ബോധമാണോ എന്ന് പറയാൻ പോലും കഴിയാത്തവിധം വളരെ നിസ്സാരമായിരുന്നു. ഇത് തുടക്കം മുതൽ ഒടുക്കം വരെ മുഴുവൻ പരിണാമഘട്ടങ്ങളെയും ഉൾക്കൊള്ളുന്ന ഹ്രസ്വവും അതേ സമയം വളരെ ദീർഘവീക്ഷണവുമുള്ള അത്യഗാധമായ ഒരു പ്രസ്താവനയാണ്. ഇത് തരുന്ന സന്ദേശമെന്തെന്നാൽ നിങ്ങളുടെ ഇപ്പോഴത്തെ അസ്തിത്വത്തിന്റെ അവസ്ഥയും മരണശേഷം ഉയിർത്തെഴുന്നേൽക്കുമ്പോഴുള്ള അവസ്ഥയും തമ്മിലുള്ള വ്യത്യാസം ഭൂമിയിൽ ജീവന്റെ പ്രാരംഭാവസ്ഥയും നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയും തമ്മിലുള്ള വ്യത്യാസത്തിന്റെയത്രത്തോളമുണ്ടെന്നാണ്. ഈ മാറ്റം വമ്പിച്ചതാണ്. മരണത്തിന് ശേഷം നിങ്ങൾ ഏത് അവസ്ഥയിലായിരിക്കുമെന്ന് നിങ്ങൾക്ക് സങ്കൽപിക്കാൻ കൂടി സാധ്യമല്ല.

എങ്കിലും നിങ്ങളുടെ രണ്ടാമത്തെ സൃഷ്ടിയേക്കാൾ അവിശ്വസനീയമാണ് നിങ്ങളുടെ ഒന്നാമത്തെ സൃഷ്ടി. ഈയൊരു അനിവാര്യമായ നിഗമനത്തിൽ നിന്ന് രക്ഷപ്പെടുവാൻ നിങ്ങൾക്കൊരിക്കലും സാധ്യമല്ല. ഉയിർത്തെഴുന്നേറ്റ ആത്മാവ് ഒരുപക്ഷേ ദശലക്ഷക്കണക്കിന് വർഷമെടുത്തെങ്കിൽ മാത്രമേ അതിന്റെ ആത്മീയ പരിണാമത്തിന്റെ അന്തിമഘട്ടം പ്രാപിക്കുകയുള്ളൂ. നാം ഇങ്ങനെയൊരു നിഗമനത്തിലെത്താൻ കാരണം, ഒന്നുമില്ലായ്മയിൽ നിന്ന് മനുഷ്യൻ തന്റെ ഒന്നാമത്തെ ഘട്ടം പ്രാപിച്ചത് പോലെയാണ് ഉയിർത്തെഴുന്നേൽപ്പും എന്നത് കൊണ്ടാണ്. ഈ പ്രാഥമിക ഘട്ടത്തിൽ നിന്ന് മനുഷ്യനായി രൂപാന്തരപ്പെടാൻ ഏകദേശം നൂറുകോടി വർഷമെടുത്തു എന്ന് ഇപ്പോൾ നമുക്കറിയാം. അതുകൊണ്ട് അവന്റെ പ്രാഥമിക സൃഷ്ടി ഘട്ടത്തിന്റെ ദൈർഘ്യം ഇത്രയാണെങ്കിൽ അതിനോട് സാമ്യമുള്ളതായിരിക്കും അവന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ രണ്ടാമത്തെ ഘട്ടവും.

ഈ വസ്തുത കൂടുതലായി വിശദീകരിക്കാൻ ഖുർആൻ അതുല്യമായ ഒരു നിഗമനാത്മക യുക്തി ഉന്നയിക്കുന്നു. നാം ആ വിഷയങ്ങൾ മുഴുവനും ഖുർആനിക വചനങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഇവിടെ പ്രതിപാദിക്കാനാഗ്രഹിക്കുന്നില്ല. കാരണം അവയിൽ പലതും മറ്റു അദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെട്ടു കഴിഞ്ഞതാണ്. ഇവിടെ നാം തുനിയുന്നത് ഈ വാദത്തിന്റെ ശൈലി വ്യക്തമാക്കാൻ വേണ്ടിയാണ്. ഈ ലോകത്ത് ഭാവിയിൽ സംഭവിക്കുന്ന കാര്യങ്ങൾ പറഞ്ഞാൽ ഒരു കാലഘട്ടത്തിൽ മനുഷ്യന് അത് സങ്കൽപിക്കാൻ കൂടി കഴിയുമായിരുന്നില്ല. ഖുർആൻ ഒരേ സമയം ഈ ലോകജീവിതത്തെ പറ്റിയും മരണാനന്തര ജീവിതത്തെപറ്റിയും സംസാരിക്കുമ്പോൾ രണ്ടു ജീവിതങ്ങൾക്കും ബാധകമായ സമാന്തര അർഥങ്ങളായിരിക്കും ചിലപ്പോഴുണ്ടാവുക. ഈ വചനങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്ന പ്രവചനങ്ങൾ ഈ ലോകത്തും അപ്രകാരം പരലോകത്തും ബാധകമാണ്. ഈ വചനങ്ങളിൽ പറയപ്പെട്ട ഇഹലോകത്ത് സംഭവിക്കുന്ന കാര്യങ്ങൾ വ്യക്തവും അനിഷേധ്യവുമായ രീതിയിൽ പുലരുമ്പോൾ പരലോകത്ത് സംഭവിക്കുമെന്ന് ഇതേ വചനങ്ങളിൽ പറയപ്പെട്ട കാര്യങ്ങൾ പുലരാൻ സമയത്തിന്റെ പ്രശ്നമേ ബാക്കിയുള്ളൂ. ഈ ലോകത്ത് പുലർന്ന സംഭവങ്ങളെ പറ്റി പ്രവചനം നടത്തിയ അതിമാനുഷശക്തി പറഞ്ഞത് ശരിയാണെന്ന് തെളിഞ്ഞിരിക്കെ മരണാനന്തരം പരലോകത്തെ സംബന്ധിച്ചു പറഞ്ഞ കാര്യങ്ങളെ പറ്റി വിശ്വസിക്കാനും നാം ബാധ്യസ്ഥരാണ്. മരണാനന്തരം ജീവിതത്തെക്കുറിച്ചുള്ള വാദമുഖങ്ങൾ ഇങ്ങനെയല്ലാതെ അവതരിപ്പിക്കുക സാധ്യമല്ല. മരണത്തിനു മുമ്പേ അത് മറ്റൊരു ഉപാധിയിലൂടെയും സ്ഥാപിക്കാനും സാധ്യമല്ല.

മരണാനന്തരം രൂപാന്തരപ്പെടുന്ന അസ്തിത്വത്തിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഖുർആൻവചനങ്ങൾ ഇവിടെ ഭൂമിയിൽ തന്നെ ആവിർഭവിക്കുന്ന പുതിയ ജീവി രൂപങ്ങളുടെ ആകൃതിയെപ്പറ്റി വ്യക്തമായ ഒരു ചിത്രം നൽകുന്നുണ്ട്. അതായത് മനുഷ്യന്റെ തന്നെ രൂപം മാറ്റിക്കൊണ്ട് മനുഷ്യന്റെ സ്ഥാനത്ത് പകരമുണ്ടാവുന്ന, അവനിൽ നിന്ന് വ്യത്യസ്തനായ പുതിയ ജീവി രൂപത്തെ പറ്റിയാണ് ഖുർആൻ വ്യക്തമായും പറയുന്നത്.

**“അല്ലാഹു ആകാശങ്ങളേയും ഭൂമിയേയും യാഥാർഥ്യത്തിന് (ഹഖ്) നിരക്കുന്ന വിധത്തിൽ സൃഷ്ടിച്ചത് നീ കാണുന്നില്ലേ? അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങളെ അവൻ നശിപ്പിക്കുകയും നിങ്ങളുടെ സ്ഥാനത്ത് ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരികയും**

**ചെയ്യുന്നതാണ്. അല്ലാഹുവിന് അത് പ്രയാസമുള്ള കാര്യമല്ല." (14:20)**

ഈ വചനങ്ങൾ ഒരിക്കലും തന്നെ മരണാനന്തര ജീവിതത്തെപ്പറ്റിയുള്ളതല്ല. ഈ വചനത്തിൽ ഉപയോഗിച്ച ഇൻ' എന്ന സോപാധിക വിഭക്തി (Conditional Preposition) യുടെ അർഥം 'എങ്കിൽ' (If) എന്നാണ്. ഇതൊരിക്കലും മരണാനന്തര ജീവിതത്തെക്കുറിച്ചല്ല ഉദ്ദേശിച്ചത് എന്ന് വ്യക്തമാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചാണെങ്കിൽ ഇവിടെ ഉപയോഗിച്ച 'എങ്കിൽ' എന്ന ഉപാധി പരലോക ജീവിതത്തിന്റെ അസ്തിത്വത്തെക്കുറിച്ച് സംശയത്തിലാണെന്ന് പറയേണ്ടി വരും. എന്നാൽ, മുഴുവൻ ഖുർആനിക വചനങ്ങളിലും പരലോക ജീവിതം യാതൊരു ഉപാധിയും കൂടാതെ സംഭവിക്കുന്ന ഒരു യാഥാർഥ്യമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. നാം ചർച്ച ചെയ്യുന്ന ഈ വചനത്തിൽ മനുഷ്യനെ മാറ്റി പകരം മനുഷ്യനെ പോലെയുള്ള മറ്റൊരു ജീവിയെ കൊണ്ടു വരുമെന്നല്ല പറയുന്നത്. ഒരു പുതിയ സൃഷ്ടിയെ ('ഖൽഖ്') കൊണ്ടു വരുമെന്നാണ് ഖുർആൻ വ്യക്തമായും പറയുന്നത്. അതായത് മുഴുവൻ മനുഷ്യ വർഗത്തിന്റേയും അസ്തിത്വത്തെ മറ്റൊരു രൂപത്തിൽ മാറ്റുമെന്നാണ്.

മനുഷ്യനെ പോലെ തന്നെ സകല പ്രപഞ്ചവും യാഥാർഥ്യം (ഹഖ്) കൊണ്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അപ്രകാരം തന്നെ സൃഷ്ടിയുടെ പരമോന്നത സ്ഥാനമായ മനുഷ്യനും. മരണാനന്തര ജീവിതത്തിൽ നിന്ന് വിഭിന്നമായി മനുഷ്യനെ അതിവർത്തിക്കുന്ന കഴിവുകളുള്ള ഭൂമിയിലുണ്ടാകുന്ന വ്യത്യസ്തമായൊരു രൂപത്തെക്കുറിച്ചാണ് ഇവിടെ ഖുർആൻ സംസാരിക്കുന്നത്.

**"അവരെ സൃഷ്ടിച്ചതും അവരുടെ ശരീരഘടനയെ ബലപ്പെടുത്തിയതും നാമാണ്. നാം ഉദ്ദേശിക്കുന്നതായാൽ അവരുടെ രൂപം തികച്ചും വ്യത്യസ്തമായ മറ്റൊരു രൂപത്തിൽ നാം മാറ്റിക്കളയുന്നതാണ്." (76:26)** വീണ്ടും ഖുർആൻ പറയുന്നു:

**"അല്ല കിഴക്കിന്റേയും പടിഞ്ഞാറിന്റേയും നാഥനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു. തീർച്ചയായും നാം അവരുടെ സ്ഥാനത്ത് അവർക്ക് പകരം അവരേക്കാൾ ഗുണമേൻമയുള്ളവരെ പകരം കൊണ്ടുവരുവാൻ കഴിവുള്ളവനാണ്. നാം (നമ്മുടെ) പദ്ധതിയെ വ്യഥാവിലാക്കുന്നവനല്ല.'**

പകരം കൊണ്ടു വരുന്ന സൃഷ്ടിയെ പറ്റി മറ്റൊരു ജനത യാണെന്നോ മനുഷ്യ സമൂഹത്തിന്റെ മറ്റൊരു തലമുറയാണെന്നോ അല്ല ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. എങ്കിൽ 'എന്ന' ഉപാധിയുടെ അർഥം, മനുഷ്യൻ നല്ല രീതിയിൽ പെരുമാറുകയും സ്വയം സംസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ ഒരു വർഗം എന്ന നിലക്ക് അവർ തുടച്ച് നീക്കപ്പെടുകയോ ഗുണമേൻമയുള്ള മറ്റൊരു വർഗത്തെ പകരം കൊണ്ടു വരികയോ ഇല്ല എന്നാണ്. ഈ അർഥമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

ഇവിടെ ഖുർആൻ വളരെ ഉന്നത രൂപത്തിലുള്ള ഒരു സൃഷ്ടിയുടെ വികാസ സാധ്യതയെ കുറിച്ചാണ് സംസാരിക്കുന്നത്. ആ സൃഷ്ടിക്ക് ഉന്നതമായ സംവേദനേന്ദ്രിയങ്ങളുണ്ടാവാം. നമ്മുടെ അഞ്ച് സംവേദനേന്ദ്രിയങ്ങൾ കൂടാതെ അധികമായി മറ്റു ഇന്ദ്രിയങ്ങളുമുണ്ടാവാം. അതോടൊപ്പം തന്നെ ഇത് തീർച്ചയായും സംഭവിക്കുമെന്ന് ഖുർആൻ പറയുന്നില്ല. എന്നാൽ, ദൈവത്തിന് തന്റെ സൃഷ്ടി പദ്ധതിയിൽ അത്തരത്തിലുള്ള ഒരു മാറ്റം കൊണ്ടുവരാൻ കഴിയുമെന്ന കാര്യം ഉറപ്പിച്ചു പറയുകയാണിവിടെ ചെയ്യുന്നത്. ഇത് യാദൃച്ഛിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടാവുന്ന അന്ധമായ പരിണാമമെന്ന ആശയമല്ല സമർപ്പിക്കുന്നത്. ഇവിടെ പ്രതിപാദിച്ച പരിണാമത്തിന്റെ നിരന്തരമായ തുടർച്ചയുടെ സാധ്യത, ഖുർആന്റെ കർത്താവിന്റെ വിവേകത്തോ ടുള്ള മഹത്തായ ആദരാഞ്ജലികളിലൊന്നാണ്. ജീവി പരിണാമത്തെക്കുറിച്ച് കഴിഞ്ഞ അധ്യായങ്ങളിൽ വിവരിച്ച ഖുർആനിക പരാമർശങ്ങൾ ശരിയായിരിക്കുന്നുവെന്ന് ഇത് വീണ്ടും തെളിയിക്കുന്നു. അങ്ങനെയല്ലായിരുന്നുവെങ്കിൽ മനുഷ്യൻ മറ്റൊരു ജീവിരൂപമായി പരിണമിക്കാൻ സാധ്യതയുള്ള കാര്യം ഖുർആൻ പരാമർശിക്കില്ലായിരുന്നു. അത്തരം വിഷയങ്ങൾ മറ്റ് യാതൊരു മതഗ്രന്ഥത്തിലോ ഭൗതിക വിജ്ഞാന സാഹിത്യങ്ങളിലോ ചർച്ച ചെയ്തിട്ടില്ല എന്ന കാര്യവും ശ്രദ്ധേയമാണ്. ഇത്തരത്തിലുള്ള ഒരു പ്രസ്താവന തികവുറ്റ ജ്ഞാനത്തിന്റേയും നിശ്ചയത്തിന്റേയും വേദിയിൽ നിന്നു മാത്രമേ നടത്താൻ സാധിക്കൂ.

ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന പരിണാമത്തിന്റെ സാധ്യതകളെക്കുറിച്ച് നമുക്ക് പൂർണമായും അറിവ് ലഭിച്ചിട്ടില്ല. അല്ലെങ്കിൽ ഒരു പുതിയ തുടക്കത്തോടെ ആരംഭിക്കുന്ന പുതിയ പരിണാമ ശൃംഖലയെക്കുറിച്ചോ നമുക്കറിയില്ല. ഇപ്പോഴത്തെ നമ്മുടെ ജ്ഞാനം അതിന്റെ ചുറ്റുവട്ടം മാത്രമേ എത്തിയിട്ടുള്ളൂ. ബാക്കി മുഴുവൻ അദൃശ്യമായി അവശേഷിക്കുന്നു. എന്തായിരുന്നാലും അജ്ഞതയിൽ കിടന്നിരുന്ന ജ്ഞാനം തുടർച്ചയായി നമുക്ക് ജ്ഞാതമായതായി അഥവാ അറിഞ്ഞതായി മാറ്റപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇതാണ് വിദ്യാഭ്യാസത്തിന്റെ സ്വാഭാവിക പ്രക്രിയ. ദൈവം എല്ലാ ദൃശ്യമായതിന്റേയും എല്ലാ അദൃശ്യമായതിന്റേയും നാഥനാണ്. ക്രമേണ അവൻ നമ്മുടെ ജ്ഞാന ചക്രവാളത്തെ വികസിപ്പിച്ചു കൊണ്ടിരിക്കുന്നു. ആയതിനാൽ നമ്മുടെ ദർശന കോൺ നിരന്തരം വിപുലമായിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഇതിന് മുമ്പേ അന്ധകാരത്തിന്റെ യവനികക്കപ്പുറം നിന്നിരുന്ന കാര്യങ്ങൾ നമുക്ക് ദർശന യോഗ്യമായി ഭവിക്കുന്നു. **Revelation Rationality Knowledge and Truth**

# ഇസ്‌ലാമും അനാഥകളും

അനാഥ സംരക്ഷണത്തെപറ്റി ഇസ്ലാം ഏറ്റവും ഗൗരവത്തോടെയാണ് മുസ്‌ലിംകളെ ഉണർത്തിയിരിക്കുന്നത്. അനാഥകളെ സ്വന്തം വീട്ടിൽ കുടുംബാന്തരീക്ഷത്തിലാണ് വളർത്തേണ്ടത്. അവരുടെ അവകാശങ്ങൾ യാതൊരു കാരണവശാലും ഹനിക്കപ്പെടാൻ പാടില്ല. അനാഥകളെ പോറ്റി വളർത്തുക എന്നത് വളരെയേറെ സൂക്ഷ്മത പുലർത്തേണ്ട ഏറ്റവും പുണ്യകരമായ ഒരു സൽക്കർമമാണ്. അനാഥനായി വളർന്ന റസൂൽ(സ)തിരുമേനിയുടെ ഉദാത്ത ജീവിത മാതൃക അനാഥ സംരക്ഷണ കാര്യത്തിൽ ലോകത്തിന് വഴികാട്ടിയാണ്

ഇബ്നു മഹ്ദി

**അ**നാഥകളുടെ സംരക്ഷണം ഇസ്ലാമിൽ നിയമം മുഖേന പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ സുരക്ഷ മാത്രമല്ല അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അനാഥ സംരക്ഷണം മുഖേന സമൂഹത്തിന്റെ ധാർമികത കൂടി അഭിവൃദ്ധിപ്പെടുന്നു. അനാഥ സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി വിശുദ്ധ ബൈബിളിലും മഹത്തായ അദ്ധ്യാപനങ്ങൾ കാണാം. എല്ലാ വെളിപാട് മതങ്ങളും അനാഥകളെ പരിരക്ഷിക്കേണ്ട ഗൗരവമേറിയ ബാദ്ധ്യതയെപറ്റി മനുഷ്യനെ ഓർമിപ്പിക്കുന്നു.

**ബൈബിൾ പഴയ നിയമം**

**'വിധവയേയോ അനാഥയേയോ നിങ്ങൾ പീഡിപ്പിക്കരുത്. നിങ്ങൾ അവരെ പീഡിപ്പിക്കുകയും അവർ എന്നോട് നിലവിളിക്കുകയും ചെയ്താൽ ഞാൻ തീർച്ചയായും അവരുടെ നിലവിളി കേൾക്കും. എന്റെ കോപം ജ്വലിക്കും. ഞാൻ നിങ്ങളെ വാളുകൊണ്ട് കൊല്ലും. നിങ്ങളുടെ ഭാര്യമാർ വിധവകളും കുട്ടികൾ അനാഥരുമാകും' (പുറപ്പാട് 22: 22-24)**

**മോസസ് ഇസ്റായേലിനോട് പറഞ്ഞു: 'നിങ്ങളുടെ ദൈവമായ കർത്താവ്, ദേവന്മാരുടെ ദൈവം, പ്രഭുക്കന്മാരുടെ കർത്താവ് പ്രബലനും ശക്തനും നീതിദായകനുമായ ദൈവം പക്ഷപാതിയല്ല അവൻ കൈക്കൂലി വാങ്ങുകയില്ല. അവൻ അനാഥർക്കും വിധവകൾക്കും വേണ്ടി നീതി നടത്തുന്നു. പ്രവാസിക്ക് ഭക്ഷണവും വസ്ത്രവും നൽകി അയാളെ സ്നേഹിക്കുന്നു '(ആവർത്തനം. 10:1719)**

**ദൈവം തന്റെ തിരുനിവാസത്തിൽ അനാഥക്ക് പിതാവും വിധവകൾക്ക് സംരക്ഷകനുമാകുന്നു' (സങ്കീർത്തനം68:5)**

**'അവർ കൊഴുത്ത് മിനുങ്ങുന്നു. അവരുടെ ദുർവൃത്തികൾക്ക് അതിരില്ല. അവർ അനാഥരുടെ കാര്യം അനാഥർക്ക് ഗുണകരമായി നീതി പൂർവം വിധിക്കുന്നില്ല. അവർ പാവപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നില്ല.' (യിരെ മ്യ.5:28)**

**ബൈബിൾ പുതിയ നിയമത്തിൽ 'പിതാവായ ദൈവത്തിന് മുമ്പിൽ ശുദ്ധവും നിഷ്ക്കളങ്കവുമായ ഭക്തി ഇതാകുന്നു.: ദുരിതമനുഭവിക്കുന്ന അനാഥകളെയും വിധവകളെയും സന്ദർശിക്കുക, ലോകത്തിന്റെ കളങ്കങ്ങളിൽ നിന്നും സ്വയം കാത്തു സൂക്ഷിക്കുക' (യാക്കോബ്:1:27)**

മേൽവിവരിച്ച സൂക്തങ്ങളിൽ ദൈവം വിശ്വാസികളോട് അനാഥകളെ പരിപാലിക്കേണ്ടതിനെ സംബന്ധിച്ച് ആജ്ഞകൾ നൽകിയത് കണ്ടുവല്ലോ. അവർക്ക് യാതൊരുവിധ വിഷമങ്ങളും ഉണ്ടാക്കരുതെന്നും അവർക്ക് ഹാനികരമായ രീതിയിൽ പ്രവർത്തിക്കരുതെന്നും അവരോട് നീതിപൂർവം വർത്തിക്കണമെന്നും ഈ വചനങ്ങൾ പറയുന്നു. അനാഥകളുടെ ക്ഷേമകാര്യത്തിൽ വിശുദ്ധ ഖുർആൻ അതീവ ശ്രദ്ധയും വ്യക്തമായ അദ്ധ്യാപനങ്ങളുമാണ് നൽകിയിരിക്കുന്നത്. അനാഥകൾക്കും വിധവകൾക്കും ഇസ്ലാം നൽകിയ സംരക്ഷണം വാസ്തവത്തിൽ മറ്റൊരിടത്തും നമുക്ക് കാണാൻ സാദ്ധ്യമല്ല.

**അനാഥകളും വിശുദ്ധഖുർആനും**

യുദ്ധത്തെക്കുറിച്ചും മദ്യം, ചൂതാട്ടം എന്നിവയുടെ നിരോധനത്തെക്കുറിച്ചും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിനെ കുറിച്ചും ഖുർആനിൽ ഇങ്ങനെ പ്രസ്താവിക്കുന്നു:

'അനാഥരെ സംബന്ധിച്ചും അവർ നിന്നോട് ചോദിക്കുന്നു. പറയുക, അവരുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്നത് വളരെ നല്ലതാണ്. അവരുമായി നിങ്ങൾ കൂടിക്കലർന്ന് ജീവിക്കുകയാണെങ്കിൽ, അവർ നിങ്ങളുടെ സഹോദരന്മാരാണ്. കുഴപ്പമുണ്ടാക്കുന്നവരെ നന്മവരുത്തുന്നവരിൽ നിന്നും അല്ലാഹു വേർതിരിച്ചറിയുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ നിങ്ങൾക്ക് ഞെരുക്കമുണ്ടാക്കുമായിരുന്നു. നിശ്ചയമായും അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമത്രെ' (2:221)

'അനാഥർക്ക് അവരുടെ ധനം

വിട്ടുകൊടുക്കുക. നിങ്ങൾ നല്ലതിന് പകരം ചീത്തയെ എടുക്കരുത്. അവരുടെ ധനം നിങ്ങളുടെ ധനവുമായി കൂട്ടി ചേർത്ത് ഭക്ഷിക്കയുമരുത്. നിശ്ചയമായും അത് വലിയ പാപമാണ്. അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന(മറ്റു) സ്ത്രീകളിൽ നിന്നും രണ്ടു വീതമോ മൂന്നു വീതമോ നാലു വീതമോ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നി ങ്ങൾ ഭയപെടുന്നുവെങ്കിൽ ഒരു സ്ത്രീയെ (മാത്രം വിവാഹം ചെയ്യുക.) അല്ലെങ്കിൽ നിങ്ങളുടെ ഉടമസ്ഥതയിലുള്ള അടിമ സ്ത്രീകളിൽ നിന്ന് (വിവാഹം ചെയ്യുക) നിങ്ങൾ അനീതി പ്രവർത്തിക്കാതിരിക്കാൻ ഏറ്റവും അടുത്ത മാർഗം അതാണ്.' (4:3–4)

'നിങ്ങളുടെ നിലനിൽപ്പിനായി അല്ലാഹു നിങ്ങൾക്ക് ആശ്രയമാക്കി തന്നിരിക്കുന്ന നിങ്ങളുടെ ധനത്തെ ബുദ്ധി പക്വതയില്ലാത്തവർക്ക് നിങ്ങൾ വിട്ടുകൊടുക്കരുത്. നിങ്ങൾ അവർക്ക് അതിൽ നിന്ന് ആഹാരവും വസ്ത്രവും നൽകുകയും അവരോട് നല്ല വാക്ക് പറയുകയും ചെയ്യുക. (അനാഥരെ അവരുടെ കാര്യ പ്രാപ്തി) പരീക്ഷിച്ചു കൊണ്ടിരി ക്കുക. അങ്ങനെ അവർ വിവാഹ പ്രായമെത്തിയാൽ അപ്പോൾ അവരിൽ നിങ്ങൾ പക്വത കണ്ടറിയുന്നുണ്ടെങ്കിൽ അവരുടെ മുതലുകൾ അവർക്ക് വിട്ടു കൊടുക്കുക. അവർ വളർന്ന് വരുന്നത് (കണ്ടു ഭയന്ന്) അമിതമായി ധൃതിപ്പെട്ടും നിങ്ങൾ അത് തിന്നുകളയരുത്. വല്ലവനും സമ്പന്നനാണെങ്കിൽ (അനാഥരുടെ ധനത്തിൽ നിന്നെടുക്കാതെ) പൂർണമായും ഒഴിഞ്ഞു നിൽക്കട്ടെ. വല്ലവനും ദരിദ്രനാണെങ്കിൽ (അതിൽ നിന്ന്) ന്യായമായ നിലയിൽ ഭക്ഷിച്ചു കൊള്ളട്ടെ. പിന്നീട് നിങ്ങൾ അവരുടെ ധനം അവർക്ക് വിട്ടു കൊടുക്കുമ്പോൾ അവരുടെ മുമ്പാകെ സാക്ഷികളെ നിർത്തുക. കണക്കെടുക്കുന്ന വനായി അല്ലാഹു മതിയായവനാകുന്നു.' (4: 6–7)

(അനന്തരാവകാശ സ്വത്ത്) ഓഹരിവെക്കുന്ന അവസരത്തിൽ (അവകാശികളല്ലാത്ത മറ്റു ബന്ധുക്കളും അനാഥരും അഗതികളും അവിടെ ഹാജരുണ്ടെങ്കിൽ അവർക്കും അതിൽ നിന്ന് (വല്ലതും) കൊടുക്കുക. അവരോട് നല്ല വാക്കുകൾ പറയുകയും ചെയ്യുക.

'തങ്ങളുടെ പിന്നിൽ ബലഹീനരായ സന്താനങ്ങളെ വിട്ടു പോകുന്നപക്ഷം (അവർക്ക് എന്തു സംഭവിക്കുമെന്നോർത്ത്) ഉത്കണ്ഠാകുലരാകുന്നവർ (മറ്റ് അനാഥരുടെ കാര്യത്തിലും അല്ലാഹുവിനെ) ഭയപ്പെടട്ടെ. അതിനാൽ അവർ അല്ലാഹുവിനെ സൂക്ഷിക്കുകയും ഋജുവായവാക്ക് പറയുകയും ചെയ്യട്ടെ.

അനാഥരുടെ ധനം അന്യായമായി അപഹരിച്ച് തിന്നുന്നവർ തീർച്ചയായും അവരുടെ വയറുകളിൽ തീതിന്നു നിറക്കുക മാത്രമാണ് ചെയ്യുന്നത്. തീർച്ചയായും അവർ ജ്വലിക്കുന്ന അഗ്നിയിൽ പ്രവേശിക്കുന്നതാണ്.' (4:9–11)

'അവർ നിന്നോട് (ഒന്നിലധികം) സ്ത്രീകളെ (വിവാഹം ചെയ്യുന്ന) കാര്യത്തിൽ വിധി അന്വേഷിക്കുന്നു. നീ (അവരോട്) പറയുക: അല്ലാഹു അവരെ സംബന്ധിച്ച് നിങ്ങൾക്ക് വിധി നൽകുന്നു. നിങ്ങൾക്ക് ഈ ഗ്രന്ഥത്തിൽ (4:4–ാം സൂക്തം) ഓതിക്കേൾ പ്പിക്കപ്പെട്ട നിശ്ചയിക്കപ്പെട്ട അവ കാശം കൊടുക്കാതിരിക്കുകയും നിങ്ങൾ വിവാഹം ചെയ്യാനാഗ്ര ഹിക്കുകയും ചെയ്യുന്ന അനാഥ സ്ത്രീകളെ സംബന്ധിച്ചും, അബല കളായ പെൺകുട്ടികളെ സംബന്ധിച്ചുമാണ്. അനാഥകളോട് നിങ്ങൾ നീതി പുർവം വർത്തിക്കണമെന്നും

(നിങ്ങൾക്ക് വിധി നൽകപ്പെട്ടിരിക്കുന്നു) നിങ്ങൾ ഏതൊരു പ്രവൃത്തി ചെയ്യുന്നുവോ തീർച്ചയായും അല്ലാഹു തൽസംബന്ധമായി നല്ലപോലെ അറിയുന്ന വനാണ്.' (4:128)

പ്രവാചകനോട് കൽപ്പിച്ചു കൊണ്ട് അല്ലാഹു ഖുർആനിൽ പറയുന്നു:

'അനാഥക്ക് കാര്യപ്രാപ്തിയെത്തുന്നത്വരെ ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അതിന്റെ (ആ കുട്ടിയുടെ) ധനത്തെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ അളവും തുക്കവും നീതി പൂർവം പൂർത്തിയാക്കുക. ഒരാളെയും അയാളുടെ കഴിവിൽ പെട്ടതിനല്ലാതെ നാം ഉത്തരവാദിയാക്കുകയില്ല. നിങ്ങൾ സംസാരിക്കുമ്പോൾ– (അതുമായി ബന്ധപ്പെട്ട) ആൾ നിങ്ങളുടെ അടുത്ത ബന്ധുവായാൽപോലും – നീതിപൂർവം സംസാരിക്കുക. അല്ലാഹുവിന്റെ കാരാറിനെ നിങ്ങൾ പൂർത്തിയാക്കുക. അല്ലാ ഹു ഇതിനെ സംബന്ധിച്ച് താക്കീതായി നിങ്ങളോട് അനുശാസിക്കുന്നു. നിങ്ങൾ ഉപദേശം കരസ്ഥമാക്കുന്നതിന് വേണ്ടി.'(6:153)

മേൽ ഉദ്ധരിച്ച ആജ്ഞ സൂറ: 17:35 ലും ആവർത്തിക്കുന്നു. ഇവിടെ വധിച്ചവന്റെയും വധ ശിക്ഷക്ക് വിധേയമായവന്റെയും അവശേഷിക്കുന്ന അനാഥമക്കളുടെ സംരക്ഷണ വിഷയം പരാമർശിച്ചു കൊണ്ടാണ് പ്രസ്തുത ആയത്ത് ആവർത്തിച്ച് പ്രതിപാദിക്കുന്നത്.

പ്രവചിതമായ മക്കാവിജയത്തെക്കുറിച്ചുള്ള വിജയ സുവിശേഷം അറിയിച്ചുകൊണ്ട് മനുഷ്യ നന്മയുടെയും തിന്മയുടെയും രണ്ട് വിശാല വീഥികൾ കാണിച്ച് കൊണ്ട് ഖുർആൻ പറയുന്നു:

'എന്നാൽ അവൻ ആ ഗിരി മാർഗത്തിൽ സാഹസപ്പെട്ട് കടന്നില്ല. ഗിരിമാർഗം എന്തെന്ന് നിനക്കെന്തറിയാം (ആ ഗിരിമാർഗമെന്നാൽ) അടിമയെ മോചിപ്പിക്കുക.. അല്ലെങ്കിൽ അടുത്ത ബന്ധുത്വ മുള്ള അനാഥനോ കടുത്ത ദുരിത മനുഭവിക്കുന്ന അഗതിക്കോ വിശപ്പിന്റെ നാളിൽ ഭക്ഷണം നൽകുക. എന്നിട്ട് അവൻ സത്യ വിശ്വാസം സ്വീകരിക്കുകയും പരസ്പരം സഹനം കൈകൊള്ളാൻ ഉപദേശിക്കുകയും അന്യോന്യം കരുണ കാണിക്കാൻ ഗുണദോഷിക്കുക

യും ചെയ്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനുമാകണം'( 90: 12-21)

അവസാനമായി റസൂൽ(സ) തിരുമേനിക്ക് ആദ്യ നാളുകളിൽ ഇറങ്ങിയ വെളിപാടുകളിലൊന്ന് ഇപ്ര കാരമായിരുന്നു:

'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

പൂർവാഹ്നത്തെ കൊണ്ടും, രാവിനെ കൊണ്ടും സത്യം, അത് സർവത്ര അന്ധകാരമാവുമ്പോൾ. നിന്റെ നാഥൻ നിന്നെ കൈവെടിഞ്ഞിട്ടില്ല. അവൻ വെറുത്തിട്ടുമില്ല. തീർച്ചയായും പിൽക്കാലം ആദ്യത്തേതിനേക്കാൾ നിനക്ക് ഉത്തമമാണ്. നിന്റെ നാഥൻ തീർച്ചയായും നിനക്ക് പല അനുഗ്രഹങ്ങളും നൽകും. അപ്പോൾ നീ തൃപ്തനായി തീരും. അവൻ നിന്നെ അനാഥനായി കണ്ടില്ലയോ? അപ്പോൾ അവൻ നിനക്ക് അഭയം നൽകിയല്ലോ. (തന്നെക്കുറിച്ചുള്ള) അന്വേഷണത്തിൽ അലയുന്ന വനായി അവൻ നിന്നെ കണ്ടു. എന്നിട്ടവൻ (നിനക്ക്) വഴികാണിച്ചു. അവൻ നിന്നെ ദരിദ്രനായി കണ്ടെത്തി. എന്നിട്ടവൻ നിന്നെ സ്വാശ്രയനാക്കി. അതിനാൽ അനാഥനോട് പരുഷമായി പെരുമാറാതിരിക്കുക. യാചകനെ വിരട്ടരുത്. നിന്റെ നാഥന്റെ അനുഗ്രഹത്തെ എടുത്ത് പറയുക.' (93: 1-12)

മേൽ പ്രതിപാദിച്ച ഖുർആൻ സൂക്തങ്ങളിൽ അനാഥകളുടെ അവകാശ സംരക്ഷണം ഏറ്റവും വ്യക്തവും വിശദവുമായി ഖുർആൻ വിവരിച്ചിരിക്കുന്നത് നാം കണ്ടു.

അന്യരുടെ കാര്യത്തിൽ യാതൊരു ശ്രദ്ധയും കൊടുക്കാതെ തന്റെ സ്വാർഥപരമായ ആവശ്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച മനുഷ്യൻ ധാർമികമായി അധഃപതിച്ചവനാണ്. ഇക്കാലത്ത് അനാഥകളോടും വിധവകളോടും ലോകത്തിന്റെ പല ഭാഗങ്ങളിലും വളരെ മോശമായും ദയാരഹിതമായുമാണ് പെരുമാറുന്നത്. ഈ വിമർശനം ഭരണകൂടങ്ങൾക്കും അവരുടെ വികലമായ നികുതി നയങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും കൂടി ബാധകമാണ്. അനാഥകൾക്കും ആശ്രിതരായ വിധവകൾക്കും വളരെ കുറഞ്ഞ പരിഗണനയേ സമൂഹം നൽകുന്നുള്ളൂ. ഇതിന്റെ ഫലമായി അനാഥ സംരക്ഷണത്തിന്റെ കുത്തക ജീവകാരുണ്യ പ്രവർത്തനം നടത്തുന്നവരുടെ ചുമലിലായി. അവരാകട്ടെ പണപ്പെരുപ്പം അധികരിച്ചു വരുന്ന ഇന്നത്തെ സമ്പദ് വ്യവസ്ഥയിൽ നിന്നും അതിനുള്ള വിഭവം കണ്ടെത്താൻ പാടുപെടുകയുമാണ്. അനാഥകളെ വളർത്താൻ പക്വമായരക്ഷിതാക്കന്മാരുടെ ലഭ്യത കുറഞ്ഞു വരുന്നതിനാൽ അനാഥകൾ കുടുംബത്തിലെ ഊഷ്മളമായ അന്തരീക്ഷത്തിൽ വളരുന്നതിന് പകരം കൂടുതൽ സ്ഥാപന വത്കൃതമായ സാഹചര്യത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നു. ക്ഷേമരാഷ്ട്രത്തിന് വേണ്ടി നിലകൊള്ളുന്ന പാശ്ചാത്യ നാടുകളിൽ അനാഥകളുടെ സംരക്ഷണം പോയിട്ട് സ്വന്തം കുട്ടികളുടെ സംരക്ഷണം പോലും അന്യന്റെ കൈകളിൽ ഏൽപ്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്.

അനാഥകളുടെ സംരക്ഷണം യോഗ്യമല്ലാത്ത കുടുംബങ്ങളിൽ വന്ന് ചേരുമ്പോൾ അനാഥകളുടെ ജീവിതം ദുരിതപൂർണമായി തീരുന്നു. അവർ വളരെയേറെ കഠിനതകൾക്ക് വിധേയരാകുന്നു. സ്നേഹം തിരയുന്ന അനാഥക്ക് ഇവിടെ വെറുപ്പാണ് ലഭിക്കുന്നത്. കുടുംബത്തിൽ ഒരംഗത്തെ പോലെ പരിചരിച്ച് വളർത്തേണ്ട അനാഥ, കുടുംബങ്ങൾക്ക് ഒരു ഭാരമായിതീരുന്നു. മറ്റൊന്ന് അനാഥരോട് തീരെ അയഞ്ഞ നിലപാടും അതിലാളനയും കാണിക്കുന്നത് കാരണം അനാഥ ബാലൻ ദുസ്വഭാവിയായി മാറുകയും അവസാനം കുഴപ്പക്കാരനും കുറ്റവാളിയുമായി തീരുകയും ചെയ്യുന്നു. അനാഥകളെ പരിരക്ഷിക്കുന്ന കാര്യത്തിൽ മധ്യസമീപനം കൈകാള്ളണമെന്നും അവരോട് സഹോദരന്മാരെ പോലെ പെരുമാറണമെന്നുമാണ് വിശുദ്ധ ഖുർആൻ വിശ്വാസികളെ ഉപദേശിക്കുന്നത്. മൂത്ത സഹോദരൻ അന്യരിൽ നിന്നും സഹോദരിയേയും സഹോദരനേയും പരിരക്ഷിക്കുന്നത് പോലെ അനാഥയെ സംരക്ഷിക്കണമെന്ന് ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. അനാഥരുടെ രക്ഷകർത്താവ് തനിക്ക് ലഭിക്കുന്നതിൽ നിന്ന് അവരുമായി പങ്കുവെക്കുകയും അവരുടെ സ്വത്ത് അവർ കാര്യശേഷിയെത്തുന്നത് വരെ സംരക്ഷിക്കുകയും വേണം. ഈ വിധത്തിലാണ് ഇസ്‌ലാം അനാഥകളോട് പെരുമാറാൻ ആഗ്രഹിക്കുന്നത്.

അനാഥ സംരക്ഷണം എന്നത് മനുഷ്യന് ഏൽപ്പിക്കപ്പെട്ട സുപ്രധാനമായ ഒരു കർത്തവ്യമാണ്. അനാഥകളെ അവശേഷിപ്പിച്ചു കൊണ്ട് ഒരാൾ മരണ മടയുകയും ആ അനാഥ ജീവിക്കാനായി തെരുവിൽ ഭിക്ഷാ പാത്രവുമായി അലയുകയും അവർ അടിമത്ത സമാനമായ അവസ്ഥയിൽ തുച്ഛമായ വേതനം നൽകപ്പെടുകയും ചെല്ലുന്നേടത്ത് നിന്നെല്ലാം തൊഴിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും വേദനാ ജനകമായ അവരുടെ നിലവിളി ഉയരുകയും ചെയ്തിട്ടും ആരും അവരെ തിരിഞ്ഞുനോക്കുക പോലും ചെയ്യുന്നില്ലെങ്കിൽ, അവർക്ക് ഒരിറ്റ് സ്നേഹം നൽകി ആശ്വസിപ്പിക്കാൻ ആരും മുന്നോട്ട് വരുന്നില്ലെങ്കിൽ അത്തരം ആളുകൾ അവരുടെ മരണത്തെ ഭയപ്പെടേണ്ടിയിരിക്കുന്നു. അനാഥരുടെ കാര്യത്തിൽ അശ്രദ്ധ കാട്ടുന്നവർ ഓർക്കണം എല്ലാവരെയും ഒരുനാൾ മരണം കീഴടക്കുന്നതാണ്. അപ്പോൾ നല്ലത് പോലെ നാം പോറ്റി വളർത്തിയ നമ്മുടെ സ്വന്തം സന്താനങ്ങൾ നമ്മുടെ അഭാവത്തിൽ എങ്ങനെയായിരിക്കും വളരുക? ആരാണ് അവരെ സംരക്ഷിക്കുക? ആ അനാഥയുടെ വിധി തന്നെയായിരിക്കുമോ നമ്മുടെ സന്താനങ്ങൾക്കും വന്നുചേരുക?

ആളുകൾ ഏകോദര സഹോദരന്മാരെ പോലെ എല്ലാവരേയും പരസ്പരം സ്നേഹിച്ചും സഹാ

യിച്ചും വർത്തിക്കുന്ന സമൂഹങ്ങളിൽ ഒരാൾ മരണപ്പെട്ടാൽ അനാഥരാക്കപ്പെടുന്ന ആ കുട്ടികളെ സംരക്ഷിക്കാൻ ആളുകൾ മുന്നോട്ട് വരുന്നു. അങ്ങനെയുള്ള സമൂഹങ്ങളിൽ ഒരാൾക്ക് മരണത്തെ പേടിക്കേണ്ടതില്ല. തനിക്ക് മരണം സംഭവിക്കുകയാണെങ്കിൽ താൻ ഏപ്രകാരം മറ്റുള്ളവരെ സംരക്ഷിച്ചുവോ അത്പോലെ തന്റെ മക്കളും സംരക്ഷിക്കപ്പെടുമെന്ന് അയാൾക്ക് ആശ്വസിക്കാം.

ഒരു കാര്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അനാഥരെ സംരക്ഷിക്കുമ്പോൾ ഒരു സവിശേഷ രീതിയിലുള്ള ധൈര്യ വും തന്റേടവും നമ്മിൽ ഉണ്ടായി വരുന്നു. യുദ്ധക്കളം വിട്ടോടുന്നതിന് പകരം യുദ്ധക്കളത്തിൽ നിന്ന് പോരാടാനുള്ള ഒരു ധീരത അത് പ്രദാനം ചെയ്യുന്നു. തന്റെ അസാന്നിദ്ധ്യത്തിൽ മറ്റുള്ളവർ തന്റെ ബാധ്യതകൾ നിറവേറ്റുമെന്ന് ഉറച്ച ബോധ്യമുള്ള ഒരാൾ മറ്റുള്ളവർക്ക് വേണ്ടി മരിക്കാൻ തയ്യാറാവുന്നു. ഈയൊരു കർമം സമൂഹത്തിന്റെ ക്ഷേമം ഉയർത്തുമെന്ന് മാത്രമല്ല ഭയം കൂടാതെ തന്റെ സ്രഷ്ടാവിനെ അഭിമുഖീകരിക്കാനുള്ള തയ്യാറെടുപ്പ് നടത്താനും തന്റെ മരണ ശേഷം സ്വന്തം സന്താനങ്ങൾ സംരക്ഷിക്കപ്പെടും എന്ന തൃപ്തിയോടെ മരിക്കാനും സാധിക്കും.

റസൂൽ തിരുമേനി(സ)യുടെ കാലത്ത് തന്റെ അനുചരന്മാർക്കിടയിൽ ഒരു അനാഥ ബാലനെ സംരക്ഷിക്കുന്ന വിഷയത്തിൽ ഒരു തർക്കം ഉടലെടുത്തു. ഓരോ അനുചരനും താൻ ആ കർത്തവ്യം നിറവേറ്റുമെന്ന് വാശി പിടിച്ചു. അങ്ങനെ പ്രശ്നം റസൂൽ (സ) തിരുമേനിയുടെ അരികിലെത്തി. അപ്പോൾ അവിടുന്ന്, ആരേയാണ് തന്റെ രക്ഷിതാവായി സ്വീകരിക്കുക എന്ന പ്രശ്നം അനാഥ ബാലന്റെ ഇഷ്ടത്തിന് വിടുകയാണ് ചെയ്തത്. അനാഥ സംരക്ഷണ കാര്യത്തിൽ റസൂൽ (സ) തിരുമേനിയുടെ കാലത്തുള്ള ആവേശം അത്ര മാത്രമായിരുന്നു. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ ഇക്കാലത്ത് ധനവാന്മാരായ ആളുകൾ ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ് ചെയ്യുന്നത്. ഓരോരുത്തരും കരുതുന്നത് ഇക്കാര്യം എന്റെ സാമ്പത്തിക ബാദ്ധ്യതക്കും കുടുംബ പശ്ചാത്തലത്തിനും അപ്പുറത്താണെന്നാണ്. ഒരോ വ്യക്തിയും ഈ ഭാരിച്ച ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറുകയാണ്. ഒരു നാൾ അവരും തങ്ങളുടെ സന്താനങ്ങളെ വിട്ടു കൊണ്ട് ഇങ്ങനെ ലോകത്തോട് വിടപ റയേണ്ടവരാണെന്ന് ഓർക്കുന്നില്ല. വിശുദ്ധ ഖുർആനിലെ **'തങ്ങളുടെ പിന്നിൽ ബലഹീനരായ സന്താനങ്ങളെ വിട്ടു പോകുന്ന പക്ഷം (അവർക്ക് എന്തു സംഭവിക്കുമെന്നോർത്ത്) ഉത്കണ്ഠാകുലരാകുന്നവർ (മറ്റ് അനാഥരുടെ കാര്യത്തിലും അല്ലാഹുവിനെ) ഭയപ്പെടട്ടെ. അതിനാൽ അവർ അല്ലാഹുവിനെ സൂക്ഷിക്കുകയും ഋജുവായ വാക്ക് പറയുകയും ചെയ്യട്ടെ. (4:10)** അതിനാൽ തങ്ങളുടെ ഭാവിതലമുറയുടെ സുരക്ഷിതത്വത്തിന് വേണ്ടി അനാഥകളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കേണ്ടതുണ്ട്.

അനാഥകളുടെ സ്വത്ത് അവർക്ക് നൽകുന്നില്ലെങ്കിൽ അവരുടെ ഉടമസ്തതയിലുള്ള ശുദ്ധമായ സ്വത്ത് പോലും കളങ്കിതമാവുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അനാഥരുടെ സ്വത്ത് കൈക്കലാക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി അത് സ്വന്തം സ്വത്തുമായി കൂട്ടിക്കലർത്തരുത്.

അനാഥയെ സംരക്ഷിക്കുന്ന രക്ഷിതാവിന് ജീവിക്കാനാവശ്യമായ വിഭവങ്ങളുണ്ടെങ്കിൽ അയാളുടെ കീഴിലുള്ള അനാഥയുടെ സ്വത്തിൽ നിന്നും രക്ഷകർത്തൃത്വത്തിനുള്ള പ്രതിഫലം എന്ന നിലക്ക് യാതൊന്നും എടുക്കരുത്. പക്ഷേ രക്ഷിതാവ് ദരിദ്രനാണെങ്കിൽ ന്യായമായ ഒരു വിഹിതം അനാഥയുടെ സ്വത്തിൽ നിന്നും എടുക്കാവുന്നതാണ്. രക്ഷിതാവ് അനാഥയുടെ ഒരു ട്രസ്റ്റിയെ പോലെയാണ് വർത്തി ക്കേണ്ടത്. ഖുർആൻ പറയുന്നു: **'അനാഥർക്ക് കാര്യപ്രാപ്തി എത്തുന്നത് വരെ ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അതിന്റെ ധനത്തെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ അളവും തൂക്കവും നീതിപൂർവം പൂർത്തിയാക്കുക.' (6:153)** ഒരു രാജ്യം മറ്റൊരു ദരിദ്രരാജ്യത്തെ വിധിവശാൽ ഭരിക്കേണ്ടി വന്നാലും ഈ തത്ത്വമാണ് പാലിക്കേണ്ടത്

**ബഹുഭാര്യാത്വവും അനാഥ സംരക്ഷ ണവും**

ബഹുഭാര്യാത്വത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ അനാഥകളുമായി ബന്ധപ്പെടുത്തികൊണ്ടാണ് നാല് ഭാര്യമാരെ വരെ വിവാഹം കഴിക്കാമെന്ന അനുവാദം നൽകുന്നത്. ആ അനുവാദം നൽകപ്പെട്ടിരിക്കുന്നത് സമൂഹത്തിലെ ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ട ഒരു വിഭാഗത്തിന്റെ സംരക്ഷണത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണ് എന്ന കാര്യം ശ്രദ്ധേയമാണ്. സാഹചര്യത്തിന്റെ സമ്മർദമനുസരിച്ച് അനാഥകളിൽ നിന്നും ഒന്നോ അധിലധികമോ സ്ത്രീകളെ വിവാഹം കഴിച്ച് അവരെ ഭാര്യാ പദവി നൽകി ആദരിക്കുകയും ഉത്തരവാദിത്വത്തോടെയുള്ള ദാമ്പത്യ ജീവിതം നയിക്കുകയും ചെയ്യുമ്പോൾ അവരുടെ താൽപര്യങ്ങൾ വളരെ നന്നായി സംരക്ഷിക്കപ്പെടുന്നു. അനാഥകളെ വിവാഹം കഴിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

1 അനാഥകളുടെ ഒരു സംരക്ഷകന് അയാളുടെ സംരക്ഷണത്തിന് കീഴിൽ നിരവധി സ്ത്രീകളായ അനാഥ കളുണ്ടെ ങ്കിൽ പ്രലോഭനങ്ങൾക്ക് അടിമപ്പെടുമോ എന്ന ഭയത്താലും പാപത്തിൽ നിന്നും രക്ഷനേടാനുമായി അയാൾക്ക് അയാളുടെ അധീനതയിലുള്ള അനാഥകളിൽ നിന്നും വിവാഹം കഴിക്കാവുന്നതാണ്. പക്ഷേ ദുർബലരായ അവരുടെ അവകാശങ്ങളും താൽപര്യങ്ങളും ഒരിക്കലും ഹനിക്കപ്പെടാൻ പാടില്ല.

2 വിവാഹിതനായ ഒരാളുടെ

ഭാര്യ തന്റെ കീഴിലുള്ള അനാഥ യോട് നല്ല നിലയിൽ പെരുമാറു ന്നില്ലെങ്കിൽ അയാൾക്ക് അവളെ വിവാഹം കഴിക്കാവുന്നതാണ്. ആ വിട്ടിൽ അവൾക്ക് ഭാര്യ പദവി ലഭിക്കുകയും നല്ലനിലയിൽ കഴിയു കയും ചെയ്യാം .

3 റസൂൽ തിരുമേനി(സ)യുടെ ഒരു പ്രധാന സഹാബിയായിരുന്ന ജാബിർ (റ) മദ്ധ്യവയസ്കയായ ഒരു വിധവയെ വിവാഹം കഴിക്കു കയുണ്ടായി. റസൂൽ തിരുമേനി(സ) അദ്ദേഹത്തോട് എന്തു കൊണ്ട് താങ്കൾ ഒരു യുവതിയെ വിവാഹം കഴിച്ചില്ല എന്ന് ചോദിക്കു കയുണ്ടാ യി. ജാബിർ(റ) മറുപടി പറഞ്ഞു: ''ഞാൻ അങ്ങിനെ ചെയ്യാനുള്ള കാരണം എന്റെ പിതാവ് മരണ മടയുമ്പോൾ എന്റെ അനാഥയായ സഹോദരിമാരെയുംസഹോദന്മാരെ യും പോറ്റി വളർത്തിയത് എന്റെ ഇപ്പോഴത്തെ ഭാര്യയായിരുന്നു.'' റസൂൽ തിരുമേനി(സ) ജാബിർ (റ)വിന്റെ ഈ പ്രവൃത്തിയിൽ വളരെ സന്തോഷം പ്രകടിപ്പിക്കുക യും അദ്ദേഹത്തിന് വേണ്ടി പ്രാർഥി ക്കുകയും ചെയ്തു. (ബുഖാരി )

4 ഒരാൾ തന്റെ ചുമതലയിൽ അനാഥ പെൺകുട്ടികൾ വന്നു ചേർന്നാൽ അവർ അപരിചിത രായത് കാരണം അയാൾക്ക് അവരെ ദയാപൂർവം പരിചരിക്കാൻ സാദ്ധ്യമാകുമോ എന്ന് ഭയപ്പെടു ന്നുവെങ്കിൽ അവരെ വിവാഹം ചെയ്തുകൊണ്ട് അവരുമായി അയാൾക്ക് നേരിട്ട് ബന്ധം സ്ഥാ പിക്കാം. അവർക്ക് മാന്യവും ആദര ണീയവുമായ ഒരു ജീവിതം സമ്മാ നിക്കുകയും ചെയ്യാം.

5 അപ്രകാരം ഒരാൾ തന്റെ കീഴിൽ ധാരാളം അനാഥ പെൺകു ട്ടികളെ പരിപാലിക്കേണ്ടി വരിക യും അവരെ വിവാഹം ചെയ്യാതെ അവരോട് നീതി പുലർത്താൻ കഴിയില്ല എന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ അയാൾക്ക് അവരെ വിവാഹം കഴിച്ച് നല്ല ജീവിതം നൽകാം. പക്ഷേ നാല്വരെ അനാ ഥകളെ വിവാഹം കഴിക്കാൻ മാത്ര മേ അനുവാദമുള്ളൂ. അങ്ങനെ വിവാഹം കഴിക്കുന്ന ആളിൽ നിന്നും അവരുടെ അവകാശം ഹനിക്കപ്പെടുകയാണെങ്കിൽ അത്തരക്കാർക്ക് അനാഥ പെൺ കുട്ടിയെ വിവാഹം ചെയ്ത് കൊടു ക്കുന്നത് നിരോധിച്ചിരിക്കുന്നു. (ഇസ്‌ലാം അനാഥയുടെ രക്ഷകർ ത്താവിനെ യഥാർഥ പിതാവായോ നിയമപരമായ പിതാവായോ അംഗീ കരിക്കില്ല. അതിനാൽ അനുയോജ്യ നാണെങ്കിൽ അവരുടെ രക്ഷകർ ത്താക്കൾക്ക് അവരെ വിവാഹം ചെയ്യാവുന്നതാണ്.)

രണ്ടാം ഖലീഫ ഹദ്റത്ത് ഉമർ (റ) സമ്പന്നയോ സുന്ദരിയോ ആയ അനാഥ പെൺകുട്ടിയെ അവരുടെ രക്ഷാകർത്താക്കളെ കൊണ്ട് വിവാ ഹം ചെയ്യാൻ അനുവദിച്ചിരു ന്നില്ല. അവർക്ക് കൂടുതൽ അനുയോ ജ്യരായ മറ്റു ഭർത്താക്കന്മാരെ ലഭിക്കാൻ ശ്രമിക്കുകയും അതിന് നിർബന്ധിക്കുകയും ചെയ്യുമായിരു ന്നു. അതേ സമയം അത്രയധികം സൗന്ദര്യമോ സമ്പന്നയോ അല്ലാത്ത സ്ത്രീകളെ അവരുടെ രക്ഷകർ ത്താവിനോട് തന്നെ വിവാഹം ചെയ്യാൻ ശുപാർശ ചെയ്യുമായിരു ന്നു. കാരണം അവരെ നന്നായ റിയാവുന്നയാൾ എന്ന നിലക്ക് ആ അനാഥ സ്ത്രീക്ക് കൂടുതൽ പരിര ക്ഷ നൽകുകയും ദയാപൂർവം അവരോട് പെരുമാറുകയും ചെയ്യാ ൻ സാദ്ധ്യതയുണ്ട്. ബഹുഭാര്യാത്വം ഈ ലേഖനത്തിന്റെ പരിധിയിൽ ഉൾക്കൊള്ളാൻ കഴിയാത്ത വളരെ വിശാലമായ ഒരു വിഷയമാണ്. വിശുദ്ധ ഖുർആനിലെ മറ്റു ചില വചനങ്ങളുടെ ആശയം നമുക്ക് പരിശോധിക്കാം.

ചില മുസ്‌ലിംകൾ അവരുടെ അധീനതയിലുള്ള അനാഥകൾ തങ്ങൾക്ക് അവകാശപ്പെട്ട പണം അവർ ആവശ്യപ്പെടുമ്പോൾ നൽ കുന്നു. രക്ഷിതാക്കളുടെ കടമ നിറ വേറ്റലായി അവരതിനെ കരുതു ന്നു. എന്നാൽ വിശുദ്ധ ഖുർആൻ അത്തരത്തിൽ അയഞ്ഞ രീതിയിൽ അവർക്ക് പണം നൽകുന്നതിനെ തിരെ രക്ഷിതാക്കളെ താക്കീത് ചെ യ്യുന്നു. കാരണം അനാഥകൾ കൗ മാരക്കാരോ ബാല്യ പ്രായത്തിലു ള്ളവരോ ആണെങ്കിൽ അവർ തങ്ങ ളുടെ ധനം വൃഥാവ്യയം ചെയ്യു കയും അവരുടെ സ്വഭാവം അതു വഴി ദുഷിക്കുകയും ചെയ്യും. ഈ ഉപദേശം ദുർബലരും കാര്യശേഷി യില്ലാത്തതുമായ എല്ലാകുട്ടികൾ ക്കും ബാധകമാണ്. ഈ വചനം ഒരു രാഷ്ട്രവുമായി ബന്ധപ്പെടു ത്തി വ്യാഖ്യാനിക്കുകയാണെങ്കിൽ പക്വത വരാത്ത അനാഥകളുടെ സ്വത്തിന് സംരക്ഷണം നൽകാൻ ആ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന കോടതികളും സ്ഥാപന ങ്ങളും രാജ്യത്ത് സ്ഥാപിക്കണം. അനാഥകളുടെ എല്ലാ കാര്യങ്ങൾ ക്കും മറ്റൊരാളുടെ സാക്ഷ്യം വ്യവ സ്ഥ ചെയ്യുന്നത് അവരുടെ അവ കാശങ്ങൾ സംരക്ഷിക്കാനും എല്ലാ ദുരുപയോഗങ്ങളിൽ നിന്നും തെറ്റി ദ്ധാരണകളിൽ നിന്നും ദുർവ്യ യങ്ങളിൽ നിന്നും സംരക്ഷണം നൽകാനും സഹായകമാണ്.

അടുത്ത ബന്ധുവല്ലാത്ത അനാ ഥർക്ക് നിയമപരമായി പിന്തുടർച്ചാ വകാശം നൽകിയിട്ടില്ലെങ്കിലും എല്ലാ സത്യവിശ്വാസികളായ മുസ് ലിം കളോടും അവരുടെ സ്വത്തിന് ഒസ്യത്ത് എഴുതുമ്പോൾ സ്വത്തിൽ നിന്ന് ഒരു ഭാഗം നിയമപരമായി അവകാശമില്ലാത്ത അനാഥർക്കും പാവങ്ങൾക്കും അകന്ന ബന്ധു ക്കൾക്കുമായി നീക്കി വെക്കണ മെന്ന് ഖുർആൻ ഉപദേശിക്കുന്നു. വസിയത്ത് ചെയ്യുന്ന ആൾ തന്റെ സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗ ത്തിലധികം അനന്തരാവകാശി കളല്ലാത്തവർക്കായി വസിയത്ത് ചെയ്യാനും പാടുള്ളതല്ല. (ബുഖാരി അദ്ധ്യാ. വസിയത്ത്)

സംരക്ഷണം ലഭിക്കാത്ത ദരിദ്ര നായ അനാഥർക്ക് സക്കാത്ത് ഫണ്ടിൽ നിന്നും പണം ആവശ്യ പ്പെടാവുന്നതാണ്. അനാഥകളെ സംരക്ഷിക്കാൻ ഇസ്‌ലാം എല്ലാ മുസ്‌ലികളെയും ബാദ്ധ്യതപ്പെടു ത്തിയിരിക്കുന്നു. മനുഷ്യത്വപരമായ ഈ ശ്രേഷ്ഠ പ്രവർത്തിയിൽ നിന്നും അതിന്റെ നന്മ ലഭിക്കുന്നു. റസൂൽ തിരുമേനിക്ക് ഇക്കാര്യ

ത്തിലുള്ള ഉറച്ച പ്രതിബദ്ധത വ്യക്തമാണ്.

**റസൂൽ തിരുമേനി(സ)യും അനാഥരും**

റസൂൽ(സ)തിരുമേനി ജീവിതത്തിലുടനീളം ഏത് കഠിനമായ വിപദ് ഘട്ടത്തിലും സഹന ശീലനായിരുന്നു. പ്രതി സന്ധി ഘട്ടങ്ങളിൽ അവിടുന്ന് ഒരിക്കലും തളർന്നു പോയിട്ടില്ല. അവിടുന്ന് ഏതെങ്കിലും വ്യക്തിപരമായ ആഗ്രഹത്തിന് വശംവദനാകുമായിരുന്നില്ല. അവിടുത്തെ പിതാവ് ജനനത്തിന് മുമ്പ്തന്നെ ദിവംഗതനാകുകയുണ്ടായി. എട്ടു വയസ്സായ ഒരു ബാലനായിരിക്കുമ്പോഴാണ് മാതാവിന്റെ വിയോഗമുണ്ടായത്. അവിടുന്ന് തന്റെ പിതാമഹന്റെ സംരക്ഷണയിലാണ് വളർന്നത്. പിതാമഹന്റെ മരണത്തിന് ശേഷം അമ്മാവൻ അബൂതാലിബിന്റെ സംരക്ഷണത്തിലായിരുന്നു.

പിതാവിന്റെ അഭാവത്തിൽ അവിടുത്തോട് പ്രകൃത്യാതന്നെ അതീവവാത്സല്യമായിരുന്നു. അവർ രണ്ടു രക്ഷ കർത്താക്കളും ആ അനാഥ ബാലനോടു പുലർത്തിയിരുന്നത്. അവരുടെ ശിക്ഷണത്തിലായിരുന്നു അവിടുന്ന് വളർന്നത്. തന്റെ കൊച്ചനന്തരവനെ സദാസമയവും അതീവ ശ്രദ്ധയോടെയും പരിലാളനയോടെയുമായിരുന്നു അബൂതാലിബ് വളർത്തിയത്. പക്ഷേ അബൂതാലിബിന്റെ ഭാര്യക്ക് അത്രകണ്ട് താൽലപര്യം അവിടുത്തോട് ഉണ്ടായിരുന്നില്ല. ചിലപ്പോൾ തന്റെ ഭർത്താവിന്റെ കൊച്ചനന്തരവന് നൽകാതെ ചില സാധനങ്ങൾ അവരുടെ മക്കൾക്ക് മാത്രമായി വിതരണം ചെയ്യുമായിരുന്നു. ഇത്തരം അവസരത്തിൽ അബൂതാലിബ് വീട്ടിലേക്ക് വരുമ്പോൾ തന്റെ കൊച്ചനന്തരവൻ ഒറ്റക്കിരിക്കുന്നതായി കാണാറുണ്ട്. അപ്പോൾ ആ അനാഥ ബാലൻ യാതൊരു വിധ പരാതിയോ പരിഭവമോപറഞ്ഞിരുന്നില്ല. അവിടുത്തെ വദനത്തിൽ അണുഅളവ് സങ്കടഭാവമോ മ്ലാനതയോ കാണുമായിരുന്നില്ല. ഉന്നതമായ കുലീനഭാവമായിരുന്നു ആ കുഞ്ഞു ബാലനിൽ അപ്പോഴും കളിയാടിയിരുന്നത്. തന്നിലർപ്പിതമായ ഉത്തരവാദിത്വത്തിന്റെ തിരിച്ചറിവിനാൽ സ്നേഹാതിരേകത്താൽ പ്രചോദിതനായി അബൂതാലിബ് തന്റെ സഹോദരിപുത്രന്റെ അടുക്കലേക്ക് ഓടിച്ചെന്ന് മാറോടണച്ച് ചേർത്ത് ഉറക്കെ പറയും 'എന്റെ ഈ കുഞ്ഞിനെയും കൂടി ശ്രദ്ധിക്കുക.' ഇത്തരം സന്ദർഭങ്ങൾ പതിവായിരുന്നു. പക്ഷേ അവരുടെ ഇത്തരം ചെയ്തികൾ ഒരിക്കലും കൊച്ചു മുഹമ്മദിനെ യാതൊരു വിധത്തിലും ബാധിച്ചിരുന്നില്ല. താൻ അവഗണിക്കപ്പെടുന്നതിന്റെ യാതൊരു സൂചനയും അദ്ദേഹത്തിന്റെ പെരുമാറ്റത്തിലുമുണ്ടായിരുന്നില്ല എന്ന് അവരെല്ലാം ഒരുപോലെ സാക്ഷ്യം വഹിക്കുന്നു. തന്റെ മച്ചൂനന്മാരോട് ഒരു വിധത്തിലുള്ള പരിഭവവും അവിടുന്ന് വെച്ച് പുലർത്തിയില്ല. പിൽക്കാലത്ത് അവിടുന്ന് തന്റെ അമ്മാവന്റെ മക്കളായ അലിയേയും ജഅഫറിനേയും വളർത്തി വലുതാക്കി തന്റെ കടമ ഏറ്റവും ഉത്തമമായ രീതിയിൽ അദ്ദേഹം തിരിച്ചു നൽകി.

ജീവിതത്തിലുടനീളം റസൂൽ തിരുമേനി(സ) കടുത്ത അഗ്നി പരീക്ഷണങ്ങളെയായിരുന്നു നേരിട്ടത്. അവിടുന്ന് ഒരു അനാഥനായിട്ടായിരുന്നു ജനിച്ചത്. നന്നേ ചെറുപ്രായത്തിൽ മാതാവും ദിവംഗതയായി. എട്ടു വയസ്സായപ്പോൾ പിതാമഹനും മരിച്ചു. വിവാഹത്തിന് ശേഷം ഒന്നിന് പിറകെ ഒന്നായി അവിടുത്തെ സന്താനങ്ങളും വേർപിരിഞ്ഞു. പിന്നീട് അവിടുത്തെ പ്രിയങ്കരിയായ പത്നി ഖദീജ(റ) അന്തരിച്ചു. ഖദീജ(റ)യുടെ വേർപാടിന് ശേഷം അവിടുന്ന് വിവാഹം കഴിച്ച ചില പത്നിമാരും തന്റെ ജീവിതകാലത്തും കാലഗതി പ്രാപിച്ചു. അവസാനകാലത്ത് ജനിച്ച മകൻ ഇബ്റാഹിം മരണപ്പെട്ടു. ഈ മഹാ ദുരന്തങ്ങളെല്ലാം അചഞ്ചലനും പ്രസന്നവദനനുമായി അദ്ദേഹം സഹിച്ചു. അദ്ദേഹത്തിന്റെ സൗശീലമാർന്ന സഹജ ഗുണത്തിന് അണുമണി തൂക്കം ഗ്ലാനിയുണ്ടായില്ല. അവിടുത്തെ സ്വകാര്യ ദുഃഖങ്ങളൊന്നും തന്നെ വെളിയിൽ കാണിച്ചില്ല. എപ്പോഴും പ്രസന്ന വദനനായി അവിടുന്ന് കാണപ്പെടുകയും എല്ലാവരോടും ഒരുപോലെ പെരുമാറുകയും ചെയ്തു. ഒരിക്കൽ തന്റെ കുഞ്ഞ് മരിച്ച ഒരു സ്ത്രീയെ അവിടുന്ന് കണ്ടുമുട്ടുകയുണ്ടായി. കുഞ്ഞിന്റെ കബറിടത്തിൽ ആ സ്ത്രീ അലമുറയിട്ട് കരയുന്നുണ്ടായിരുന്നു. അവിടുന്ന് ആ സ്ത്രീയെ ദൈവത്തിന്റെ വിധി അംഗീകരിക്കാനും സഹനം കൈകൊള്ളാനും ഉപദേശിച്ചു. തന്നെ ഉപദേശിച്ച ആ മനുഷ്യൻ പ്രവാചകനാണെന്ന് ആ സ്ത്രീ അറിഞ്ഞിരുന്നില്ല. 'എന്നെപോലെ താങ്കൾ ഒരിക്കലും ഒരു കുഞ്ഞിന്റെ വേർപാട് അനുഭവിച്ചിട്ടുണ്ടാവില്ല. തങ്കൾക്ക് അത്തരത്തിലൊരു ദുഃഖം വന്നാലറിയാം അതിന്റെ വേദന'. അവരോട് പ്രവാചകൻ ഇങ്ങനെ പ്രതിവചിച്ചു: 'ഒരു കുട്ടി മരിച്ചതിന്റെ സങ്കടമല്ല ഏഴു കുട്ടികൾ മരിച്ചതിന്റെ വേദന ഞാൻ അനു ഭവിച്ചിട്ടുണ്ട്.' ഈ വിധത്തിൽ തന്റെ ദുഃഖം പരോക്ഷമായി അവിടുന്ന് സൂചിപ്പിക്കുകയായിരുന്നു. അവിടുന്ന് ദുഃഖത്തെ പറ്റി മാത്രം ചിന്തിച്ചിരിക്കില്ലായിരുന്നു. മാനവരാശിയുടെ സേവനത്തിനുള്ള തന്റെ ദൗത്യത്തിന് ആ ദുഃഖങ്ങളൊന്നും അദ്ദേഹത്തിന് വിലങ്ങു തടിയായിരുന്നില്ല. മനുഷ്യരുടെ സങ്കടങ്ങൾ പങ്കിടുന്നതിൽ നിന്നും അതൊന്നും യാതൊരു വിധത്തിലും അദ്ദേഹത്തെ തടഞ്ഞില്ല.

(The Life of Muhammed- By Hadrath Mirza Bashiruddin Mahmood Ahmad KahalifathuI Masih II P. 193-195)

വാസ്തവത്തിൽ റസൂൽ തിരുമേനി(സ) എല്ലാ അർഥത്തിലും ഒരു അനാഥനായിരുന്നു. അവിടുത്തെ അനാഥത്വം തീവ്രമായിരുന്നു. അവിടുന്ന് ജനിക്കുന്നതിന് മുമ്പ് തന്നെ പിതാവ് മരിച്ചു ആറു വയസ്സാകുമ്പോഴേക്കും മാതാവും മരിച്ചു. പിതാമഹനായ അബ്ദുൽ മുത്തലിബായിരുന്നു മാതാവിന്റെ വിയോ

# ഇസ്‌ലാമിന്റെ സുവർണഭൂതകാലം

ചൗധരി അബ്ദുസ്സലാം അക്തർ

**ലോ**ക സംസ്കാരത്തിന് അനശ്വരമായ സംഭാവനകൾ നൽകിയ ഒരു ഭൂതകാലം ഇസ്‌ലാമിനുണ്ടായിരുന്നു. ശാസ്ത്രം, സാഹിത്യം, കല എന്നീ രംഗങ്ങളിൽ അത് നിറഞ്ഞു നിന്നിരുന്നു. മുസ്‌ലിം പ്രതിഭകളെ പറ്റി വിശദീകരിക്കുന്നതിന് മുമ്പായി ഒരു കാര്യം നാം ശ്രദ്ധാപൂർവം ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ വൈജ്ഞാനിക പുഷ്ക്കലകാലത്ത് ഒരു വിഷയവും ഒറ്റപ്പെട്ടു നിന്നില്ല. ഒന്നിനോടൊന്ന് ബന്ധപ്പെട്ട നിലയിലായിരുന്നു അവയെല്ലാം. വിശേഷവത്കൃതവിജ്ഞാനം അഥവാ ഒരു പ്രത്യേക വിഷയത്തിൽ വൈദഗ്ധ്യം നേടിയവർ അക്കാലത്തും ഉണ്ടായിരുന്നു. തനിക്ക് ചുറ്റുമുള്ള ലോകത്ത് കൗതുക പൂർവമുള്ള താൽപര്യമാണ് ഒരാളെ വിശേഷവത്കൃതമായ രസതന്ത്ര വിജ്ഞാനിയും ഗോള ശാസ്ത്രജ്ഞനും ആക്കുന്നത്, അപ്രകാരം ഒരാളെ തത്ത്വജ്ഞാനിയാക്കുന്നതും ഈ താൽപര്യം തന്നെയാണ്. മഹാനായ ചരിത്രകാരൻ ഇബ്നു ഖൽദൂൺ ഒരേ സമയം തത്ത്വജ്ഞാനിയും ചരിത്ര രചനാശാസ്ത്രകാരനും (Historiographer) ആയിരുന്നു. പ്രശസ്ത പാശ്ചാത്യ എഴുത്തുകാരൻ ഫിലിപ്പ് ഹിറ്റി അദ്ദേഹത്തെ വിളിച്ചത് '**ഏക്കാലത്തേയും വലിയ ചരിത്രകാരനായ തത്ത്വശാസ്ത്രകാരൻ**'എന്നാണ്. മറ്റൊരു മുസ്‌ലിം തത്ത്വശാസ്ത്രജ്ഞൻ ഇബ്നു റുഷ്ദാണ്. അദ്ദേഹം സ്വയം ശാസ്ത്ര പഠനത്തിൽ മാത്രം മുഴുകിയ ആളായിരുന്നില്ല. അദ്ദേഹത്തെ പറ്റി ഹിറ്റി പറയുന്നത്

'ഇബ്നു റുഷ്ദ് എന്ന വൈദ്യവിജ്ഞാനിയെ മുഴുവനും തത്ത്വജ്ഞാനിയും ഖുർആൻ ഭാഷ്യകാരനുമായ ഇബ്നു റുഷ്ദ് ഗ്രസിച്ചു കളഞ്ഞുവെന്നാണ്.

മറ്റൊരു ശ്രദ്ധേയമായ വസ്തുത എന്തെന്നാൽ, സാധാരണക്കാരനോട് പോലും അവന്റെ ദൈനംദിന ജീവിത പ്രശ്നങ്ങൾക്കപ്പുറത്തേക്ക് വിശാലമായ വൈജ്ഞാനിക ലോകം നോക്കിക്കാണാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു എന്നതാണ്. ഒരു അമുസ്‌ലിം ചിന്തകനെ സംബന്ധിച്ചിടത്തോളം പ്രകൃതിയിൽ നടക്കുന്ന നിയമങ്ങളെപറ്റി ഒരു മതഗ്രന്ഥം പറയുക എന്നത് ഒരു നൂതനമായ ആശയമാണ്. പക്ഷേ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അയാൾ ഒരു തൊഴിലാളിയാവട്ടെ ഒരു ഡോക്ടറാകട്ടെ ഒരു ദിവ്യജ്ഞാനിയാകട്ടെ അയാൾക്ക് ഈ പ്രപഞ്ചം ചിന്തിക്കാനുള്ള വിഭവവും പ്രവർത്തിക്കുവാനുള്ള കളരിയുമാണ്. ഖുർആൻ പറയുന്നു:

'ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനുള്ളതാണ്. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശഭൂ

---

ഗത്തിന് ശേഷം അവിടുത്തെ സംരക്ഷണം ഏറ്റെടുത്തത്. രണ്ട് വർഷത്തിന് ശേഷം അബ്ദുൾ മുത്തലിബും ദിവംഗതനായി. പിന്നീട് ദരിദ്രനായ അമ്മാവനായിരുന്നു അവിടുത്തെ സംരക്ഷകൻ. അങ്ങനെ റസൂൽ തിരുമേനി(സ)ക്ക് ചെറുപ്രായത്തിൽ തന്നെ മാതാ പിതാക്കന്മാരുടെ ലാളനയേൽക്കാനോ സ്നേഹം അനുഭവിക്കാനോ സാധ്യമായില്ല. എങ്കിലും റസൂൽ തിരുമേനി (സ)ക്ക് തന്റെ താഴെയുള്ള വരിൽ നിന്നും മുകളിലുള്ളവരിൽ നിന്നും തന്റെ അനുചരന്മാരിൽ നിന്നും നാട്ടുകാരിൽ നിന്നും ലോകത്ത് ഒരു സ്ത്രീ പ്രസവിച്ച മനുഷ്യനും ലഭിക്കാത്തയത്ര സ്നേഹവും സൗഹൃദവും ലഭിച്ചു. അതിന് മുമ്പോ പിമ്പോ ഭാവികാലത്തോ അത്തരം സ്നേഹവും സൗഹൃദവും ആർക്കും ലഭിക്കുകയില്ല. (Commentary on the Holy Quran -by Hadrath Mirza Bashiruddin Mahmood Ahmad KahalifathuI Masih II

മികളുടെ സൃഷ്ടിപ്പിനെ സംബ ന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കു കയും ചെയ്യുന്നവരായ (ബുദ്ധിമാ ന്മാർ). ഞങ്ങളുടെ നാഥാ!, നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടി ച്ചത്. നീ പരിശുദ്ധനാണ്, അതി നാൽ നീ ഞങ്ങളെ നരക ശിക്ഷ യിൽ നിന്നും രക്ഷിക്കേണമേ'(വി. ഖു 3:190–192)

വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം പ്രപഞ്ചത്തിന്റെ ഘടനാ സംവിധാനത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തണമെന്ന് മാത്രമല്ല ഉന്നത നിലവാരത്തിലുള്ള പ്രതിഭാശാലികളെ വളർത്തി യെടുക്കണമെന്ന് നിർബന്ധിക്കുക കൂടി ചെയ്യുന്നു. അതുകൊണ്ടാണ് പ്രഗല്ഭ ജർമൻ പണ്ഡിതനായ ഹംബോൾട്ട് പറഞ്ഞത് 'നാം ഇന്ന് അനുഭവിക്കുന്ന ഭൗതിക ശാസ്ത്ര ത്തിന്റെ യഥാർഥ സൃഷ്ടാക്കളായി അറബികളെയാണ് കണക്കാക്കേ ണ്ടത്' എന്ന്. ശാസ്ത്ര ചരിത്രകാ രനായ ജോർജ് സാർട്ടൺ അറബ് ശാസ്ത്രജ്ഞന്മാർക്ക് നൽകിയ ഉജ്ജ്വലമായ ആദരം നോക്കു.

'8–ാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ 11–ാം നൂറ്റാണ്ടിന്റെ അവ സാനം വരെ അറബിയായിരുന്നു മനുഷ്യ സമൂഹത്തിന്റെ ശാസ്ത്ര ത്തിന്റേയും പുരോഗമനത്തിന്റെ യുംഭാഷ. അക്കാലത്ത് ഏറ്റവും മൂല്യവത്തായതും ഏറ്റവും അർഥ ഗർഭിതവും ഏറ്റവും മൗലിക വുമായ രചനകൾ എഴുതപ്പെട്ടത് അറബിയിലായിരുന്നു. ആ നാളു കളിൽ ഒരാൾ കൂടുതൽ അറിവ് നേടാനും സമകാലീന ജ്ഞാനം ആർജിക്കാനും അറബി പഠിക്കേ ണ്ടതുണ്ടായിരുന്നു. ശാസ്ത്ര രംഗത്ത് സമസ്ഥാനീയ പദവിയ ലങ്കരിക്കാൻ പശ്ചിമ ദേശത്ത് അക്കാലത്ത് ആരുമില്ലായിരുന്നു. പ്രഗല്ഭമതികളായ അറബി വി ജ്ഞാനികളിൽ ചിലരുടെ പേരുകൾ ഇപ്പോൾ സ്മരിക്കുന്നത് ഉചിതമാ യിരിക്കും. ജാബിരുബ്നു ഹയ്യാൻ, അൽ കിന്ദി, അൽ ഖാവാരിസ്മി, അൽറാസി, താബിത്ത്ബ്നൂ ഖുർറു, ഇബ്നു യൂനുസ്, അലി ഇബ്നു ഈസാ, ഇബ്നു സീനാ,.... കീർ ത്തി ധാവള്യം പരത്തിയ അതിപ്രശ സ്തരായ ഇവരുടെ പട്ടിക ഇനിയും നീട്ടാൻ യാതൊരു പ്രയാസ വുമി ല്ല.... മദ്ധ്യകാല യൂറോപ്പിന്റെ ചരിത്രത്തിൽ മുസ്‌ലിം സ്പെയിൻ ധൈഷണിക പ്രബുദ്ധതയുടെ തിളങ്ങുന്ന അധ്യായം എഴുതി ചേർക്കുകയുണ്ടായി. 8–ാം നൂറ്റാ ണ്ടിന്റെ മദ്ധ്യകാലം മുതൽ 13–ാം നൂറ്റാണ്ടിന്റെ ആദ്യം വരെ അറബി ജനതയായിരുന്നു സംസ്ക്കാര ത്തിന്റെയും നാഗരികതയുടെയും ദീപശിഖ വഹിച്ചവർ'

മറ്റൊരു പ്രമുഖനും ആധികാ രിക ഭൗതിക ശാസ്ത്ര ചരിത്രകാര നുമായ സർ എഡ്വേർഡ് തോർ പെയ്ൻ എഴുതുന്നു.

'സ്പെയിനിലെ മുസ്‌ലിം ഖലീ ഫമാരായിരുന്ന യൂസുഫിന്റെയും യാഖൂബിന്റെയും ഭരണത്തിന് കീഴിലാണ് ശാസ്ത്രം സമ്പൂർ ണനാശത്തിൽ നിന്നും രക്ഷി ക്കപെട്ടത്. കോർഡോബ, ഗ്രനഡ്, സാവില്ലി, ടൊലിഡോ എന്നിവിട ങ്ങളിലായിരുന്നു പശ്ചിമ യൂറോ പ്പിലെ മുഖ്യ വിദ്യാകേന്ദ്രങ്ങൾ. അവറോസ് എന്ന പേരിലറിയപ്പെട്ട പ്രഗല്ഭനായ മുസ്‌ലിംപ്രതിഭാശാ ലി ഇബ്നു റുശ്ദി (എ ഡി. 1126– 1193) ആണ് അതിന് നേതൃത്വം നൽകിയത്. മുസ്‌ലിംകളായ ജബർ, അവിസെന്ന എന്നിവരിലൂടെ യായി രുന്നു റോജർ ബേക്കർ മുതലായ പ്രശസ്തരായ ക്രിസ്ത്യൻ പണ്ഡിത ന്മാർ അരിസ്റ്റോട്ടിലിന്റെ തത്ത്വ ശാസ്ത്ര സിദ്ധാന്തങ്ങൾ മനസ്സിലാ ക്കിയത്.

**ചരിത്രരചനാശാസ്ത്രം**
**(ഹിസ്റ്റോറിയോഗ്രഫി)**

ഹിസ്റ്റോറിയോ ഗ്രഫി എന്നാൽ ചരിത്രത്തിലെ വസ്തുതകൾ കാല നുക്രമമായും ഉദ്ദേശ്യാ ധിഷ്ഠിത മായും എഴുതുകയും രേഖപ്പെടു ത്തുകയും ചെയ്യുക എന്നാണർഥം. സമീപനത്തിൽ ശുദ്ധതത്ത്വ ശാസ് ത്രകാരന്മാരോട് അടുത്ത് നിൽക്കു ന്നവരാണ് മുസ്‌ലിം ഹിസ്റ്റോറിയോ ഗ്രഫേഴ്സ്. മുസ്‌ലിം ചരിത്ര രച നാശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ പ്രഥമസ്മരണീയരും അതു ല്യരുമായ മൂന്ന് പേരുണ്ട്. ആദ്യ ത്തേയാൾ അബൂ അൽ ഹസൻ അലി അൽ മസ്ഊദി. മഹാനായ ഗ്രീക്ക് ചരിത്രകാരൻ ഹെറോ ഡോട്ട സിനെപോലെ തീർച്ചയായും അദ്ദേഹം അറബി കളുടെ ചരിത്രത്തിന്റെ പിതാവാണ്. പക്ഷേ മസ്ഊദിയുടെ രീതി വ്യത്യസ്തമായിരുന്നു. വിഷ യാധി ഷ്ഠിതമായി ചരിത്രത്തെ സമീ പിക്കുന്ന രീതി അദ്ദേഹമാണ് കണ്ടെ ത്തിയത്. സംഭവങ്ങളെ അദ്ദേഹം വർഷങ്ങളുടെയും തീയതികളുടെ യും അടിസ്ഥാനത്തിലല്ല തരം തിരിച്ചത്. വ്യക്തികളുടേയും രാജ പരമ്പരകളുടെയും അടിസ്ഥാന ത്തിൽ അദ്ദേഹം ചരിത്രത്തെ ചിട്ട പ്പെടുത്തി. ചരിത്രകഥനത്തിന് സജീവത വരുത്തുവാൻ അദ്ദേഹം ചരിത്ര സംഭവങ്ങൾക്ക് ഉപാഖ്യാന ങ്ങളും നൽകുകയുണ്ടായി.

അസാമാന്യരായ മറ്റു രണ്ട് ചരിത്രകാരന്മാരാണ് ഇബ്നു ഖൽ ദൂണും തബരിയും. ചരിത്രത്തിലാ ദ്യമായി കാലാവസ്ഥയും ഭൂമിശാ സ്ത്രവും മനുഷ്യന്റെ ധാർമിക ഘടകങ്ങളും ചേർന്നാണ് ചരിത്രം നിർമിക്കുന്നതെന്ന സിദ്ധാന്തം ഇബ്നു ഖൽദൂൺ ആവിഷ്ക്കരിച്ചു. അപ്രകാരം ജന വർഗങ്ങളുടെ പുരോഗതിയുടെയും ശൈഥി ല്യത്തിന്റെയും നിയമം കണ്ടെ ത്തിയതും ഇബ്നു ഖൽദൂണാണ്. ജനതയുടെ ഉയർച്ചയുടെയും താഴ്ച്ചയുടെയും യഥാർഥ കാരണം ആദ്യമായി കണ്ടെത്തിയും ഇബ്നു ഖൽദൂൺ തന്നെയാണ്.

തബരി ലോകാരംഭം മുതൽ എ. ഡി 915 വരെയുള്ള ലോകത്തിന്റെ ചരിത്രം എഴുതുകയുണ്ടായി. പഠനത്തിന് വേണ്ടി പഠിക്കുക എന്ന തത്ത്വത്തിൽ അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ ചരിത്രം അതു കൊണ്ട് ഒരു മത ശാസ്ത്രിയുടെ ആവേശമുള്ളതും ഒരു ന്യായാധി പന്റെ സൂക്ഷ്മത യുള്ളതും രാഷ് ട്രവിജ്ഞാനിയുടെ അന്തർ ദൃഷ്ടി പ്രകടമാവുന്നതുമായിരുന്നു. തബരിയുടേത് തികച്ചും വിജ്ഞാ

നാന്വേഷണത്തിനുവേണ്ടി ഉഴിഞ്ഞു വെച്ച ജീവിതമായിരുന്നു.

**ചിത്രകലയും വാസ്തു ശിൽപവും**

കല എന്നത് വിവാദാത്മകമായ ഒരു വിഷയമാണ്. ആധുനിക കാലത്ത് അതിൽ പലതിനും പല രൂപ പരിണാമങ്ങളും സംഭവിച്ചിരിക്കുന്നു. പക്ഷേ ഇന്നു വരെയുള്ള മനുഷ്യന്റെ ചിത്രരചനയോടുള്ള സർഗ വാസന പരിഗണിക്കുമ്പോൾ മുസ്‌ലിംകല ഭാവനയുടെ പാരമ്യങ്ങൾ കൈവരിച്ചതായി കാണാം. 13-ാം നൂറ്റാണ്ടിലെ പുസ്തകങ്ങൾ പ്രത്യേകിച്ചും കഥാപുസ്തകങ്ങളും ശാസ്ത്ര സംബന്ധിയായ പുസ്തകങ്ങളും ചിത്രീകരണങ്ങൾ കൊണ്ട് സമൃദ്ധമായിരുന്നു. യഹ്‌യാ ഇബ്നു മഹ്മൂദ് അൽ വസീതി (Yahya ibn Mahmud al-Wasiti)l ഏറ്റവും പ്രശസ്തനായ ചിത്രകലാകാരനായിരുന്നു അദ്ദേഹത്തിന്റെ പ്രതീകാത്മക ചിത്രീകരണമായ **'മുഖാമത്തി ഹരീരി'*** ആഹ്ളാദവും പ്രചോദനവും ഒരേ സമയം പ്രദാനം ചെയ്യുന്നു. സിറിയൻ മരുഭൂമിയിലെ കുളിമുറിയുടെയും സുഖഭവനങ്ങളുടെയും ചുമരുകളിൽ വലീദ് (എ.ഡി. 705-715) ന്റെകാലത്ത് വരക്കപ്പെട്ട ചുമർചിത്രങ്ങളും (Murals) യസീദ് നിർമിച്ച പ്രശസ്തമായ കസറെ അമ്റ് ഭിത്തിയും അതീവ മനോഹരമായ ചിത്രങ്ങളെകൊണ്ട് അലംകൃതമായിരുന്നു. അത്തരത്തിലുള്ള ചുവർ ചിത്രങ്ങളായിരുന്നു ഉമവി ഖലീഫമാരുടെ കീഴിലായിരുന്ന ഇറാനിലും ഈജിപ്തിലും കണ്ടിരുന്നത്.

ലോകം കണ്ടതിൽ വെച്ചേറ്റവും നല്ല ചിത്രകല ആവിഷ്ക്കരിക്കപ്പെട്ടത് മുഗളന്മാരുടെ കീഴിലായിരുന്നു. ആഗ്രയിലെ രാജകീയ ഗ്രന്ഥാലയത്തിൽ 24,000 കൈയെഴുത്തു പ്രതികൾ സൂക്ഷിക്കപ്പെട്ടിരുന്നു. അതിലധികവും ചിത്രീകരണമുള്ളവയായിരുന്നു. മുഗൾ കാലഘട്ടത്തിൽ ജാലകങ്ങളും കോട്ടയുടെ മാർബിളുകളിലെ വർണചാർത്തുകൾക്കും പുറമെ കൊട്ടാരങ്ങളും കുംഭഗോപുരങ്ങളും മിക്കതും കല്ലിലെഴുതിയ കവിത പോലെ മനോഹരമായിരുന്നു. മുഗൾ കാലഘട്ടത്തിലെ വാസ്തു ശിൽപ്പകല പ്രത്യേകം ഒരു വിഷയം തന്നെയാണ്. മുഗൾ വാസ്തു ശിൽപ്പകലയിൽ താഴിക കുടങ്ങൾക്കും കമാനങ്ങൾക്കും നൽകിയ പ്രാധാന്യം ശ്രദ്ധേയമാണ്. ഈ നിർമാണകലയിലെ പൊതു ശൈലിയാണ് പിന്നീട് ഇസ്‌ലാമിക വാസ്തു ശിൽപ്പകലാ രീതിയായി മാറിയത്. Glories of Islam എന്ന ഗ്രന്ഥത്തിൽ Architectual style of Muslim എന്ന അദ്ധ്യായത്തിൽ Noor Ahmed എഴുതുന്നു.

**'കുരിശുയുദ്ധത്തോടെ മുസ്‌ലിം ക്രിസ്ത്യൻ വാസ്തു ശിൽപ്പകല മിശ്രണം ചെയ്യപ്പെട്ടു. അത് ഇപ്പോൾ സ്പാനിഷ് ശൈലി എന്നാണറിയപ്പെടുന്നത്. സ്പാനിഷ് ഭാഷയിൽ നിരവധി അറബി വാക്കുകൾ ഇപ്പോഴും നിലനിൽക്കുന്നുഎന്ന വസ്തുത തന്നെ സ്പാനിഷ് നിർമിതികളുടെ അറബി മൂലം തെളിയിക്കുന്നു. കുതിരലാടത്തിന്റെ ആകൃതിയിലുള്ള ആർച്ചുരൂപങ്ങൾക്ക് ഇപ്പോഴും മൂറിഷ് ആർച്ച് എന്നാണ് പറയുന്നത്. മുസ്‌ലിം വാസ്തു ശിൽപം പടിഞ്ഞാറ് ദേശത്ത് അറിയപ്പെടുന്നത് അങ്ങനെയാണ്. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ ക്രൈസ്തവ മുസ്‌ലിം നാടുകളിൽ വാസ്തു ശിൽപകലാരംഗത്ത് ഇരു സംസ്കാരങ്ങളും അന്യോന്യം വമ്പിച്ച തോതിൽ സ്വാധീനിക്കപ്പെടുകയുണ്ടായി. വക്രരീതിയിൽ വർണ ചാർത്തുള്ള കമാനങ്ങളും (Cusped Arc) വാതിലുകൾക്കും ജനാലകൾക്കും കഴകളും താലങ്ങളും കൊണ്ടുള്ള പണിത്തരങ്ങൾ (Bar Tracery ,Plate Tracery) പശ്ചിമ നാടുകൾ ഇങ്ങനെ നിരവധി വാസ്തു ശിൽപ ഘടനകൾ ഇസ്‌ലാമികലോകത്ത് നിന്നും സ്വീകരിക്കുകയുണ്ടായി. പാലത്തിന്റെ തൂണുകൾ, അലംകൃതമായ കൊത്തളങ്ങൾ, കൊത്തുപണികൾ, രേഖാങ്കിതമായ പൂമുഖങ്ങൾ, ലോഹ ഗ്രില്ലുകൾ, നിർമാണ ഘടനയിലെ ജാമിതീയ രൂപങ്ങൾ മുതലായ വാസ്തു ശിൽപകലാ രംഗത്തെ ലാവണ്യാത്മകമായ നിരവധി ഘടകങ്ങൾ അക്കാല ഘട്ടങ്ങളിൽ സമ്മിശ്രമാക്കപ്പെട്ടു.'5**

**പ്രഭാഷണകലയും സംഗീതവും**

ഇസ്‌ലാമിന്റെ ആദ്യകാലത്ത് പള്ളിയായിരുന്നു സുപ്രധാനമായ പ്രഖ്യാപനങ്ങളുടെയും അദ്ധ്യാപനങ്ങളുടെയും ചർച്ചകളുടെയും കേന്ദ്രം. ഇവിടെ നിന്നാണ് പ്രഭാഷണ കലയുടെ ആരംഭം കുറിച്ചത്. വരമൊഴിയേക്കാൾ വായ്മൊഴി വഴക്കത്തിന് പ്രാധാന്യം നൽകി കൊണ്ടുള്ള സാഹിത്യരൂപം ഇക്കാലത്ത് പുഷ്ടിപ്പെടുകയുണ്ടായി. പൊതു പ്രഭാഷണ കലയെ പറ്റി പറയുമ്പോൾ അതിന് ആരംഭം കുറിച്ചത് ഉമവിയ്യാ കാലഘട്ടത്തിലാണെന്ന് ഫിലിപ്പ് ഹിറ്റിപറയുന്നു. വീണ്ടും നമുക്ക് അദ്ദേഹത്തെ ഉദ്ധരിക്കാം.

**'ഒരു ജനറൽ തന്റെ പട്ടാളക്കാർക്ക് ആവേശം പകരുന്ന തരത്തിൽ പൊതുജനങ്ങൾ സമ്മേളിക്കുന്ന വെള്ളിയാഴ്ച്ച ഉച്ചനേരത്തെ നമസ്ക്കാരത്തിലെ പ്രഭാഷണം ഖത്തീബ് ഒരു ഉപകരണമാക്കിമാറ്റി. പ്രാദേശിക ഗവർണർമാർ തങ്ങളുടെ പ്രജകളിൽ സ്വരാജ്യ സ്നേഹം വളർത്താൻ അത് ഉപാധിയാക്കി. പ്രാസനിബദ്ധവും വിവേകം തുളുമ്പുന്നതുമായ അത്യുന്നത ധാർമികത പുലർത്തിയ അലിയുടെ പ്രഭാഷണം, ഖലീഫ ഉമറുബിനു അബ്ദിൽ അസീസിന്റെ സാന്നിദ്ധ്യത്തിൽ സൂഫിവര്യനായ ഹസനുൽ ബസരി നടത്തിയ പ്രഭാഷണം മുതലായവ പിൽക്കാല ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. സൈനിക മേധാവിയായിരുന്ന താരീഖ്ബ്നു സിയാദിന്റെ ദേശാഭിമാന ഭരിതമായ ഉജ്ജ്വല പ്രസംഗം, അഗ്നിസ്ഫുരണംമാറുന്ന ഹല്ലജിന്റെ വാഗ്ധോരണി ഇതെല്ലാം തന്നെ ആ കാലഘട്ടം നമുക്ക് കൈമാറിയ അമൂല്യങ്ങളായ സാഹിത്യ നിധികളാണ്.'**

ആദ്യകാല മുസ്‌ലിംകൾക്കിടയിൽ വാഗ്മിത്വ വൈഭവത്തിന്റെ പ്രതിഭകളെ കണ്ടെത്താൻ അദ്ധ്വാനിക്കേണ്ട പ്രശ്നം തന്നെയില്ല. അത്രയധികം പ്രഭാഷക പടുക്കൾ മുസ്‌ലിംകളിലുണ്ടായിരുന്നു. ആദ്യകാല മുസ്‌ലിം ചരിത്രം കലാപകലുഷിതവും അഗ്നി പരീക്ഷണങ്ങളാൽ സംഘർഷ ഭരിതവും യുദ്ധ നിരതവുമായിരുന്നു. എല്ലാ ഓരോ മുസ്‌ലിം ഭടന്മാരും ഓരോ പ്രഭാഷകന്മാരായിരുന്നു. യുദ്ധാവശ്യങ്ങൾക്ക് വേണ്ടി പട്ടാളത്തിൽ ആളെ ചേർക്കുന്ന സന്ദർഭങ്ങളിൽ ഓരോ ഭടന്റേയും ആവേശ ഭരിതമായ പ്രസംഗങ്ങൾ ശ്രവിച്ച് ആയിരക്കണക്കിന് സ്ത്രീകളടക്കം പട്ടണത്തിലേയും നഗരത്തിലെയും ജനത മുഴുവൻ വിജയത്തിനായിയുദ്ധമുന്നണി യിലേക്ക് നീങ്ങുമായിരുന്നു.

സംഗീതത്തിന്റെ ചരിത്രവും മറിച്ചല്ല. പ്രഗല്ഭനായ തത്ത്വശാസ്ത്ര വിശാരദൻ അൽ ഫറാബി((872950/951) മഹാനായ ഒരു സംഗീതജ്ഞൻ കൂടിയായിരുന്നു. അദ്ദേഹം എഴുതിയ 'കിത്താബുൽ മൗസിക്ക് അൽ കബീർ' മ്യൂസിക്കിനെ സംബന്ധിച്ച് 17-ാം നൂറ്റാണ്ടുവരെ ആധികാരിക ഗ്രന്ഥമായി അറിയപ്പെട്ടു. എങ്കിലും ഇന്നത്തെ പോലെ സംഗീതം ഒരു പ്രഫഷനായി സ്വീകരിച്ചിരുന്നവർ ഉണ്ടായിരുന്നു എന്ന് കരുതുന്നത് ശരിയല്ല. സാഹിത്യാസ്വാദനത്തിന് ഒരു സഹായി എന്ന നിലയിലായിരുന്നു സംഗീതത്തിന് സ്ഥാനം നൽകപ്പെട്ടിരുന്നത്. ആധുനിക കാലത്ത് സുകുമാരകലകൾക്ക് പ്രത്യേക ശാഖകളായി പല പിരിവുകളുമുണ്ടായിട്ടുണ്ട്. എന്നാൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ പ്രമുഖ കാലഘട്ടത്തിൽ ഈ കലകളെല്ലാം സമഗ്രമായ മനുഷ്യ ജീവിതത്തിന്റെ ധ്വനി സ്പന്ദനമായി തീർന്നു. വിശുദ്ധ ഖുർആനിലെ പല വരികൾക്കും സ്വതസ്സിദ്ധവും അതീവ ഹൃദ്യവുമായ സംഗീത സാന്ദ്രതയും പ്രാസനിഷ്ഠയും ഉണ്ടായിരുന്നു. അതിന്റെ വിശുദ്ധ വചനങ്ങൾ ഉച്ചത്തിൽ പാരായണം ചെയ്യപ്പെടുമ്പോൾ അതിന്റെ സ്വരലയ സംഗീതം ആത്മാവിന്റെ കർണപുടങ്ങളെ പ്രകമ്പിതമാക്കും.

**സംസ്കാരവും സഹിഷ്ണുതയും: ഇസ്‌ലാമിക സമീപനം**

സംസ്കാരം എന്നാൽ മനസ്സിന്റെ വളർച്ചയാണ്. പക്ഷേ അത് ചിലർ കരുതുന്നത് പോലെ ഒരു മനസ്സിന്റെ വളർച്ചയല്ല. വിശൈവകമായ മൂല്യങ്ങളുടെ സാക്ഷാത്ക്കാരത്തിന് വേണ്ടിയുള്ള മനുഷ്യസമൂഹത്തിന്റെ ആകമാന വളർച്ചയാണ്. മാർമഡ്യൂക്ക് പിക്ത്താൾ ഇസ്‌ലാമിക സംസ്കാരത്തെ കുറിച്ച് പറയുന്നത് കാണുക.

**'ഇസ്‌ലാമിന്റെ നേട്ടങ്ങളായി അവതരിപ്പിക്കുന്ന മഹായുദ്ധങ്ങളാകട്ടെ സമാധാനമാകട്ടെ അതിനെക്കാളെല്ലാം ഉപരിയായി ഇസ്‌ലാമിന് ഉന്നതമായ ലക്ഷ്യവും വിശാലമായ ഒരു കാഴ്ചപാടുമുണ്ട്. സാർവ ജനീനമായ വിശ്വസാ ഹോദര്യത്തിൽ കുറഞ്ഞതൊന്നും തന്നെ ഇസ്‌ലാം ലക്ഷ്യമായിക്കരുതുന്നില്ല. ശാസ്ത്ര രംഗം, കല, സാഹിത്യം, എന്നീ രംഗങ്ങളിൽ ഇസ്‌ലാം കൈവരിച്ച നേട്ടങ്ങൾ രണ്ടായി തരം തിരിക്കാം. ഒന്ന് സഹായകമായത് മറ്റൊന്ന് ആനന്ദ ദായകമായതും. കവിതയും വാസ്തു ശിൽപ്പവും പോലെ യുള്ളവ ഈ രണ്ടിലും പെടുന്നവയാണ്. അതെല്ലാം തന്നെ ഒരു നേതാവിനെയാണ് തിരിച്ചറിഞ്ഞത്. ഒരു മാർഗ ദർശനമാണ് സ്വീകരിച്ചത്. ഒരു ലക്ഷ്യത്തിലേക്കാണ് നീങ്ങിയത്. അതിന്റെയെല്ലാം നേതാവ് പ്രവാചകനായിരുന്നു(സ). മാർഗ ദർശനം വിശുദ്ധ ഖുർആനും ലക്ഷ്യം അല്ലാഹുവുമായിരുന്നു.'**

ഇസ്‌ലാം മാനവരാശിയുടെ പ്രകാശ പൂർണമായ ഭാവിയെപറ്റി നോക്കിക്കാണുകയും അതിന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. അതിനായി ഏതൊരു മുസൽമാനും തന്റെ ജീവിതം തൃണവൽ ഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിക്കുകയാണ് വേണ്ടത്. മറ്റേതൊരു ലക്ഷ്യത്തിന് വേണ്ടിയും തന്റെ ജീവിതം സമർപ്പിക്കുവാൻ ഒരു മുസ്‌ലിം ആഗ്രഹിക്കരുത്. ആ സർവലോക പരിപാലകനായ ദൈവം മറ്റു യാതൊരു ശക്തിയുടെയും പങ്കാളിത്തമില്ലാതെ ഈ ലോകം പരിപാലിക്കുന്ന ദൈവം. ഇസ്‌ലാമിന്റെ ആശയ ലോകത്തിന് കളമൊരുക്കുന്നത് എല്ലാ കലാരൂപങ്ങൾക്കും പ്രചോദ നമകേണ്ടതും ഈ സങ്കൽപ്പ സമർപ്പണത്തിൽ നിന്നായിരിക്കണം. ഈ ഭൗതിക ലോകത്തിന്റെ ഉപരിയായ ലക്ഷ്യങ്ങളായിരിക്കണം ഒരു മുസ്‌ലിമിന്റെ ആശയങ്ങളെ രൂപപ്പെടുത്തേണ്ടത്. അവൻ ലോകജനതയുടെ പൊതു ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്നവനായി രിക്കണം. വാസ്തവത്തിൽ ഈ അടുത്ത കാലത്ത് മാത്രമാണ് സംസ്കാരത്തെ സംബന്ധിച്ച ഈ ലക്ഷ്യങ്ങൾ പാശ്ചാത്യരെ സ്വാധീനിച്ചത്. ഇത് സംബന്ധിച്ച് മാത്യു ആൾനോട് (Mathew Alnord) അസന്ദിഗ്ദമായ ഭാഷയിൽ പറയുന്നു:

**'സംസ്കാരം എന്നത് മിഷണറി പ്രവർത്തനത്തിനപ്പുറത്താണ്. അതിന് ഒരു വികാരം മാത്രമേയുള്ളൂ. പ്രഫുല്ലവും പ്രകാശവത്തായതുമായ ഒന്നിന് വേണ്ടിയുള്ളതായിരുന്നു ആ വികാരം. അവരുടെ മഹത്തായ ഈ അഭിനിവേശമായിരുന്നു അവരെ നിലനിർത്തിയത്. നാമെല്ലാവരും സമ്പൂർത്തി കൈവരിച്ചവരായി തീരുന്നത് വരെ അവർ തൃപ്തരായിരുന്നില്ല. ചുരുക്കം പേരിൽ മാത്രം ഈ പ്രഫുല്ലതയും പ്രകാശവും എത്തുക എന്നത് പോരായ്മയായി അവർ കണ്ടു. മാനവ വംശത്തിന് ആസകലം ഈ പ്രഫുല്ലതയും പ്രകാശവും സ്പർശിക്കാതെ ഒരു വിഭാഗം അസംസ്കൃതവും അപ്രകാശിതരുമായി കഴിയുന്നേടത്തോളം സംസ്ക്കാരം അപൂർണമായിരിക്കും എന്ന് അവർ കണ്ടു.'[8]**

ഇസ്‌ലാം മതം ഊന്നൽ നൽകിയത് പോലെ മറ്റൊരു മതവും മനുഷ്യ സാഹോദര്യത്തിന് ഊന്നൽ നൽകിയിട്ടില്ല. മാനവ സാഹോദര്യത്തിന്റെ മഹത്തായ ഈ സന്ദേശം നൽകിയത് ഇസ്‌ലാം മാത്രമാണ്. ഹിന്ദു മതത്തെ ഈ വിശ്വസാഹോദര്യ സങ്കൽപ്പത്തിൽ നിന്നും

# റമദാൻ: രണ്ട് ഉഷ്ണങ്ങൾ

പി.കെ.മുഹമ്മദ് ബഷീർ, ഐരാപുരം

ഉഷ്ണങ്ങൾ,
അകവും പുറവും.
മഗ്‌രിബിനു നാവിൽ,
വെള്ളമിറ്റിച്ചു പുറം തണുപ്പിക്കാം.
അകമോ?
രാത്രി യാമങ്ങളിൽ കണ്ണീരണിഞ്ഞ
മുസല്ലയുടെ തണുപ്പും
വിശുദ്ധഗ്രന്ഥത്തിലെ നിലയുറയ്ക്കാത്ത
അടയാള നൂലിൻ കുതിപ്പും
പുകയാത്ത അടുപ്പുകൾക്കേകിയ
സമൃദ്ധനാള ജ്വാലാ ചുകപ്പും
നാഥന്റെ കനിവിനെ ഉണർത്തുമോ?
എങ്കിൽ,
കാത്തിരിക്കാം നമുക്കാ–
അകം തണുപ്പിക്കുമിഫ്താറിനായ്,
അവസാന പത്തിലെ ഏതോ ഒരൊറ്റയിലെ
ലൈലത്തുൽ ഖദ്റിനായി.
വരും വരാതിരിക്കില്ല,
ഇന്നോ നാളെയോ.



തടഞ്ഞ് നിർത്തുന്നത് അവരിലെ ജാതി ശ്രേണീ സങ്കൽപ്പമാണ്. **'കാണാതെ പോയ ആട്ടിൻ പറ്റങ്ങൾക്കിടയിലേക്കല്ലാതെ എന്നെ അയക്കപ്പെട്ടിട്ടില്ല'** എന്ന ക്രിസ്തു വചനവും ഈ സാർവ ജനീന സങ്കൽപ്പത്തെ പരിമിത പ്പെടുത്തുന്നു. ഇസ്‌ലാം മാത്രമാണ് ഈ വിശ്വസാഹോദര്യ സങ്കൽപ്പം ആത്മാർഥമായി പ്രാവർ ത്തികമാക്കിയത്. ഇസ്‌ലാമിക സംസ്ക്കാരത്തിന്റെ സാരസർവസ്വവും സഹിഷ്ണുതയായിരുന്നു. ഭൂതകാല ചരിത്രം അതിന് സാക്ഷിയാണ്. അവർ അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും അങ്ങനെയായിരുന്നു. ഭൂതകാല മുസ്‌ലിംകൾ തങ്ങളുടെ ആരാധനാലയം എല്ലാവർക്കുമായി തുറന്നു വെക്കുകയാണുണ്ടായത്. വിശുദ്ധ ഖുർആൻ പറയുന്നു:

**'പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെന്നതിന് ഒരു ജനതയോടുള്ള വെറുപ്പ് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ'(5:3)**

അതിക്രമം പ്രവർത്തിച്ചവരോടും മുസ്‌ലിംകളിൽ ദുരിതങ്ങൾ വിതച്ചവരോടു പോലും പ്രതികാരം ചെയ്യാൻ പാടില്ല, അപ്പോഴും അവർ സമാധാനകാംക്ഷികളും സാഹോദര്യം കാത്തുസൂക്ഷിക്കുന്നവരുമായ ഒരു ജനതയായിരിക്കണം എന്നാണ് ഇസ്‌ലാമിന്റെ അദ്ധ്യാപനം. നിയമത്തെ അനുസരിക്കുക അതായത് രാജ്യത്തിന്റെയും ദൈവത്തിന്റെയും നിയമത്തെ അനുസരിക്കുക എന്നതാണ് ഇസ്‌ലാമിക ജീവിതത്തിന്റെ അന്തസ്സത്ത. മനുഷ്യ സമൂഹത്തോട് അനുകമ്പാപൂർവം വിശാല ഹൃദയത്തോടുകൂടി പെരുമാറുക. ദുഃഖിതനും പീഢിതനും ആശ്വാസം നൽകി ശാശ്വതമായ സമാധാനം ലോകത്ത് കൊണ്ട് വരാൻ സാധിക്കുക ഇസ്‌ലാമിന് മാത്രമായിരിക്കും.

# വ്രതാനുഷ്ഠാനത്തിന്റെ മതാന്തരീയ ഭാവം

വ്രതം നിഷ്ക്കർശിക്കപ്പെടാത്ത മതങ്ങളോ ജനവിഭാഗങ്ങളോ ചരിത്രാതീതകാലം മുതൽ ഇങ്ങോട്ട് ഉണ്ടായിട്ടില്ല. എന്നത് പല പഠനങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ഈ അനുഷ്ഠാനത്തിന്റെ മതാന്തരീയ ഭാവത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നതിങ്ങനെ. '**നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (ധാർമികവും ആത്മീയവു മായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകും വിധം) ദോഷബാധയെ സൂക്ഷിക്കാൻ വേണ്ടി.' (സൂറ: അൽ ബഖറ: വചനം 184)**

ഡോ. ഇഫ്തികാർ അഹ്മദ്. ബി. പഴയങ്ങാടി.

ദൈവം തന്റെ ദാസനോട് സാധാരണയിൽ കവിഞ്ഞ സ്നേഹം കാണിക്കുന്ന ദിനങ്ങളാണ് റമദാനെ പ്രസക്തമാക്കുന്നത്. അത്കൊണ്ട് തന്റെ നേരിയ നന്മകൾ പോലും വലിയ പ്രതിഫലം നേടിത്തരുന്നു. നോമ്പ് ആത്മാവിനുള്ള പരിശീലനമാണെന്നും നേത്തേതിലുമധികം ധനത്യാഗത്തിന് നോമ്പുകാരൻ സന്നദ്ധനാകണമെന്നും, നോമ്പ് നല്ലപോലെ വയർ നിറക്കാനുള്ള തല്ലെന്നും ആത്മദർശനത്തിന്റെ സ്വർഗീയ കവാടങ്ങൾ ഈ നാളുകളിൽ തുറക്കപ്പെടുമെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അഭിപ്രായപ്പെടുന്നു. മുസ്ലിംകൾ അവരുടെ സ്വത്തിന് നിശ്ചിത നിരക്കിൽ സക്കാത്ത് നൽകൽ നിർബന്ധമാണ്. സക്കാത്ത് ഏറ്റവും കൂടുതൽ വിതരണം ചെയ്യപ്പെടുന്നത് റമദാൻ മാസത്തിലുമാണ്.

യേശു ക്രിസ്തു വ്രതമനുഷ്ഠിക്കാറുണ്ടായിരുന്നു എന്ന് ഇഞ്ചീൽ (ബൈബിൾ) സാക്ഷ്യം വഹിക്കുന്നു. എങ്ങനെയാണ് നമുക്ക് വൃത്തികെട്ട ആത്മാക്കളെ പുറത്താക്കാൻ സാധിക്കുക എന്ന അനുയായികളുടെ ചോദ്യത്തിന് അത്തരം ആത്മാക്കൾ പ്രാർഥനയും വ്രതവുമില്ലാത പുറത്താകുന്നതല്ല. (മത്തായി 17:12) എന്നാണ് യേശു മറുപടി നൽകുന്നത്. ഹിന്ദുമതത്തില എല്ലാ മാസവും പല പേരുകളിലുള്ള വ്രതങ്ങൾ അനുഷ്ഠിക്കുന്ന രീതിയാണുള്ളത്. ഗുരുക്കൻമാരുടെ ഏകാന്ത വാസവും വ്രതാനുഷ്ഠാനവുമായി ബന്ധപ്പെട്ടതാണ്.

വിഗ്രഹാരാധകരായി മാറിയ പുരാതന ഈജിപത്കാർ തങ്ങളുടെ വിഗ്രങ്ങളെ പ്രീതിപ്പെടുത്തുന്നതിനും അവയുടെ കോപത്തെ ശമിപ്പിക്കുന്നതിനുമായി വ്രതമനുഷ്ഠിക്കുന്ന പതിവുണ്ടായിരുന്നു. 21 ദിവസത്തെ തുടർച്ചയായ ഉപവാസത്തെ തുർടർന്ന് ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടു ത്തുന്നതിനിടയിൽ ഗാന്ധിജി പറഞ്ഞ വാക്കുകൾ പ്രസക്തമാണ്. "പുറംലോകം കാണുന്നതിന് നേത്രങ്ങൾ എത്രത്തോളം ആവശ്യമാണോ, അത്രയും തന്നെ ആവശ്യമാണ് ആത്മാവിനെ കാണുവാൻ ഉപവാസം."

ഭൂതകാലത്തിലെയും വർത്തമാനകാലത്തെയും മത ദർശനങ്ങൾ വ്രതം ആത്മ വിശുദ്ധിക്കായി ആചരിക്കപ്പെടുന്ന ഒരു ആരാധനയാണ്. ചെറുതായാലും വലുതായാലും മിക്കവാറും എല്ലാ മതങ്ങളും ആത്മീയ ചിന്താ ധാരകളും ആദ്ധ്യാത്മിക തലങ്ങളെയും മാലിന്യ വിമുക്തമാക്കുന്നതിന്ന് നിർദേശിക്കുന്ന മന്ത്രങ്ങളിലൊന്ന് വ്രതം തന്നെയാണ്. ഈ അർഥത്തെ ഉൾക്കൊണ്ടിട്ടാണ് വിശ്വവിജ്ഞാന കോശത്തിൽ പത്താം വാല്യത്തിൽ വ്രതത്തിന്റെ അനുഷ്ഠാനം വ്യത്യസ്ത രീതിക്കും കാലാവസ്ഥക്കും ഗോത്രത്തിനും സംസ്ക്കാരത്തിനും ചുറ്റുപാടുകൾക്കും അനുഗുണമായി വ്യത്യസ്തമായേക്കാം. എന്നാലും മത വ്യവസ്ഥിതിയിൽ വ്രതാനുഷ്ഠാനം കാണാപ്പെടാത്ത ഒരു മതത്തെ കണ്ടെത്തുക വിഷമകരം തന്നെ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

പ്രഭാതം മുതൽ അസ്തമയം വരെ അന്നപാനീയങ്ങളിൽ നിന്നും കലഹങ്ങളിൽ നിന്നും സ്വയം തടഞ്ഞു നിർത്തുക, ദൈവസ്മരണയിൽ മുഴുകുക, സാധുക്കളെയും അഗതികളെയും സഹായിക്കുക, ഉള്ളവനിൽ നിന്നും ഇല്ലാത്തവനിലേക്കുള്ള ദൂരം കുറക്കുക തുടങ്ങി ഈ അനുഷ്ഠാനത്തിന്റെ മുഴുവൻ ചര്യകളും 'മലിനമാകാത്ത മനുഷ്യൻ' എന്ന ഏകഭാവത്തിലേക്ക് പരിവർത്തന വിധേയമാക്കുന്ന പ്രക്രിയ ആണ്.

# ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും

(ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റ)ന്റെ 'ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും' എന്ന പുസ്തകത്തിൽ, വിഷയങ്ങൾ അവലോകനം ചെയ്ത് കൊണ്ട് വിവർത്തകക്കുറിപ്പായി പ്രസിദ്ധീകരിച്ച ലേഖനം)

എ.എം മുഹമ്മദ് സലിം

**ഭാ**വിലോകത്തിന് പുതിയ വാനവും പുതിയ ഭൂമിയുമൊരുക്കാൻ ദൈവ നിയോഗമുള്ള ഒരു പ്രസ്ഥാനം യുഗ സംക്രമണത്തിന്റെ ഒരു ശുഭമുഹൂർത്തത്തിൽ ലോകത്തിന് നൽകിയഒരുശാന്തി സന്ദേശമാണ് **'ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും'** എന്ന ഈ കൃതി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശതവാർഷികാഘോഷങ്ങളുടെ പരിസമാപ്തി കുറിച്ചുകൊണ്ട് 1990 ഫെബ്രുവരിയിൽലണ്ടനിൽ ചേർന്ന പ്രൗഢഗംഭീരമായ ഒരു വിശ്വ സദസ്സിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) നിർവഹിച്ച പ്രഭാഷണമാണ് ഈ കൃതിയുടെ മൂലരൂപം. 'Islam Response to Contemporary Issues' എന്ന പേരിൽ ആ പ്രഭാഷണം പിന്നീട് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകൃതമായി. അതിന്റെ മലയാള വിവർത്തനമാണ് ഈ പുസ്തകം.

മധ്യകാല മനഃസ്ഥിതിയുടെയും മതരാഷ്ട്ര മൗലിക വാദത്തിന്റെയും തടവറയിൽ പെട്ട ഇസ്‌ലാംമതത്തെ അതിന്റെ ദൈവികമായ സ്വച്ഛ രൂപത്തിലേക്ക് പ്രത്യാനയിക്കേണ്ട ഒരു ദിവ്യദൗത്യത്തിന്റെ ഭാഗം കൂടിയാണ് ഈ കൃതി. വരാനിരിക്കുന്ന നൂറ്റാണ്ടുകളെ പ്രകാശമാനമാക്കുന്ന ഇസ്‌ലാമിന്റെ ധൈഷണിക ഗരിമയും അഗാധമായ മനുഷ്യ സ്നേഹവും വിശ്വശാന്തിയോടുള്ള നിർവ്യാജമായ പ്രതിബദ്ധതയും ആകാശ വിതാനങ്ങളെ സ്പർശിക്കുന്ന സ്വാതന്ത്ര്യത്തിന്റെ വിഹായസ്സും ഈ കൃതി അനാവരണം ചെയ്യുന്നു. മനുഷ്യന് വേണ്ടി നിർമിക്കപ്പെട്ട ഭൂമിയിലെ മാനവീയ സ്ഥാപനങ്ങളെയെല്ലാം സംഘർഷ ഭരിതവും കളങ്കിതവുമായിത്തീർന്ന സമകാലീന ലോക സാഹചര്യത്തിൽ, സമാധാനം, ശാന്തി, സമ്പൂർണമായ കീഴ്‌വണക്കം എന്നീ അർഥങ്ങളുള്ള 'ഇസ്‌ലാം' എന്ന പദം സംജ്ഞാ നാമമായി സ്വീകരിച്ച ഒരു മതത്തിന്റെ മാനവീയ പ്രശ്നങ്ങളോടുള്ള സമീപനം, ലോകം അറിയേണ്ടതുണ്ട്.

സമകാലീന ലോകം മാർഗനിർദേശം ആവശ്യപ്പെടുന്ന ആറു മുഖ്യ വിഷയങ്ങൾക്ക് ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനങ്ങളിൽ ഗ്രന്ഥകർത്താവ് ഈ കൃതിയിൽ പരിഹാരം നിർദേശിക്കുകയാണ്. മതങ്ങൾ തമ്മിലുള്ള സമാധാനവും സൗഹൃദവും, സാമൂഹിക സമാധാനം, ദേശീയവും അന്തർദേശീയവുമായ സമാധാനം വ്യക്തിഗത സമാധാനം എന്നിവയാണ് വിഷയങ്ങൾ.

സ്വയം ജീർണതക്ക് വിധേയമായ മതങ്ങൾക്ക് സമൂഹത്തിന്മേലുള്ള മേധാശക്തി അനുക്ഷണം ക്ഷയിച്ചു വരികയാണ്. അതോടൊപ്പം ദ്രുതഗതിയിൽ സംഭവിച്ചുക്കൊണ്ടിരിക്കുന്ന ധാർമിക ശോഷണം സമൂഹത്തെ ഗ്രസിച്ചിരിക്കുന്നു. മതങ്ങൾ സമൂഹത്തിന്മേലുള്ള അധീശത്വം, തിരിച്ചു പിടിക്കാൻ അതിന്റെ ഉത്ഭവകാലത്ത് സംഭവിച്ചുവെന്ന് പറയപ്പെടുന്ന പ്രകൃത്യാതീതമായ അദ്ഭുതങ്ങളൊന്നും ഇക്കാലത്ത് സംഭവിച്ചുകാണുന്നുമില്ല. മതങ്ങളെല്ലാം നിരാശയിലാണ്. ഈ പശ്ചാത്തലത്തിലാണ് ജീർണ ഗാത്രത്തോടെയുള്ള മതരാഷ്ട്ര വാദവുംമത പുനരുത്ഥാനവാദവും നിവർന്നുനിൽക്കാൻ ശ്രമിക്കുന്നത്.

മറ്റൊരു വസ്തുത ആധുനിക വാർത്താ വിനിമയ മാർഗങ്ങളും ഗതാഗതവും ദൂരം ഇല്ലാതാക്കി, ലോകം ആഗോളഗ്രാമമായി മാറിയിരിക്കുന്നു. എന്നാൽ മതങ്ങൾ തമ്മിലുള്ള ദൂരം പ്രകാശ വർഷത്തിന്റെ തോതിൽ നിലനിൽക്കുകയാണ്. ഒരു മതം മറ്റൊരു മതത്തിന് പരലോകം പോലെ അജ്ഞാതവും വിദൂരവുമാണ്. വിവിധ മതവിശ്വാസികൾ വിവിധ ലോകങ്ങളിൽ വസിക്കുന്നു. ഇത് വിശ്വമാനവ സംസ്കാരത്തിനും ലോക ശാന്തിക്കും അനുകൂലമായ അവസ്ഥയല്ല. മതങ്ങൾ തമ്മിലുള്ള ഈ സംഘർഷാത്മകമായ വിഘടിതാവസ്ഥയെ ഉദ്ഗ്രഥിക്കാനും സൗഹൃദങ്ങളായി പരിവർത്തിപ്പിക്കാനും എങ്ങനെ സാധ്യമാകും എന്ന പ്രശ്നമാണ് ഗ്രന്ഥകാരൻ ആദ്യം പരിശോധിക്കുന്നത്. മത യാഥാസ്ഥിതികർ ഇസ്‌ലാമിന്റെ പക്ഷത്ത് നിന്നും ഉയർത്തുന്ന മാമൂൽ വിശ്വാസങ്ങളെയും വീക്ഷണങ്ങളെയും ഗ്രന്ഥകാരൻ നിരാകരിക്കുകയും മത സമൂഹങ്ങൾ ഐക്യപ്പെടാൻ വിശുദ്ധ ഖുർആൻ ഉന്നയിക്കുന്ന വീക്ഷണങ്ങൾ മുന്നോട്ടു വെക്കുകയും ചെയ്യുന്നു. ലോകത്തിലുള്ള സർവ സമൂഹങ്ങളിലും ദൈവിക വെളിപാടുകൾ കൊണ്ടനുഗൃഹീതരായ ദിവ്യ പ്രവാചകന്മാർ അവതരിച്ചിട്ടുണ്ടെന്നും എല്ലാ മതങ്ങളും ദൈവത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്നുമാണ് ഖുർആന്റെ സങ്കൽപ്പം. അതായത് ശ്രീകൃഷ്ണനും ശ്രീബുദ്ധനും ശ്രീവർദ്ധമാന മഹാവീരനും കൺഫ്യൂഷ്യസ് സൊറോസ്റ്റർ മുതലായ

മതപുരുഷന്മാരെല്ലാം മുസ്‌ലിംകൾ ആദരിക്കേണ്ട ദിവ്യാത്മാക്കളാണെന്നും യഹൂദ ക്രൈസ്തവ ഇസ്‌ലാം എന്നീ സെമിറ്റിക് മതങ്ങളെപോലെ നമ്മുടെ ഭാരതത്തിലുംഅവർ സ്ഥാപിച്ച മതങ്ങൾ ദൈവത്തിൽ നിന്നും ഉത്ഭവിച്ചതാണെന്നും അവരുടെ യഥാർഥ മതഗ്രന്ഥങ്ങളിൽ വിശ്വസിച്ചെങ്കിൽ മാത്രമേ ഒരു മുസ്‌ലിമിന്റെ വിശ്വാസം പൂർണമാവുകയുള്ളൂ. ഖുർആന്റെ വിശ്വത്തോളം വിശാലമായ ഈ പഖ്യാപനം ഗ്രന്ഥകർത്താവ് വിവരിക്കുന്നു. അന്യമതങ്ങളുടെ ദിവ്യോത്ഭവത്തെ ഇത്രമേൽ ആത്മാർഥമായി പ്രഖ്യാപിക്കുന്ന വിശുദ്ധ ഖുർആന്റെ യഥാർഥ അനുയായിക്ക് എങ്ങനെ അന്യമതവിരോധിയായിരിക്കാൻ കഴിയും? അന്യമതങ്ങളോട് ഒരു മുസ്‌ലിം എപ്രകാരം സൗഹൃദത്തിൽ വർത്തിക്കണമെന്നതിനെ സംബന്ധിച്ച് മുഹമ്മദ് നബി (സ) യുടെ ജീവിത മാതൃക ഉദാഹരിച്ച് ഗ്രന്ഥകാരൻ ഇസ്‌ലാമിന്റെ നിലപാട് വിശദീകരിക്കുന്നു.

ഇസ്‌ലാം മതത്തിലൂടെ തീർച്ചയായും മനുഷ്യന് ആത്മീയമായ മോക്ഷം ഉണ്ടാകുമെന്നുള്ളത് ഇസ്‌ലാമിന്റെ അവകാശവാദമാണ്. എന്നാൽ മോക്ഷം ഇസ്‌ലാമിന്റെ മാത്രം കുത്തകയാണെന്നും മറ്റു മതസ്ഥർക്ക് അത് ലഭ്യമാകുന്നതല്ല എന്നും ഖുർആൻ പറയുന്നില്ല. അന്യമതങ്ങളെ പേരെടുത്ത് പറഞ്ഞുകൊണ്ട് അവരിൽ പെട്ട സാത്വികർക്കും ആത്മീയ സാന്ത്വനമരുളുന്ന ഖുർആന്റെ വിശാല വീക്ഷണം ലോകം വേണ്ടവിധത്തിൽ വിലയിരുത്തിയിട്ടില്ല എന്ന് ഗ്രന്ഥകാരൻ പറയുന്നു. മതങ്ങൾ തമ്മിൽ സക്രിയമായ ആശയ സംവാദങ്ങൾ നടത്തണമെന്നും ഐക്യപ്പെടണമെന്നുള്ള ഇസ്‌ലാമിന്റെ താൽപര്യവും ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നു.

മത സ്വാതന്ത്ര്യത്തെ സംബന്ധിച്ച ഖുർആനിക ദർശനം അത്യന്തം നിസ്തുലവും ആവേശകരവുമാണ്. ഒരാൾക്ക് അയാൾ ഏത് മതവും വിശ്വസിക്കാനും ആചരിക്കാനും, പ്രചരിപ്പിക്കാനും വിശ്വസിച്ച മതം ഉപേക്ഷിക്കാനും പരിപൂർണ സ്വാതന്ത്ര്യം വിശുദ്ധ ഖുർആൻ ഉറപ്പ് നൽകുന്നു. മതത്തിൽ ബലപ്രയോഗമില്ല എന്ന ഖുർആന്റെ പ്രഖ്യാപിത തത്ത്വം ഇസ്‌ലാം അനുവദിക്കുന്ന സ്വാതന്ത്രത്തിന് പൂർണമായ സുരക്ഷ വാഗ്ദാനം നൽകുകയും ചെയ്യുന്നു.

ഗ്രന്ഥകർത്താവ് വിശകലനത്തിന് വിധേയമാക്കുന്ന മറ്റൊരു വിഷയം മതനിന്ദയാണ്. മതം തീപിടിക്കുന്ന ഒരു വികാരമായിട്ടാണ് വിശ്വാസികൾ കൊണ്ടുനടക്കുന്നത്. മത വികാരം എന്നാൽ തീപന്തം പോലെ ആളിക്കത്തുകയും വെടിമരുന്ന് പോലെ പൊട്ടിത്തെറിക്കുകയും ചെയ്യുന്നതായാണ് പലരും കരുതുന്നത്. പാകിസ്താനിൽ അഹ്മദി മുസ്‌ലിംകൾ ഖുർആൻ പാരായണം ചെയ്താലും 'അസ്സലാമു അലൈക്കും' എന്ന ഇസ്‌ലാമിക ആശംസ മൊഴിഞ്ഞാലും മുസ്‌ലിംകളുടെ വികാരം വിജ്രംഭിതമായി ഹാലിളക്കമുണ്ടാകുമത്രെ. എല്ലാ മതത്തിലും ഇത്തരം വികാര ജീവികളുണ്ട്. പ്രകോപിതരാവുന്ന ക്ഷിപ്രകോപികളുടെ വികാരം മാത്രമായി മതം മാറിയ ഒരു കാലമാണിത്. എന്നാൽ മത നിന്ദക്കെതിരെ വിശുദ്ധ ഖുർആനിൽ യാതൊരു ശിക്ഷയും ശുപാർശ ചെയ്തിട്ടില്ല എന്ന ഗ്രന്ഥകർത്താവിന്റെ വെളിപ്പെടുത്തൽ സാധാരണക്കാരനെ വിസ്മയിപ്പിക്കുന്നതാണ്. നിന്ദ അസഹനീയമായാൽ വേദി വിട്ടു പോകാൻ മാത്രമാണ് ഖുർആന്റെ നിർദേശം. മതനിന്ദകനായ ഒരു കപട വിശ്വാസിയോട് റസൂൽ തിരുമേനി(സ) കാണിച്ച അത്യുദാരമായ സമീപനം ഗ്രന്ഥകാരൻ വിശദമായി വിവരിക്കുന്നുണ്ട്. മത നിന്ദക്ക് മറുപടിപറയാൻ നിന്ദക്ക് വിധേയമായ മതവിശ്വാസിക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണം. മത നിന്ദാ നിയമം നിർമിച്ച് നിന്ദ നിരോധിക്കാൻ ഖുർആൻ അനുമതി നൽകുന്നില്ല. ആരോഗ്യകരമായ മതവിമർശനങ്ങളും വിമർശനാത്മകമായ ആശയ സംവാദങ്ങളും മത വിജ്ഞാനത്തെ വിപുലീകരിക്കുകാണ് ചെയ്യുക. മതനിന്ദയെ നിയമം മൂലം ശിക്ഷിക്കാൻ ഖുർആൻ ഒരിക്കലും അനുകൂലിക്കുന്നില്ല എന്ന് ഗ്രന്ഥകാരൻ തെളിവുകളുന്നയിച്ച് സമർഥിക്കുകയും സമൂഹത്തിൽ മതസൗഹാർദം വളർത്താനുള്ള പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

ആധുനിക സമൂഹത്തിന് നേരിടുന്ന നാനാ തരത്തിലുള്ള അപചയത്തെ സംബന്ധിച്ചും ജീർണതകളെ പറ്റിയും ഗ്രന്ഥകാരൻ സൂക്ഷ്മമായി വിശകലനം ചെയ്യുന്നുണ്ട്. പാശ്ചാത്യ സമൂഹം ഭൗതിക പുരോഗതിയിൽ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ ആ പുരോഗതിയേയും ബുദ്ധി പരമായ പ്രബുദ്ധതയേയും ഉൾക്കൊള്ളുന്ന വിധം നവീകരിക്കപ്പെടാത്ത മതങ്ങളിൽ നിന്നും ആളുകൾ അടിവെച്ചടിവെച്ച് പിന്മാറുകയായിരുന്നു. അവസാനം മൂല്യങ്ങളെല്ലാം നിരാകരിക്കുകയും സുഖാനുഭൂതി മാത്രം തേടുകയും ചെയ്യുന്ന ദൈവ നിഷേധികളുടെ തലമുറ ഉദയം ചെയ്യുന്നു. പാശ്ചാത്യ സമൂഹത്തിന്റെ പെർമിസീവ്നെസ് ഇതിന്റെ പ്രകടനമാണ്. ലൈംഗികതയുടെ ആത്യന്തിക ലക്ഷ്യം പ്രത്യുൽപാദനമാണ്. സുഖാനുഭൂതി അതിന്റെ അപ്രധാനമായ വശമാണ്. സമൂഹം ജീർണിക്കുമ്പോൾ ലൈംഗികതയുടെ ഈ ക്രമം തലതിരിയുന്നു. സുഖാനുഭൂതിക്ക് പ്രാഥമ്യം വരുമെന്ന് ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നു. സംഗീത രംഗത്തുണ്ടായ മാറ്റങ്ങളും ഗ്രന്ഥകാരൻ പരാമർശിക്കുന്നുണ്ട്. ഹൃദയത്തിന് ശാന്തി നൽകുന്ന ക്ലാസിക്കൽ സംഗീതത്തിന് പകരം ശരീരത്തിന് ഇളക്കമുണ്ടാക്കുന്ന ഉച്ചസ്ഥായിയിലുള്ള ഒച്ച വെക്കലുകളായി സംഗീതം മാറിയതിൽ സമൂഹത്തിന്റെ ആന്തരികമായ അസ്വസ്ഥത പ്രകടമാണെന്നും ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു. റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം ജീർണിച്ച മത സങ്കുചിതത്തിൽ നിന്നും സമൂഹത്തെ സ്വതന്ത്രമാക്കിയിട്ടുണ്ടെന്നും

അദ്ദേഹം അഭിപ്രായപ്പെടുന്നു.

ആധുനിക സമൂഹം അഭിമുഖീകരിക്കുന്ന പ്രധാനമായ മറ്റൊരു വിഷയം കുടുംബങ്ങളുടെ ശൈഥില്യമാണ്. ആത്മീയമായ ഉത്തേജനങ്ങളിലൂടെ മാത്രമേ തകർന്നുപോയ കുടുംബ മൂല്യങ്ങളെ പുനസ്ഥാപിക്കാനാവൂ. മാതാക്കളോടും വൃദ്ധരോടും ഇസ്‌ലാം അനുവർത്തിക്കുന്ന ആർദ്രതയും അനുകമ്പയും ആധുനിക ലോകം ഇനിയും മനസ്സിലാക്കിയിട്ടില്ല. കുടുംബ ബന്ധങ്ങളുടെ വിപുലീകരണം കുടുംബ ബന്ധങ്ങളിലും സാമൂഹിക ബന്ധങ്ങളിലും ഇസ്‌ലാം അനുശാസിക്കുന്ന വിധിവിലക്കുകളും അതിലടങ്ങിയ ജീവിത വീക്ഷണവും അഗാധമായ അന്തർദൃഷ്ടിയോടെ ഗ്രന്ഥകാരൻ വിശകലനം ചെയ്യുന്നുണ്ട്.

സാമ്പത്തിക സമാധാനം എന്ന അധ്യായത്തിൽ ഗ്രന്ഥകർത്താവ് നടത്തുന്ന വിശകലനങ്ങളും അദ്ദേഹത്തിന്റെ അസാമാന്യമായ ഉൾക്കാഴ്ചയും വൈദഗ്ധ്യവും നമ്മെ വിസ്മയിപ്പിക്കും. 1990 ലാണ് അദ്ദേഹം ഈ പ്രഭാഷണം നടത്തുന്നത്. 2011 മുതൽ അമേരിക്കയിലും ചില യൂറോപ്യൻ രാജ്യങ്ങളിലും ഉണ്ടായ സാമ്പത്തിക കുഴപ്പങ്ങളെ പറ്റിയും ധനകാര്യസ്ഥാപനങ്ങളുടെ തകർച്ചയെ സംബന്ധിച്ചും കൃത്യമായ പ്രവചനങ്ങൾ അദ്ദേഹം നടത്തുന്നുണ്ട്.

പലിശ മുതലാളിത്തത്തിന്റെ അവിഭാജ്യ ഘടകമാണ്. ആസൂത്രിത കമ്പോള വ്യവസ്ഥയുള്ള ശാസ്ത്രീയ സോഷ്യലിസത്തിൽ പലിശയും ലാഭവും ഒരു പോലെ വർജ്യമാണ്. എന്നാൽ ഇസ്‌ലാം ലാഭത്തെ അംഗീകരിക്കുകയും പലിശ വർജിക്കുകയുമാണ് ചെയ്യുന്നത്. മനുഷ്യന്റെ സാമ്പത്തിക പ്രവർത്തനത്തെ സഹായിക്കാൻ സമൂഹം കണ്ടെത്തിയ ഉപാധിയാണ് പണം. വസ്തുക്കൾ പരസ്പരം കൈമാറിയുള്ള പ്രാകൃതമായ സാമ്പത്തിക വ്യവഹാരങ്ങളിൽ നിന്നും മനുഷ്യനെ മോചിപ്പിച്ചത് പണമാണ്. പണത്തിന്റെ ദ്രവത്വം (Liquidity) എന്ന സേവന മൂല്യം ചൂഷണം ചെയ്തതാണ് പലിശ ഇടപാടുകൾ സാമ്പത്തിക വ്യവഹാരം നടത്തുന്നത്. മനുഷ്യന് നിയന്ത്രണമില്ലാത്ത സമയമാണ് പലിശ പെരുപ്പിക്കുന്നത്. പലിശ വ്യാപാരി ഉദ്പാദനപ്രവർത്തനത്തിൽ പങ്കെടുക്കാതെ പണം കടം വാങ്ങുന്ന അധമർണനെ ചൂഷണം ചെയ്ത് മൂലധനം അധികരിപ്പിക്കുന്നു. എന്നാൽ ലാഭത്തിലധിഷ്ഠിതമായ മൂലധനത്തിന്റെ സാമ്പത്തിക പ്രവർത്തനം (കച്ചവടം, വ്യവസായം മുതലായവ) ഉൽപാദനത്തെയും വിപണനത്തെയും സക്രിയമാക്കുകയും അതിൽ പങ്കെടുക്കുന്നവരുടെയെല്ലാം ജീവിതായോധനത്തിന് അത് നിദാനമായി തീരുകയും ചെയ്യുന്നു. ഇങ്ങനെ ലാഭം മുഖേന സമാഹരിക്കപ്പെടുന്ന മൂലധനത്തെ അതേപടി വളരാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. സകാത്ത് മൂലധനത്തിന്മേൽ നേരിട്ട് ചുമത്തുന്ന നികുതിയാണ്. സ്വകാര്യ സ്വത്ത് അനുവദിക്കുന്ന ഏതൊരു സോഷ്യലിസ്റ്റ് ജനാധിപത്യ വ്യവസ്ഥയിലും മിക്കവാറും മൂലധനത്തിൽ നേരിട്ട് നികുതി ചുമത്തുന്നുമില്ല. എന്നാൽ ഇസ്‌ലാം നേരിട്ട് മൂലധനത്തിലാണ് സകാത്ത് ചുമത്തുന്നത്. ദരിദ്ര പക്ഷം ചേർന്ന് മൂലധനത്തെ നിയന്ത്രിക്കുന്ന ഇസ്‌ലാമിക സമ്പദ് വ്യവസ്ഥ എത്രപുരോഗനപരമാണ്! മാത്രമല്ല ഇസ്‌ലാമിക അനന്തരാവകാശ നിയമം മൂലധനത്തെ പിന്തുടർച്ചക്കാർക്കെല്ലാം വീതം വെച്ച് അംഗീകരിച്ച് ചെറുതാക്കിത്തീർക്കുന്നു. പലിശ വിലക്കയറ്റവും യുദ്ധവുമുണ്ടാക്കും. ഇത്തരം വിഷയങ്ങളെപറ്റി ഇസ്‌ലാമിക വീക്ഷണം അവതരിപ്പിച്ചുകൊണ്ട് അസാധാരണമായ ഉൾക്കാഴ്ച്ചയോടെ ഗ്രന്ഥകാരൻ നടത്തുന്ന വിശകലനം ശ്രദ്ധേയമാണ്.

ഇസ്‌ലാം രാഷ്ട്രീയവത്കരിക്കപ്പെട്ട ദൗർഭാഗ്യകരമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. രാഷ്ട്രീയത്തോടുള്ള ഇസ്‌ലാമിന്റെ സമീപനമെന്താണ് എന്നത് സംബന്ധിച്ച് ആധികാരികമായി ഗ്രന്ഥകർത്താവ് വിവരിക്കുന്നു. ഇസ്‌ലാം ഒരു രാഷ്ട്രീയ ഘടനയും മുന്നോട്ടു വെക്കുന്നില്ല എന്ന് അദ്ദേഹം അസന്ദിഗ്ധമായി പറയുന്നു. വ്യക്തി സ്വാതന്ത്ര്യം അനുവദിക്കുന്ന ഏതൊരു ഭരണ സംവിധാനവുമായും ഇസ്‌ലാമിന് പൊരുത്തപ്പെടാനാകും. അല്ലാഹുവിന്റെ ഭരണം എന്നത് പൊള്ളയായ വാദമാണെന്നും, മുസ്‌ലിം മതപണ്ഡിതരുടെ കൈയിൽ രാജ്യത്തെ നിയമനിർമാണാവകാശം ഏൽപിക്കുകയാണെങ്കിൽ അത് ഭയാനകമായ ഒരു ദുരന്തമായിരിക്കുമെന്നും ഗ്രന്ഥകാരൻ വിലയിരുത്തുന്നു. ഒരു ബഹുസ്വര സമൂഹത്തിൽ അത്തരം വാദങ്ങളുണ്ടാക്കുന്ന പ്രശ്നങ്ങൾ ഗുരുതരമായിരിക്കുമെന്നും ഗ്രന്ഥകർത്താവ് ചൂണ്ടിക്കാട്ടുന്നു. മതം ഭരണകൂടത്തിലും ഭരണ കൂടം മതത്തിലും കൈകടത്താൻ പാടില്ല എന്ന സെക്കുലർ തത്ത്വം ഉയർത്തിപ്പിടിക്കുന്ന ഗ്രന്ഥകാരൻ കേവല നീതിയുടെ അടിസ്ഥാനത്തിൽ മതപരമായ പരിഗണനകളില്ലാത്ത സിവിൽ സമൂഹത്തിന്റെ പ്രാതിനിധ്യമായിരിക്കണം ഭരണം നടത്തേണ്ടത് എന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു.

അവസാന അധ്യായം വ്യക്തിയുടെ സമാധാനം സംബന്ധിച്ചുള്ളതാണ്. നന്മയിൽ മത്സരിച്ച് മുന്നേറിക്കൊണ്ടായിരിക്കണം വ്യക്തി വികസിക്കേണ്ടത്. അന്യരിൽ നിന്ന് ആനുകൂല്യങ്ങൾ നേടുന്നതിനേക്കാൾ അന്യന് സേവനം ചെയ്യുന്നതിൽ അനുഭൂതി കണ്ടെത്തിയാണ് നാം മുന്നേറേണ്ടത്. മനുഷ്യന് ആത്യന്തികമായി സമാധാനം തരുന്നത് ദൈവത്തോടുള്ള സ്നേഹമാണ്. ദൈവത്തോടുള്ള സ്നേഹം ദൈവത്തിന്റെ സൃഷ്ടികളെ സ്നേഹിച്ചു കൊണ്ടായിരിക്കണം സാക്ഷാത്കരിക്കേണ്ടത് എന്നും ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു. **'ദൈവമില്ലെങ്കിൽ സമാധാനവുമില്ല അതാണ് ആത്യന്തിക ജ്ഞാനം'** എന്ന് പറഞ്ഞ് കൊണ്ടാണ് ഗ്രന്ഥകാരൻ അവസാനിപ്പിക്കുന്നത്.

പേജ് 6 ൽ നിന്നും തുടർച്ച

സസ്യങ്ങൾക്ക് വയറ് ശുദ്ധീകരി
ക്കാനും അതിനെഉറപ്പിക്കാനും മറ്റും
പ്രകൃതിപരമായി കഴിവുള്ളതു
പോലെ മനുഷ്യന്റെ പ്രകൃതിപര
മായ ഗുണങ്ങളാണവ. യുക്തിജ്ഞ
നായ ദൈവം മറ്റു വസ്തുക്കൾക്ക്
വിവിധങ്ങളായ ഗുണങ്ങൾ നല്കി
യതുപോലെ, മനുഷ്യന്റെ ചിന്താ
ശക്തിക്കും അവനുദ്ദേശിക്കുന്ന നന്മ
തിന്മകൾ രൂപപ്പെടുത്താൻ സഹാ
യിക്കാനുള്ള കഴിവും നല്കിയിരി
ക്കുന്നു. ആരെയെങ്കിലും നിന്ദിച്ചു
കൊണ്ട് കവിത രചിക്കുന്ന ഒരു
കവിയുടെ മനസ്സ് ആ വഴിക്ക്പോ
കുന്നു. അദ്ദേഹത്തിന് അത്തര
മൊരു ആക്ഷേപഹാസ്യം രചിക്കാ
നും സാധിക്കുന്നു. എന്നാൽ അതേ
വ്യക്തിയെ സ്തുതിച്ചുകൊണ്ട്
കവിത രചിക്കുന്ന മറ്റൊരു കവിയു
ടെ മനസ്സിലേക്ക് വരുന്നത് സ്തുതി
വചനങ്ങളാവും. ആയതിനാൽ നല്ല
തും ചീത്തയുമായ ഇത്തരം ചിന്ത
കൾ ദൈവേച്ഛയുടെ ദർപ്പണമാ
യിരിക്കാവതല്ല. അവയെ ദൈവ
വചനമെന്നും പറയാവതല്ല. പരി
ശുദ്ധ ദൈവവചനം പൂർണമായും
മനുഷ്യ കഴിവുകൾക്കതീതവും
ശ്രേഷ്ഠതയും ശക്തി മഹാത്മ്യവും
വിശുദ്ധിയും കൊണ്ട് നിറഞ്ഞു
നില്ക്കുന്നതുമാണ്. അതു വെളി
പ്പെടുന്നതിനുള്ള ഒന്നാമത്തെ നിബ
ന്ധനമനുഷ്യ കഴിവുകൾ പൂർണ
മായും നിഷ്ക്രിയവും പ്രവർത്ത
നരഹിതവുമായിതീരുക എന്നതാ
ണ്. ചിന്തയോ നിരീക്ഷണമോ ഒന്നു
മില്ലാതെ മനുഷ്യൻ മയ്യിത്തിനെ
പ്പോലെ ആയിത്തീരുകയും എല്ലാ
മാധ്യമങ്ങളും വിച്ഛേദിക്കപ്പെടു
കയും വേണം. അപ്പോൾ സാക്ഷാൽ
ദൈവം തന്റെ സ്വന്തം ഇച്ഛയാൽ
ഒരുവന്റെ ഹൃദയത്തിൽ തന്റെ
വചനങ്ങളിറക്കുന്നു.ആയതിനാൽ
സൂര്യപ്രകാശം ആകാശത്തു നിന്ന്
വരുന്നതു പോലെ. അത് കണ്ണിന്റെ
ഉള്ളിൽ തന്നെ ഉണ്ടാകുന്നതല്ലല്ലോ,
വെളിപാടിന്റെ പ്രകാശവും ദൈവ
ത്തിൽ നിന്ന് പ്രത്യേകമായി അവ
ന്റെ ഇച്ഛയോടെ വരുന്നതാണ്.
ഒരു വ്യക്തിയുടെ അന്തരാളത്തിൽ
നിന്ന് പൊന്തിവരുന്നതല്ല.ദൈവം
യഥാർഥത്തിൽ ഉള്ളതിനാലും
അവൻ കാണുകയും കേൾക്കു
കയും അറിയുകയുകയും സംസാ
രിക്കുകയും ചെയ്യുന്നതിനാലും
അവന്റെ വചനങ്ങളും അനാദ്യനും
അനന്തനുമായ ആ ദൈവത്തിൽ
നിന്നു തന്നെയാണ് അവതരിക്കേ
ണ്ടത്. മനുഷ്യന്റെ മനോവ്യാ
പാരങ്ങൾ ദൈവവചനങ്ങളായി
രിക്കാ വതല്ല. നമ്മുടെ മനസ്സിൽ
നിന്നും പൊന്തി വരുന്ന നല്ലതോ
ചീത്തയോ ആയ ചിന്തകൾ നമ്മുടെ
പ്രകൃതത്തിനനുസരിച്ച് നമ്മുടെ
ഉള്ളിൽ തന്നെ കുടികൊള്ളു
ന്നതാണ്. എന്നാൽ ദൈവത്തിന്റെ
നിസ്സീമമായ ജ്ഞാനവും അനന്തമാ
യ തത്ത്വജ്ഞാനങ്ങളും നമ്മുടെ
ഹൃദയങ്ങളിൽ പൂർണമായും ഉൾ
കൊള്ളാൻ സാധ്യമല്ല. ദൈവത്തി
ന്റെ പക്കലുള്ളത്ര അറിവിന്റെയും
വിവേകജ്ഞാനത്തിന്റെയും രഹ
സ്യജ്ഞാനത്തിന്റെയും ഖജനാവു
കൾ മനുഷ്യഹൃദയങ്ങളിലും കുടി
കൊള്ളുന്നുവെന്നും അവയിൽ
നിന്നു അലകളുതിർക്കുന്നുവെ
ന്നും വിചാരിക്കുന്നതിനേക്കാൾ
ദൈവനിഷേധം മറ്റെന്തുണ്ട്? മറ്റു
വാക്കുകളിൽ പറഞ്ഞാൽ നാം
തന്നെയാണ് ദൈവം,നാമല്ലാതെ
സ്വയംഭൂവും ദൈവമെന്ന് പറയ
ത്തക്കവിധം ഗുണങ്ങളോടു കൂടി
യതുമായ മറ്റൊരു സത്തയില്ലെന്ന്
പറയുന്നതു പോലെയാണ്.ദൈവം
യഥാർഥത്തിൽ ഉണ്ടെങ്കിൽ,അവന്റെ
ജ്ഞാനം അതിരില്ലാത്തതും നമ്മുടെ
ഹൃദയങ്ങൾക്ക് അവയെ തിട്ടപ്പെടു
ത്താനാവാത്തതുമാണെങ്കിൽ അവ
ന്റെ അതിരറ്റ ആ ജ്ഞാനങ്ങളത്രയും
നമ്മുടെ ഹൃദയങ്ങളിൽ നിറഞ്ഞു
നിൽക്കുന്നുവെന്നും ദൈവികയു
ക്തിജ്ഞാനത്തിന്റെ ഖജനാവുകളെ
നമ്മുടെ മനസ്സിന് ഉൾക്കൊള്ളാനാ
വുമെന്നും പറയുന്നത് എത്രമാത്രം
അസംബന്ധമാണ്. അപ്പോൾ
മനുഷ്യ ഹൃദയങ്ങളിൽ കൊള്ളു
ന്നത്ര പരിമിതമാണ് ദൈവിക
ജ്ഞാനം എന്നു വന്നു. ചിന്തിച്ചു
നോക്കൂ! ഇത് ദിവ്യത്വത്തിന്റെ
വാദമല്ലാതെ മറ്റെന്താണ്? മനുഷ്യ
ഹൃദയത്തിന് ദൈവത്തിന്റെ എല്ലാ
മഹദ് ഗുണങ്ങളെയും ഗ്രഹിക്കാൻ
സാധ്യമാണോ? ഒരു പരമാണുവിന്
സൂര്യനായിത്തീരുക അനുവദനീ
യമാണോ? ഒരിക്കലും ഒരിക്കലും
അല്ല! (റൂഹാനി ഖസായിൻ വാള്യം.1)

വിവ: ആരിഫ് മുഹമ്മദ് ശാഹിദ്

## വിശുദ്ധ ഖുർആൻ പാരായണം

**സമസ്ത മനുഷ്യർക്കും സന്മാർഗദർശനത്തിന്റെയും സത്യാ സത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്ന തുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ (വി. ഖുർ ആൻ 2:186)**

അബൂ ഹുറൈറ(റ)ൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ തിരുദൂതർ പറഞ്ഞിട്ടുണ്ട്: ഉയിർത്തെഴുനേൽപ്പുനാളിൽ ഖുർആൻ പരായണം ചെയ്തയാൾ വരും. അപ്പോൾ ഖുർആൻ പറയും: നാഥാ, അദ്ദേഹത്തെ ആട അണിയിക്കേണമേ, അന്നേരം ആദര സൂചകമായി വസ്ത്രങ്ങൾ അണിയിക്കപ്പെടും. ഖുർആൻ പിന്നേയും പറയും നാഥാ, ഇനിയും. അന്നേരം ആദരസൂചകമായി കിരീടം അണിയിക്കപ്പെടും ഖുർആൻ വീണ്ടും പറയും: നാഥാ, അദ്ദേഹത്തെ നീ തൃപ്തിപ്പെടേണമേ. അപ്പോൾ അദ്ദേഹത്തെ അവൻ തൃപ്തിപ്പെടും. ഇങ്ങനെപറയപ്പെടുകയും ചെയ്യും: 'ഖുർആൻ ഓതിക്കൊണ്ടിരിക്കുക, ഉയരങ്ങൾ കയറുക. ഓരോ സൂക്തത്തിലും വർധനയുണ്ടാകും' (തിർമിദി) 'നിങ്ങളുടെ വീടുകളെ നിങ്ങൾ ശ്മശാനമാക്കരുത്. അൽബഖറ പരായണം ചെയ്യപ്പെടുന്ന വീട്ടിൽ ചെകുത്താൻ കയറുകയില്ല'. (തിർമിദി, മുസ്‌ലിം)

കഴിഞ്ഞലക്കത്തിൽ നിന്ന് തുടർച്ച

# ജമാഅത്തിനെ കുടുക്കാൻ കുതന്ത്രങ്ങൾ

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**രണ്ടാമത്തെ സംഭവം:**

ഖലീഫത്തുൽമസീഹ് ഥാനീ(റ) പറയുന്നു: ഇനി രണ്ടാമത്തെ സംഭവം കേട്ടുകൊള്ളുക. നമ്മൾ ഇവിടെ പുതിയ ജനവാസകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. അവയിൽ ചില സ്ഥലങ്ങൾ മുഴുവനും നമ്മുടെ സ്വന്തമാണ്. ആ മഹല്ലുകളിലെ ഇട വഴികളെല്ലാം നമ്മുടെ പ്രൈവറ്റ് ഇട വഴികളാണ്. അതിലൂടെ ആളുകളെ നടത്താനും നടത്താതിരിക്കാനുമുള്ള അധികാരം നമുക്കാണുള്ളത്. ഇത്തരം ഒരു വഴിയിൽ നമ്മൾ ഗെയിറ്റ് സ്ഥാപിച്ചു. ഇതൊരു പുതിയകാര്യമായിരുന്നില്ല. ഹിന്ദുക്കളും ഇപ്രകാരം തങ്ങളുടെ മഹല്ലുകളിൽ സുരക്ഷയ്ക്കായിട്ട് വഴിയിൽ ഗെയിറ്റ് നാട്ടാറുണ്ട്. ഞാൻ പറഞ്ഞ ഗെയിറ്റ് ബിഹിശ്തി മഖ്ബറയിലേക്ക് പോകുന്ന വഴിയിലാണ് സ്ഥാപിച്ചത്. നമ്മുടെ അന്വേഷണവും അറിവും അനുസരിച്ച് ആ ഗെയിറ്റ് നമ്മുടെ സ്ഥലത്താണുള്ളത്. ഗെയിറ്റ് സ്ഥാപിച്ചിട്ടുള്ള വഴി നമ്മുടെ സ്വകാര്യവഴിയാണ്. സർക്കാറിന്റെ വഴിയല്ല. എന്നാൽ, ഈ ഗെയിറ്റ് സ്ഥാപിച്ചതോടെ പെട്ടെന്ന് ഒരു ബഹളമുണ്ടായി. 'തങ്ങളുടെ വഴി അടച്ചു' എന്നു എല്ലാ അഹ്റാരികളും അനഹ്മദികളും പറയാൻ തുടങ്ങി..........വാസ്തവത്തിൽ അത് റോഡായിരുന്നില്ല. തുടർന്ന് പോലീസിലെ ഉന്നത ഉദ്യോഗസ്ഥൻ അതായത് പോലീസ് സൂപ്രണ്ടൻഡന്റും പലവട്ടം വന്നു. ചില മജ്സ്ട്രേറ്റുമാരും പലതവണ വന്നു. എന്ത് അക്രമമാണ് ചെയ്തതെന്ന് അവർ ചോദിച്ചു. ഒരു ഓഫീസർ എന്നേയും കണ്ടു. ഇതെന്ത് അക്രമമാണ് ചെയ്തത്. അനാവശ്യമായി ജനങ്ങളുടെ വഴി തടഞ്ഞിരിക്കുന്നു. ഞാൻ ചോദിച്ചു: അതിലെന്താ ബുദ്ധിമുട്ടുള്ളത്? വില്ലേജ് രജിസ്ട്രാർ നിങ്ങളുടെ പക്കലുണ്ട്. സ്ഥലത്തിന്റെ പ്ലാൻ എടുപ്പിക്കുക. ഈ ഗെയിറ്റ് വേറെ ആരുടെയെങ്കിലും സ്ഥലത്താണെന്ന് കണ്ടാൽ അതു നീക്കം ചെയ്യുന്നതിന് നമ്മുടെ ജമാഅത്ത് ഒരു മിനിറ്റുപോലും വൈകിപ്പിക്കുകയാണെങ്കിൽ ഞാൻ അതിന് ഉത്തരവാദിയായിരിക്കും. എന്നാൽ, അതിലേക്ക് ആരും ശ്രദ്ധിച്ചില്ല. ഒരു ഓഫീസർ വരും ഭീഷണിപ്പെടുത്തി തിരിച്ചുപോകും. പിന്നീട് രണ്ടാമത്തെ ആൾവരും ഭീഷണിപ്പെടുത്തി തിരിച്ചുപോകും. ഈ ബഹളം ഒരുപാട് കൂടിയപ്പോൾ ഞാൻ സദ്ർ അഞ്ചുമൻ അഹ്മദിയ്യായോട് ചോദിച്ചു: 'നിങ്ങൾ ഇത് എന്താണ് ചെയ്തത്?' അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ നല്ല വണ്ണം പരിശോധിച്ചിട്ടാണ് ഗെയിറ്റ് സ്ഥാപിച്ചിട്ടുള്ളത്. അത് നമ്മുടെ സ്ഥലത്താണുള്ളത്. ഡിസ്ട്രിക് ബോർഡിന്റെ സ്ഥലത്തല്ല. എന്നാൽ, ഇത് സർക്കാറിന്റെ സ്ഥലത്താണെന്ന് തെളിഞ്ഞാൽ ഞങ്ങൾ ഉടനെ നീക്കം ചെയ്യുന്നതാണ്. തങ്ങൾ ഓഫീസർമാരുടെ മുമ്പിൽ ഈ പ്രശ്നം സമർപിച്ചിരുന്നുവെന്നും ആരെങ്കിലും വന്ന് അന്വേഷിച്ചുനോക്കാൻ പറഞ്ഞിരുന്നുവെന്നും അവർ പറഞ്ഞു. പക്ഷേ, അന്വേഷിക്കാൻ ആരും വന്നില്ല. എന്നല്ല ജില്ല ഉദ്യോഗസ്ഥർ വെപ്രാളത്തോടെ നടക്കുന്നുണ്ടായിരുന്നു. വസ്തവത്തിൽ അതിന് ക്രിമിനൽകേസുമായിട്ടോ പോലീസുമായിട്ടോ ഒരു ബന്ധവും ഉണ്ടായിരുന്നില്ല.

ആ ബഹളം ഉണ്ടായിക്കൊണ്ടിരുന്ന നേരത്ത് സർക്കാർ നിർബന്ധിതരായി കടുത്ത നടപടി സ്വീകരിക്കുമോ എന്ന് താൻ ഭയപ്പെട്ടിരുന്നതായി എന്നോടും ഒരു ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞിരുന്നു. ഞാൻ പറഞ്ഞു: 'ഞങ്ങൾ ഞങ്ങളുടേതായ നിലയിൽ സമാധാനത്തോടെ കഴിയാൻ ശ്രമിക്കുന്നു. അതിലും സർക്കാറിന്റെ ചിന്ത ഇതാണെങ്കിൽ പിന്നെ ഞങ്ങൾ നിർബന്ധിതരാണ്.' ഒന്നു രണ്ടുമാസമായി ഒരു ഓഫീസർ ഇവിടെ വരികയും ഡിസ്ട്രിക്റ്റ് കമ്മീഷണർ സാഹിബിന്റെ കല്പനയാൽ ലോക്കൽ കമ്മിറ്റിയുടെ പ്രസിഡന്റിൽനിന്ന്, 15 ദിവസത്തിനുള്ളിൽ ഗെയിറ്റ് പൊളിച്ചുമാറ്റണമെന്ന് പറഞ്ഞ് ഒപ്പ് വാങ്ങി പോകുകയും

ചെയ്തു. ഡിസ്ട്രിക്റ്റ് ബോർഡിന്റെ പ്രസിഡന്റ് എന്ന നിലയിൽ ഒരു ഡപ്യൂട്ടി കമ്മീഷണർക്ക് ക്രിമിനൽപരമായ അധികാരങ്ങളില്ല. പിന്നീടാണെങ്കിൽ ഇവിടെ അന്വേഷണവും നടന്നിട്ടില്ല. അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തിട്ടില്ല. 15 ദിവസത്തിനുള്ളിൽ പൊളിച്ചുമാറ്റണമെന്ന സ്വന്തം കല്പന നല്കുകയായിരുന്നു. അതിന് ഇവിടത്തെ ഒരു ജന്മി, തഹ്സീൽദാർ സാഹിബിന് എഴുതി: മീർ ഖാസിം അലി സാഹിബിന് ഈ കാര്യവുമായി ഒരു ബന്ധവുമില്ല. എന്തെങ്കിലും നോട്ടിസ് കൊടുക്കണമെങ്കിൽ ജന്മികൾക്കോ സദ്ർ അഞ്ചുമനോ ആണ് നല്കേണ്ടത്. ഞങ്ങൾ ലോക്കൽ പ്രസിഡന്റ് മീർ അബ്ബാസ് അലി സാഹിബിന്റെ വാഗ്ദാനം പലിക്കാൻ ബാധ്യസ്ഥരല്ല. അങ്ങനെ 15 ദിവസവും കഴിഞ്ഞുപോയി. ഗെയിറ്റ് അവിടെനിന്നും മാറ്റപ്പെട്ടില്ല. സ്വന്തം സ്ഥലത്ത് ഗെയിറ്റ് വെച്ചുകൂടേ? എന്ന് ഞാൻ ചോദിക്കുകയാണ്. തെരുവീഥി(Thorough Fare)യിൽ ഈ ഗെയിറ്റ് തടസമാകുന്നെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ പാത ഇതുമായി ചേരുന്നുണ്ടെങ്കിൽ ആ ഗെയിറ്റ് അവിടെനിന്ന് നീക്കണമെന്ന് ആവശ്യപ്പെടാമായിരുന്നു. പക്ഷേ, അത് നമ്മുടെ നോട്ടത്തിൽ നമ്മുടെ സ്ഥലത്താണ് നില്ക്കുന്നത്. ഡിസ്ട്രിക് ബോർഡാണെങ്കിൽ തങ്ങളുടെ അവകാശം സ്ഥാപിച്ചിട്ടുമില്ല. ഇനി അവരുടെ അവകാശം സ്ഥാപിതമായാൽതന്നെ ആ ഗെയിറ്റ് അഞ്ചടി പിന്നോട്ടുമാറ്റി പണിയുമെന്നേയുള്ളു. പൊതുജനങ്ങൾക്ക് ഒരു പുതിയവഴി എന്നാലും കിട്ടുകയില്ല. അതിനെ ഇത്രമാത്രം പ്രധാനപ്പെട്ട ക്രിമിനൽ പ്രശ്നമാക്കിമാറ്റിയത് എങ്ങനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ സംഭവം അറിഞ്ഞുടനെ പോലീസിന്റേയും മജിസ്ട്രേറ്റിന്റേയും ഉളളിൽ ഇളക്കം എന്തുകൊണ്ടാണ് ഉണ്ടായത്?.............അതുകൊണ്ട് ഈ സംഭവത്തിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് നമ്മെ ശല്യപ്പെടുത്തുന്നതിനുവേണ്ടി സംഘടിതമായ ശ്രമം നടക്കുകയായിരുന്നുവെന്നാണ്. നമ്മെ ശല്യം ചെയ്യുക എന്നതല്ലാതെ ഒരു ഉദ്ദേശ്യവും ഉണ്ടായിരുന്നില്ല. ഇല്ലെങ്കിൽ അല്പമാത്ര സ്ഥലത്തിനുവേണ്ടി ഡിസ്ട്രിക് ബോർഡ് എന്തിന് വഴക്കിടണം! സർക്കാർ എന്തിന് ഭീഷണികളും ക്രിമിനൽ നടപടികളും കാണിക്കണം!

**മൂന്നാമത്തെ സംഭവം:**

1933 ലെ നമ്മുടെ ജൽസ സാലാനയുടെ സന്ദർഭത്തിൽ അഹ്റാരികളും തങ്ങളുടെ ഒരു ജൽസ സംഘടിപ്പിച്ചു. ഡിസംബർ 28 ന് നമ്മുടെ ജൽസ സമാപിച്ചു. 29 ന് അവരുടെ ജൽസ തുടങ്ങി. ഇത് കലഹമുണ്ടാക്കുമോ എന്ന ആശങ്ക സർക്കാറിനുണ്ടായി. അങ്ങനെ പ്രാദേശിക മജിസ്ട്രേറ്റ് സാഹിബ് വന്നു. നാസിർ സാഹിബ് ഉമൂറെ ആമയോട് താങ്കൾ താങ്കളുടെ ആളുകളെ അവിടെ പോകുന്നതിൽനിന്ന് വിലക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. ഞങ്ങൾ ഞങ്ങളുടെ ജമാഅത്തിലെ ആളുകളെ വിലക്കാമെന്ന് നാസിർ സാഹിബ് വാഗ്ദാനം ചെയ്തു. കാരണം ഞങ്ങളുടെ ജൽസയിൽ 15, 20-നായിരം ആളുകൾ വെളിയിൽനിന്ന് പങ്കെടുക്കാറുണ്ട്. ആറേഴായിരത്തിന്നടുത്ത് ഖാദിയാൻ വാസികളുമുണ്ട്. ഇത്രയും ആളുകളെ കല്പന അറിയിക്കുക എന്നതും അവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക എന്നതും വളരെ ബുദ്ധിമുട്ടുള്ള പ്രവൃത്തിയാണ്. അതുകൊണ്ട് ഉമൂറെ ആമ വകുപ്പിൽനിന്ന് ആളുകളെ തടയുന്നതിനു പുറമെ ഇടവഴിയുടെ രണ്ടു ഭാഗത്തും ആളുകളെ നിറുത്താനും തിരിച്ചറിയുന്ന അഹ്മദികളെ ജൽസയിൽ പോകുന്നതിൽനിന്ന് തടയാനും തീരുമാനിച്ചു. ആരെങ്കിലും മറന്നിട്ടെങ്ങാനും വന്നാൽ അയാളെ തിരിച്ചയക്കുന്നതിനുവേണ്ടി ഒരാളെ മസ്ജിദിനു മുമ്പിലും നിറുത്തി. ഈ വ്യക്തി നമ്മുടെ കേന്ദ്ര വകുപ്പിന്റെ ഒരു ക്ലാർക്കായിരുന്നു. അദ്ദേഹത്തിന് കൂടുതൽ അഹ്മദികളുമായിട്ട് പരിചയമുണ്ടായിരുന്നു. ഏതെങ്കിലും അഹ്മദി അങ്ങോട്ട്ചെന്നാൽ, ഇവിടെ പോകുന്നതിന് നിങ്ങൾക്ക് വിലക്കുണ്ടെന്ന് ആ സാഹിബ് പറയുമായിരുന്നു. ഈ ജോലിക്കിടയിൽ വാതില്ക്കൽ നിശ്ചയിച്ചിരുന്ന സ്നേഹിതൻ, ഇന്ന കാര്യത്തിന് അഹ്മദി മറുപടി നല്കണമെന്ന് പറഞ്ഞ് അഹ്റാരികൾ വെല്ലു വിളിക്കുന്നുണ്ടെന്ന് മനസ്സിലാക്കി. ഇതു കേട്ട് അദ്ദേഹം 'ഏതെങ്കിലും മുബല്ലിഗിനെ അയക്കുന്നത് നല്ലതായിരിക്കുമെന്ന് പറഞ്ഞ്' നാസിർ ദഅ്വത്തോ തബ് ലീഗിന് കുറിപ്പ് എഴുതി. ഇതിന്റെ അടിസ്ഥാനത്തിൽ നാസിർ സാഹിബ്, ചുറുചുറുക്കുള്ള ചെറുപ്പക്കാരനും യൂണിവേഴ്സിറ്റിയിലെ ഗ്രാജുവേറ്റും ജമാഅത്തിലെ സമർഥരായ മുബല്ലിഗീംകളിൽ ഒരു മുബല്ലിഗുമായ മൗലവി മുഹമ്മദ് സലീം സാഹിബിനെ അവിടെ അയച്ചു. അദ്ദേഹം വെല്ലുവിളിക്കുള്ള മറുപടിയിൽ 'ഞങ്ങൾ സംസാരിച്ചോട്ടെ?' എന്ന് ചോദിച്ചുകൊണ്ട് കുറിപ്പെഴുതി. 'വേണ്ട' എന്ന് മറുപടി കിട്ടിയപ്പോൾ അദ്ദേഹം സമാധാനത്തോടും നിശബ്ദതയോടുംകൂടി എഴുന്നേറ്റു പോന്നു. ഇതിന്നിടയിൽ പോലീസുകാർ, ഡപ്യൂട്ടി പോലീസ് സൂപ്രണ്ടൻഡന്റിന്റെ അടുക്കലേക്ക് -അദ്ദേഹം അപ്പോൾ ഖാദിയാനിലുണ്ടായിരുന്നു-അഹ് മദി ആക്രമിക്കാൻ വന്നിരിക്കുന്നുവെന്നും താങ്കൾ ഉടനെ വരണമെന്നും പറഞ്ഞ് തന്റെ ആളെ ഓടിച്ചു. അതായത് അഹ്മദി മുബല്ലിഗിന്റെ കുറിപ്പ് അഹ്മദികളുടെ ആക്രമണമായി! എന്നോട് നേരിട്ട് ഉത്തരവാദപ്പെട്ട ഒരു പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു, 'താങ്കളുടെ ജമാഅത്ത് അവിവേകമാണ് ചെയ്തത്. കാരണം ആ അവസരത്തിൽ അഹ്റാരികൾ അധികമായിട്ട് വന്നിട്ടുണ്ടായിരുന്നു. ഹിന്ദുക്കളും സിക്കുകാരും നിങ്ങൾക്കെതിരെ ആവേശം മൂത്തുനില്ക്കുകയായിരുന്നു. കലഹമുണ്ടായിരുന്നെങ്കിൽ എന്താകുമായിരുന്നുവെന്ന് ആർക്കറിയാം. അത്തരം ഘട്ടങ്ങളിൽ വീടുകൾ അഗ്നിക്കിരയാക്കും. മഹല്ല നശി

പ്പിക്കും. എന്തായാലും ഈ സംഭവത്തിനുശേഷം ഈ ജോലി ഭരണാധികാരികളുടെ കൈയിൽ വന്നു. അങ്ങനെ നടപടികൾ ആരംഭിച്ചു. ഇത് എന്തു നാശമാണുണ്ടായതെന്ന് ചോദിച്ച് ആളുകൾക്കുമേൽ ആളുകൾ വരാൻ തുടങ്ങി! നമ്മൾ അവരോടു പറഞ്ഞു, 'അഹ്മദികളെ ഈ ജൽസയിൽ പങ്കെടുക്കുന്നതിൽനിന്ന് തടയണമെന്ന് നിങ്ങളിൽനിന്ന് കല്പന നല്കപ്പെട്ടിരുന്നു. അവരെ തടയാൻ ഇതല്ലാതെ മറ്റെന്ത് മാർഗമാണ് ഞങ്ങൾ സ്വീകരിക്കേണ്ടിയിരുന്നത്? പതിനയ്യായിരത്തിൽനിന്ന് നല്ലൊരു ഭാഗം അതിഥികൾ അന്നുതന്നെ പൊയ്ക്കഴിഞ്ഞിരുന്നു. എന്നാൽ, അനുഗൃഹീത റമദാൻ കാരണത്താലും കുറച്ചാളുകൾ എന്നെ കാണാൻ നിന്നതിനാലും അഞ്ചാറായിരത്തിലധികം അതിഥികൾ ഇവിടെ ഉണ്ടായിരുന്നു. ഏഴായിരത്തിനടുത്ത് ഖാദിയാൻ വാസികളായ അഹ്മദികളും ഉണ്ടായിരുന്നു. ഈ പത്ത്പന്ത്രണ്ടായിരത്തിലധികം ആളുകളെ തടഞ്ഞുനിറുത്തുന്നതിന് മറ്റെന്ത് ഉപാധിയാണ് സ്വീകരിക്കേണ്ടിയിരുന്നത്? പിന്നീട് നിങ്ങൾതന്നെയാണ് പറഞ്ഞത് അഹ്മദികൾക്ക് അവിടെ പോകാൻ അനുവാദമില്ലെന്ന്. സംഭവിച്ചതും അതു തന്നെയാണ്. ഞങ്ങളിൽ ആരും അവിടെ പോയില്ല. പിന്നീട് അവിടെ കലഹം ഉണ്ടാകാൻ എന്ത് സാധ്യതയാണുളളത്. എന്നാൽ, ഈ തെളിവുകളൊന്നും കേൾക്കപ്പെട്ടില്ല. 'കലഹമുണ്ടായിരുന്നെങ്കിൽ പലരും മരിക്കുമായിരുന്നു, ആയിരക്കണക്കിനാളുകൾ ജയിലിൽ പോകുമായിരുന്നു, വീടുകൾ അഗ്നിക്കിരയാകുമായിരുന്നു, അവിടെ മൂവായിരം ആളുകൾ സമ്മേളിച്ചിരുന്നു അവരിൽ ഹിന്ദുക്കളും സിക്കുകാരുമുണ്ടായിരുന്നു അവരെല്ലാം നിങ്ങൾക്ക് എതിരായിരുന്നു കലാപമുണ്ടാകുമോ എന്ന ആശങ്കയുണ്ടായിരുന്നു' എന്നൊക്കെ അവർ ആവർത്തിച്ചുകൊണ്ടേയിരുന്നു. വാസ്തവത്തിൽ മൂവായിരമാളുകൾ ഞാൻ ഖുത്ബ കൊടുത്തുകൊണ്ടിരിക്കുന്ന ഈ പള്ളിയിൽപോലും കൊള്ളുകയില്ല. ജൽസ നടന്നുകൊണ്ടിരുന്ന മസ്ജിദ് വളരെ ചെറുതായിരുന്നു. ആയിരമാളുകൾപോലും അതിൽ കൊള്ളുകയില്ല. സർക്കാറിന് നല്കപ്പെട്ട റിപ്പോർട്ടിൽ 'അഹ്മദി അവിടെ പോകുകയും അവർ കലാപമുണ്ടാക്കാൻ ആഗ്രഹിക്കുകയും ചെയ്തുവെന്നും പക്ഷേ, ഡപ്യൂട്ടി പോലീസ് സൂപ്രണ്ടൻഡന്റ് അവിടെച്ചെന്ന് കലാപമില്ലാതാക്കുകയായിരുന്നുവെന്നും പറഞ്ഞിരുന്നതായി ഒരു ഉന്നത ആഫീസർ എന്നോടു പറയുകയുണ്ടായി. അഹ്മദികളെ അവിടേക്ക് വിടാതിരിക്കാൻവേണ്ടി നിയമിച്ച കുറച്ച് അഹ്മദികളും മുബല്ലിഗും അദ്ദേഹത്തിന്റെ കൂടെപ്പോയ രണ്ടുമൂന്നുപേരുമല്ലാതെ മറ്റാരും അവിടെ പോയിട്ടില്ലെന്നും ഒരു കുഴപ്പവും അവിടെ നടന്നിട്ടില്ലെന്നും ഞാൻ പറഞ്ഞപ്പോൾ 'ഇത്ര വലിയ ആഫീസർക്ക് കളവ് പറയേണ്ട ആവശ്യമെന്താണെന്ന്' ആ ആഫീസർ ചോദിച്ചു. ഞാനദ്ദേഹത്തോടു പറഞ്ഞു, നിസംശയം! അദ്ദേഹത്തിന് കളവുപറയേണ്ട ഒരു ആവശ്യവുമില്ല. എന്നാൽ, ഞാനും എന്റെ ആളുകളുടെ സത്യസന്ധത അറിയുന്നവനാണ്. അതുകൊണ്ട് ഈ ഭിന്നത എങ്ങനെ ഉണ്ടായി എന്നതിനെ സംബന്ധിച്ച് ഞാൻ വീണ്ടും അന്വേഷിപ്പിക്കുന്നതാണ്. (തുടരും)


Humanity First




Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

കുറിപ്പുകൾ

# പുകയുന്ന പശ്ചിമേഷ്യ അസ്വസ്ഥമാകുന്ന ലോകം

അബൂബക്കർ ബാഗ്ദാദി ജിഹാദികളുടെ ഖലീഫ. ഇറാഖ് സമീപ ഭാവിയിൽ വെട്ടിമുറിക്കപ്പെട്ടേക്കാം



മുസാഫിർ

പശ്ചിമേഷ്യ വീണ്ടും പ്രക്ഷുബ്ധമാവുകയാണ്. കടുത്ത ശിയാ പക്ഷപാതിയും അമേരിക്കൻ നോമിനിയുമായ നൂരി അൽ മാലിക്കിയുടെ ഇറാഖി ഭരണകൂടത്തിനെതിരെ സൗദി പിന്തുണയുള്ള സുന്നി സലഫി ഭീകരവാദി കളുടെ മിലീഷ്യ (സൈനിക ഭീകര സംഘടന) കൂട്ടക്കൊലകളും രക്തപ്പുഴകളും സൃഷ്ടിച്ച് ജിഹാദി മുന്നേറ്റം നടത്തുകയാണ്. വർഷങ്ങളോളമായി രക്തം വാർന്നു തളർന്നു കിടക്കുന്ന ഇറാഖിൽ ഈ സായുധ ജിഹാദ് സൃഷ്ടിക്കുന്ന മനുഷ്യ മഹാദുരന്തങ്ങളും അതിന്റെ ആഗോള പ്രത്യാഘാതങ്ങളും വളരെ വലുതാണ്. മുസ്ലിംകൾക്ക് നഷ്ടപ്പെട്ട ഖിലാഫത്ത് പുനസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജിഹാദ് ഗ്രൂപ്പ് (ISIS) നേതാവ് അബൂബക്കർ ബാഗ്ദിനെ ഇപ്പോൾ ഖലീഫയായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇറാഖിനെ വെട്ടിമുറിക്കാൻ അമേരിക്കയും ഇസ്റായേലും വളരെ മുമ്പേ തയ്യാറാക്കിയ ഒരു തിരക്കഥയുടെ നാടകമാണ് ഇവിടെ അരങ്ങേറുന്നത്. അതിനുള്ള ഒരു ഉപകരണം എന്നതിൽ കവിഞ്ഞ് ഇറാഖ് സിറിയൻ പ്രദേശത്തെ കിടിലം കൊള്ളിക്കുന്ന ഈ ഖിലാഫ ത്തിന് യാതൊരു പ്രസക്തിയുമില്ല. അവർക്ക് താമസിയാതെ എന്ത് സംഭവിക്കുമെന്ന് നമുക്ക് കാത്തിരുന്ന് കാണാം.

97% മുസ്ലികളുള്ള ഒരു രാജ്യമാണ് ഇറാഖ്. മുസ്ലിംകളിൽ 65% ശിയാക്കളും 35 % സുന്നികളുമാണ്. 2003 ൽ സദ്ദാം ഹുസൈന്റെ ഇറാഖിലേക്ക് അമേരിക്ക സൈനികാക്രമണം നടത്തി കടന്നു കയറിയതിന് ശേഷം 2005 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇബ്രാഹിം അൽ ജഅ്ഫരിയായിരുന്നു ഇറാഖ് പ്രധാനമന്ത്രിയായത്. കഴിവു കുറഞ്ഞ ജഅ്ഫരിയെ പുറത്താക്കണമെന്ന് ആവശ്യം വന്ന ഉടൻ അമേരിക്ക ഇടപെട്ട് കണ്ടെത്തിയ പ്രധാനമന്ത്രിയാണ് നൂരി അൽ മാലിക്കി. അദ്ദേഹത്തിന്റെ കീഴിൽ റൗഫ് അബ്ദുർ റഹ്മാനാണ് 2006 ൽ സദ്ദാമിനെ തൂക്കി കൊന്നത്. റൗഫിന്റെ വിധിക്ക് മേൽ സദ്ദാം ദയാഹരജി സമർപ്പിച്ചുവെങ്കിലും അമേരിക്കക്ക് വിധേയനായ മാലികി അത് നിഷ്ക്കരുണം തള്ളികളയുകയും സദ്ദാമിനെ തൂക്കി ക്കൊല്ലുകയാണുണ്ടായത്. ഈ ജഡ്ജിയെ ജിഹാദികൾ വധിക്കുകയുണ്ടായി. അമേരിക്കയോടും ശിയാക്കളുടെ നാടായ ഇറാനോടും ഒരേസമയം മമത പുലർത്തുന്ന മാലിക്കി പശ്ചിമേഷ്യയിൽ വിചിത്രമായ ഒരു സഖ്യത്തിന് തിരിക്കുറ്റിയായി വർത്തിക്കുകയാണ്. മാലിക്കിയുടെ ശിയാ പക്ഷപാതിത്വപരമായ ദുർഭരണത്തിനെതിരെയുള്ള ആഭ്യന്തര യുദ്ധമാണ് ഇറാഖിൽ ഇപ്പോൾ അരങ്ങേറുന്നത്. ലോകത്തിലെ വലിയ ശതമാനം എണ്ണ ഖനന പ്രദേശങ്ങളും ലോകജനതയിൽ

വലിയൊരു മതവിഭാഗത്തിന്റെ പുണ്യസ്ഥലങ്ങളും ഉൾക്കൊള്ളുന്ന ഈ പ്രദേശം പുകയുമ്പോൾ ലോകം അസ്വസ്ഥമാവുകയാണ്.

ഐ എസ് ഐ എസ് (ISIS) എന്ന ചുരുക്കപേരിലറിയപ്പെടുന്ന സലഫി ഭീകര സംഘടനയാണ് ഇറാഖിലെ മാലിക്കി ഭരണകൂടത്തിനെതിരെ അക്രമാസക്തമായ സായുധ ജിഹാദ് നടത്തുന്നത്. ഒരു രാഷ്ട്ര സൈന്യത്തെ വെല്ലുന്ന രീതിയിൽ ബസറ, മുസോൾ, സദ്ദാമിന്റെ ജന്മദേശമായ തിക്രിത്, പ്രമുഖ എണ്ണ നഗരമായ ബെയ്ജി മുതലായ വടക്കൻ ഇറാഖിലെ സിറിയൻ ഭാഗത്തുള്ള പട്ടണങ്ങൾ പിടിച്ചടക്കികൊണ്ട് തലസ്ഥാനമായ ബാഗ്ദാദിന്റെ നേരെയാണ് അവർ കുതിക്കുന്നത്. ശിയാ വിഭാഗക്കാരനും സൗദിയുടെ വിരോധിയും ഇറാൻ പിന്തുണക്കുന്ന ആളുമായ സിറിയയിലെ ബശ്ശാറുൽ അസ്സദിനെതിരെയുള്ള കലാപത്തിലും ISIS നിർണായക പങ്കാണ് വഹിക്കുന്നത്. സിറിയയിലുള്ള റക്ക നഗരമാണ് ആദ്യമായി ISIS കീഴടക്കിയത്. സൗദി അറേബ്യ, ഗൾഫ് നാടുകൾ, സുന്നി മുസ്ലിംകൾ ഭരിക്കുന്ന രാജ്യങ്ങൾ, സമ്പന്നരായ സുന്നികൾ മറ്റു ബാഹ്യശക്തികൾ മുതലായവരിൽ നിന്നും ഉദാരമായി ധനസഹായം ലഭിക്കുന്ന ISIS ലോകത്തിലെ ഏറ്റവും സമ്പന്നമായ ഭീകര സംഘടനയാണ്. കീഴടക്കിയ എണ്ണ പാടങ്ങളിൽ നിന്നും എണ്ണ വിറ്റു കിട്ടുന്ന വമ്പിച്ച വരുമാനവും വൻ നഗരങ്ങളിലെ ബാങ്കുകളിലെ നിക്ഷേപം കവർന്നെടുത്തതുമാണ് അവരുടെ സമ്പത്തിന് മുതൽ കൂട്ടുന്ന മറ്റു സ്രോതസ്സുകൾ. അമേരിക്കൻ സൈനിക യൂണിഫോമിൽ പ്രത്യക്ഷപ്പെടുന്ന അവർക്ക് M60, M240 മുതലായ ആധുനിക രീതിയിലുള്ള മെഷീൻ ഗണ്ണുകൾ, ഗ്രനേഡ് ലോഞ്ചറുകൾ, ആന്റി എയർക്രാഫ്റ്റ് ഗൺ (വിമാനവേധക തോക്കുകൾ) മുതൽ സൈനിക വിമാനങ്ങൾ വരെ ഉണ്ട്. അവർക്ക് മുമ്പിൽ ഇറാഖി സേന തോറ്റോടുകയാണ് എന്നാണ് പറയപ്പെടുന്നത്. സിറിയ



നൂറി അൽ മാലിക്കി



അബൂബക്കർ ബാഗ്ദാദി

യുടെയും ഇറാഖിന്റെയും ഭാഗമായ ഒരു വൻമേഖല ISIS കൈയടക്കിക്കഴിഞ്ഞു. മാലിക്കി സർക്കാർ കാര്യമായ ചെറുത്തുനിൽപ്പൊന്നും നടത്തുന്നില്ല. ISIS ജിഹാദികളുടെ എണ്ണത്തെ സംബന്ധിച്ച് പല അഭ്യൂഹങ്ങളും പരക്കുന്നു. ചിലർ 3000 മുതൽ 15,000 വരെയാണെന്ന് പറയുമ്പോൾ മറ്റുചിലരുടെ കണക്കിൽ എണ്ണം അതിലും കൂടുമെന്നാണ് . അൽഖായിദയിൽ നിന്നും 2013 ഏപ്രിൽ മാസത്തിൽ പൊട്ടിമുളച്ച ISIS യിലേക്ക് പാകിസ്താൻ അഫ്ഘാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നും മാത്രമല്ല അമേരിക്കയടക്കം യൂറോപ്യൻ രാജ്യങ്ങളിൽ നിന്നു പോലും വിദേശികളായ പോരാളികൾ വന്നു കൊണ്ടിരിക്കുന്നു വെന്നാണ് അതിന്റെ വക്താക്കളുടെ അവകാശ വാദം. അബൂബക്കർ ബാഗ്ദാദി എന്ന് പേരുള്ള അധികമൊന്നും അറിയപ്പെടാത്ത ആളാണ് ISISയുടെ ഖലീഫ. അയാൾ അൽഖയ്ദ നേതാവ് അയ്മൻ സവാഹിരിയേക്കാൾ തീവ്രതയുള്ള നേതാവാണെന്നാണ് പറയപ്പെടുന്നത്. വിവിധ ഭീകര സംഘടനകളെ ഏകോപിപ്പിക്കുന്ന ഒരു അംബർലാ സംഘടനയായാണ് ISIS പ്രവർത്തിക്കുന്നത്.

ISIS എന്നത് ഇസ്ലാമിക്ക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആന്റ് സിറിയ (Islamic State of Iraq and Syria) എന്നതിന്റെ ചുരുക്ക പേരാണ്. അറബിയിൽ 'ദാഇശ് '(അദ്ദൗല: അൽ ഇസ്ലാമിയ്യ ഫിൽ ഇറാഖ് വശാം) എന്നാണ് ചുരുക്ക പേര്. ഈ ഭീകര സംഘടന 'ഇസ്ലാമിക്ക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആന്റ് ലെവന്ത്' (Levant-ISIL) എന്നും അറിയപ്പെടുന്നു. 'ലെവന്ത്' എന്നത് പുരാതന പ്രസിദ്ധമായ 'ശാം' ദേശത്തിന് ലാറ്റിൻ ഭാഷയിൽ പറയുന്ന പേരാണ്. മദ്ധ്യപൂർവ ദേശത്ത് സിറിയ, പലസ്തീൻ, ലെബനാൻ, ജോർദാൻ, ഇസ്രയേൽ, സൈപ്രസ് എന്നീ രാജ്യങ്ങൾ ഉൾപ്പെട്ട പ്രദേശമാണ് ലെവന്ത്. മതപരവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ മാനങ്ങളുള്ള 'ശാം' (ബിലാദു ശാം) അഥവാ 'ലെവന്തി'ന്റെ അതിർത്തി ചരിത്രത്തിൽ പല സന്ദർഭങ്ങളിലും മാറ്റി വരക്കപ്പെട്ടിട്ടുണ്ട്. ഖിലാഫത്ത് ഭരണം പുനസ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന ISIS എന്ന ഈ ജിഹാദി സംഘടനയുടെ അധികാര സ്വപ്നത്തിൽ ഇറാഖും ക്രിസ്തീയ ചരിത്രത്തിലെ ലെവന്ത് എന്ന് വിളിക്കപ്പെടുന്ന ശാം പ്രദേശവും ഉൾപെടും. തുർക്കി ഖിലാഫത്തിന് കൈവിട്ടുപോയ പ്രദേശങ്ങൾ എന്ന നിലക്ക് അത് തിരിച്ചു പിടിക്കും എന്ന സൂചനയാണ് ക്രിസ്തീയമായ 'ലെവന്ത്' എന്ന സംജ്ഞ ഉപയോഗിച്ചതിന്റെ സൂചന.

ഇതിന്റെ ഒരു ഫ്ളാഷ് ബാക്കിലേക്ക് പോകുന്നത് ഇവിടെ സംഗതമായിരിക്കും. ഒന്നാം ലോക മഹായുദ്ധത്തിൽ സ്വന്തം ഖിലാഫത്തായ തുർക്കിക്കെതിരെ ബ്രിട്ടൻ -ഫ്രാൻസിന്റെ നേതൃത്വത്തിലുള്ള സഖ്യകക്ഷികൾക്കാണ് അറബികൾ യുദ്ധത്തിലുടനീളം പിന്തുണ നൽകിയത്. ജയിച്ചാൽ തുർക്കിഭരണ

പ്രദേശങ്ങൾ തദ്ദേശീയരായ അറബികൾക്ക് നൽകുമെന്നായിരുന്നു വാഗ്ദാനം. അറബികൾ സഹായിച്ച സഖ്യകക്ഷികൾ യുദ്ധം ജയിച്ചപ്പോൾ വാഗ്ദാനം പാലിച്ചില്ല. പരാജയപ്പെട്ട തുർക്കി ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ ബ്രിട്ടനും ഫ്രാൻസും ചേർന്ന് രഹസ്യമായി ഉണ്ടാക്കിയ കരാർ പ്രകാരം സ്വയം പങ്കിട്ടെടുക്കുകയായിരുന്നു. വിവിധ വംശീയഛായയുള്ളതും ചരിത്രപരമായി പരസ്പരം സംഘർഷാത്മക വിശ്വാസം പുലർത്തുന്നതുമായ ജനങ്ങൾ, സാമ്രാജ്യത്വ ശക്തികൾ അവരുടെ സ്വാർഥതക്കനുകൂലമായി വരച്ചുണ്ടാക്കിയ കൃത്രിമമായ രാജ്യാതിർത്തികളിൽ നിർബന്ധപൂർവം ജീവിക്കേണ്ടി വന്നതാണ് മദ്ധ്യപൗരസ്ത്യദേശത്തെ രാഷ്ട്രീയ പ്രശ്നങ്ങൾക്ക് മുഖ്യ ഹേതു.

ഒന്നാം ലോകമഹായുദ്ധത്തിൽ പരാജിതരായ ഉഥ്മാനിയ്യാ ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ വീതം വെച്ച് കൊണ്ട് യുദ്ധജേതാക്കളായ ബ്രിട്ടനും ഫ്രാൻസും സാറിസ്റ്റ് റഷ്യയും കൂടി രഹസ്യമായി ഒരു കരാരിൽ ഒപ്പു വെച്ചുവെന്ന് പറഞ്ഞുവല്ലോ.ഖിലാഫത്ത് പ്രാതിനിധ്യം വഹിച്ചിരുന്നിട്ടുകൂടി തുർക്കിക്കെതിരെ തങ്ങൾക്ക് വേണ്ടി യുദ്ധം ചെയ്ത അറബികളെ വഞ്ചിച്ചു കൊണ്ടായിരുന്നു അവർ ഈ രഹസ്യകരാർ ഒപ്പിട്ടത്. 1916 മെയ് മാസത്തിൽ ഒപ്പ് വെച്ച ഈ കരാറിനെയാണ് സൈക്സ് പിക്കോട്ട് കരാർ (Sykes–PicotAgreement) എന്ന് വിളിക്കുന്നത്. ബ്രിട്ടീഷ് പ്രതിനിധിയായ Sir Mark Sykes, ഫ്രഞ്ച് പ്രതിനിധി Georges Picot എന്നിവർ ചേർന്ന് രൂപം കൊടുത്ത കരാറായത് കൊണ്ടാണ് ഈ പേരുവന്നത്. അതിൽ സാറിന്റെ റഷ്യയും ഒരു മൈനർ പാർട്ട്ണർ ആയിരുന്നു. രഹസ്യ കരാർ പ്രകാരം സിറിയ, ലബനാൻ, തുർക്കി, സിലിഷിയ എന്നീ പ്രദേശങ്ങൾ ഫ്രാൻസിനും ഇറാഖ്, പലസ്തീൻ, ജോർദാൻ, പേഴ്സ്യൻ ഗൾഫിന് ചുറ്റുമുള്ള പ്രദേശങ്ങൾ എന്നിവ ബ്രിട്ടനുമായി നിയന്ത്രണാവകാശം ലഭിച്ചു. വടക്കൻ സിറിയയും ഫ്രാൻസിന്റെ ഭാഗമാണെന്നും അത്പോലെ അറേബ്യയും ജോർദാൻ താഴ്വരയും ബ്രിട്ടന്റേതാണെന്നും കണക്കാക്കപ്പെട്ടിരുന്നു. കരാർ പ്രകാരം ജറുസലേം ഒരു ഇന്റർ നാഷണൽ അഡ്മിനിസ്ട്രേഷന്റെ കീഴിലായിരിക്കും. റഷ്യക്ക് ലഭിച്ച ചെറുപങ്കിൽ തുർക്കിയുടെ കീഴിലുണ്ടായിരുന്ന അർമീനിയയും കുർദിന്റെ വടക്ക് ഭാഗത്തിന്റെ നിയന്ത്രണാധികാരവും ലഭിച്ചു. ഇതായിരുന്നു രഹസ്യകരാറിലെ വ്യവസ്ഥ. മറുവശത്ത് മക്കയിലെ ശരീഫ് ഹുസൈനും മക്മേഹോൻ എന്ന ബ്രിട്ടീഷ് ഓഫീസറുമായുണ്ടാക്കിയ Hussain-McMahon Agrement പ്രകാരവും സൈനിക പരിശീലകനും ബ്രിട്ടീഷ് ഏജന്റുമായ ടി. എസ്സ് ലോറൻസ് അറബികൾക്ക് നൽകിയ ഉറപ്പ് പ്രകാരവും തുർക്കിയുടെ പ്രദേശങ്ങൾ അറബികൾക്ക് തന്നെ നൽകുമെന്നായിരുന്നു. തുർക്കി ഖിലാഫത്തിനെതിരെ ബ്രീട്ടീഷ് പക്ഷത്ത് അറബികളെ അണിനിരത്തിയ അവരുടെ ഉറ്റ തോഴനും ശരീഫ് ഹുസൈന്റെ വിശ്വസ്ഥനുമായി മാറിയ ആളുകൂടിയായിരുന്നു ലോറൻസ് ഓഫ് അറേബ്യ എന്ന പേരിലറിയപ്പെട്ടിരുന്ന ടി എസ്സ് ലോറൻസ്. ഈ ഉഭയ കക്ഷി കരാറിൽ അറബികൾ വിശ്വസിച്ചു. പക്ഷേ 1916 ലെ സൈക്സ് പിക്കോട്ട് രഹസ്യ കരാറിൽ പ്രസ്തുത പ്രദേശം യുദ്ധം ജയിച്ച ബ്രിട്ടനും ഫ്രാൻസും റഷ്യയും ചേർന്ന് അവരുടെ നിയന്ത്രണത്തിലാക്കുകയായിരുന്നു. അറബികൾ ഇക്കാര്യം അറിഞ്ഞിരുന്നില്ല. ഈ രഹസ്യക്കരാർ പ്രകാരമാണ് അറബികൾക്ക് ലഭിക്കേണ്ട പലസ്തീനിൽ 1917 ൽ ഇസ്രയേൽ രൂപീകരിക്കുന്നതിന് മുന്നോടിയായി ബ്രിട്ടീഷുകാർ ബാൽഫർ പ്രഖ്യാപനം നടത്തിയത്. 1916 ലെ സൈക്സ് പിക്കോട്ട് രഹസ്യകരാർ പിന്നീട് പുറത്തായതിന് പിന്നിൽ ഒരു ചരിത്രമുണ്ട്. റഷ്യ സാർ ചക്രവർത്തിയുടെ കാലത്താണ് കരാറിൽ ഒപ്പിട്ടത്. പിറ്റേത്തെ വർഷം 1917 റഷ്യയിൽ ബോൾ ഷെവിക്കുകൾ വിപ്ലവം നടത്തി സോവ്യറ്റ് റഷ്യ രൂപീകരിച്ചത്. കമ്മ്യൂണിസ്റ്റ് റഷ്യ കരാർ പ്രകാരം തങ്ങൾക്ക് ലഭിച്ച തുർക്കി ഭരണ പ്രദേശങ്ങളിൽ അവകാശവാദമുന്നയിച്ചതിനെ ആംഗ്ലോ-ഫ്രാൻസ് സഖ്യം നിഷേധിച്ചു. അപ്പോഴാണ് റഷ്യൻ പ്രസിഡന്റായിരുന്ന ലെനിൻ അവരുടെ രഹസ്യ രേഖാ ശേഖരത്തിലുണ്ടായിരുന്ന സൈക്സ് പിക്കോട്ട് കരാർ 1917 നവംബർ 23 ന് പരസ്യപ്പെടുത്തിയത്. അപ്പോഴേക്കും ബാർഫർ പ്രഖ്യാപനം കഴിഞ്ഞ് കൃത്യം മൂന്ന് ആഴ്ച കഴിഞ്ഞിരുന്നു. അറബികളും ലോകവും അപ്പോഴാണ് ഒന്നാം ലോക മഹായുദ്ധം നയിച്ച ആംഗ്ലോ ഫ്രാൻസ് സഖ്യം തങ്ങൾക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്ത സ്ഥലങ്ങൾ തരാതിരിക്കാനുള്ള ഗൂഢാലോചനയെ പറ്റി അറിയുന്നത്.

യുദ്ധാനന്തരം മെസെപ്പൊട്ടോമിയ എന്ന് അറിയപ്പെട്ടിരുന്ന ഭൂഭാഗത്തെ ബ്രിട്ടനും ഫ്രാൻസും പങ്കിട്ടെടുത്തു, ഇറാഖും സിറിയയുമായി വിഭജിച്ചു. അവരുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നു. അവർ തങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ അവിടെ വാഴിച്ചു. മക്കയിലെ ശരീഫ് ഹുസൈന്റെ പുത്രനും ഹാശിമൈറ്റ് വംശജനുമായ ഫൈസൽ രാജകുമാരനെ പരിമിതമായ അധികാരം നൽകി സിറിയൻ ഭരണാധികാരിയാക്കി. ഇറാഖുകാർ ശരീഫ് ഹുസൈന്റെ രണ്ടാമത്തെ മകനായ അബ്ദുല്ലാ രാജകുമാരനെ അവരുടെ രാജാവായി തിരഞ്ഞെടുക്കുകയും ചെയ്തു. ഇത് ഇഷ്ടപ്പെടാത്ത ബ്രിട്ടീഷുകാർ അദ്ദേഹത്തെ പുറത്താക്കി. പിന്നീട് ഫ്രഞ്ച്കാർ സിറിയയിൽ നിന്നും പുറത്താക്കിയ ഫൈസലിനെ ഇറാഖിൽ വാഴിക്കുകയായിരുന്നു. ബ്രിട്ടീഷ് ഹൈക്കമീഷണറുടെ കീഴിലായിരുന്നു ഭരണം. പിന്നീട് രക്തരൂക്ഷിതമായ സ്വാതന്ത്ര്യ സമരത്തിന് ശേഷമാണ് പട്ടാള അട്ടിമറിയിലൂടെ 1958 ൽ ജനറൽ അബ്ദുൾ കരീം ഇറാഖിൽ ബ്രിട്ടുഷ്കാരിൽ നിന്ന് അധികാരം പിടിച്ചടക്കിയത്. അതിന് ശേഷം

നിരന്തരമായുണ്ടായ രാഷ്ട്രീയ കലാപങ്ങളിലൂടെയാണ് സദ്ദാം ഹുസൈന്റെ അറബ് സോഷ്യലിസ്റ്റ് ബാത്ത് പാർട്ടി ഇറാഖിൽ അധികാരത്തിൽ വന്നത്. പിന്നീട് അമേരിക്കയുടെ നേതൃത്വത്തിൽ നടന്നതെല്ലാം സമീപകാല ചരിത്രം. ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും യുദ്ധാനന്തരം അവരുടെ താൽപര്യങ്ങൾക്ക് വേണ്ടി കൃത്രിമമായി വരച്ചുണ്ടാക്കിയ അതിർത്തികളാണ് മദ്ധ്യപൗരസ്ത്യദേശത്തെ കുഴപ്പങ്ങൾക്ക് മുഖ്യ കാരണം. അവിടങ്ങളിൽ അന്യജനതകളെ കുടിയിരുത്തിയതും ജനങ്ങൾക്ക് ഹിത കരമല്ലാത്ത ഭരണാധികാരികളെ വാഴിച്ചതും തുർക്കി ഖിലാഫത്തിന് കീഴിലുണ്ടായിരുന്ന സ്വാഭാവിക അതിർത്തികൾ മാറ്റിമറിച്ചതും അനീതിയാണ്.

വീണ്ടും നമുക്ക് സമകാ ലീന ഇറാഖിലേക്ക് വരാം. അന്ന് തുർക്കി ഖിലാഫത്തിന് കീഴിലു ണ്ടായിരുന്ന ഭരണ പ്രദേശങ്ങൾ തിരിച്ച് പിടിച്ച് ഖിലാഫത്ത് ഭരണം പുനസ്ഥാപിക്കലാണ് 2013 ൽ സ്ഥാപിതമായ ISIS യുടെ സായുധ ജിഹാദിന്റെ ലക്ഷ്യം. അതിനാണ് ശിയാക്കളെ കൊന്നൊടുക്കുന്നതും അവരുടെ ആരാധനാ സ്ഥലങ്ങൾ തകർക്കുന്നതും.

ഇറാഖിലെ സദ്ദാം ഹുസൈൻ ഒരു സുന്നി മുസ്‌ലിം ആയിരുന്നല്ലോ. സുന്നികളാവട്ടെ അവിടെ ന്യൂനപക്ഷവുമാണ്. അന്ന് ഇന്നത്തെ പോലെ ഇറാഖിൽ സുന്നി ശിയാ വിഭാഗീയ ധ്രുവീകരണം ഉണ്ടായിരുന്നില്ല. ഇപ്പോൾ ഇറാഖിലെ പ്രധാനമന്ത്രി ഭൂരിപക്ഷീയരായ ശിയാക്കളുടെ പ്രതിനിധിയും അമേരിക്കൻ നോമിനിയുമായ മാലിക്ക് അൽ നൂറിയാണ്. കടുത്ത ശിയാ പക്ഷപാതിയാണ് മാലിക്കി. 2009 വരെ അവിടുത്തെ വൈസ് പ്രസിഡന്റായിരുന്ന താരിഖ് ഹാശിമിസുന്നി പാർട്ടിയുടെ പ്രതിനിധിയായിരുന്നു. മാലിക്കിയുടെ ഭരണത്തിന് കീഴിൽ വധ ഭീഷണി നേരിട്ടിരുന്ന അദ്ദേഹം ഇപ്പോൾ തുർക്കിയിൽ രാഷ്ട്രീയാഭയം തേടിയിരിക്കുകയാണ്. ഇറാഖിലെ വൈസ് പ്രസിഡന്റാണ് ഹാശിമി എന്നോർക്കണം. അദ്ദേഹത്തിന്റെ കുടുബത്തിന് മാലിക്കിയുടെ ഭരണത്തിന് കീഴിൽ വൻ പീഡനമാണ് നേരിട്ടത്. ഹാശിമിയുടെ രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമടക്കം കുടുംബത്തിലെ നാലു പേരെ സർക്കാർ ഏജന്റുമാർ സർക്കാർ വാഹനത്തിൽ വന്നു തന്നെ കൊല ചെയ്തു. കുറ്റം അജ്ഞാത സംഘത്തിൻമേൽ ചുമത്തി. അന്വേഷണം ഇപ്പോഴും ഇഴയുക യാണ്. വധ ഭീഷണി മൂലം ഇറാഖിലെ കുർദ് പ്രവിശ്യയിലൂടെ, ഹാശിമി തുർക്കിയിലേക്ക് രക്ഷപ്പെടുകയായിരുന്നു. അവിടുത്തെ സുന്നി വൈസ് പ്രസിഡന്റിന് പോലും അമേരിക്കയുടെയും ഇറാന്റെയും സ്നേഹിത നായ മാലിക്കിഭരണകൂടത്തിന് കീഴിൽ ലഭിക്കുന്ന പരിഗണന ഇതാണ്. സദ്ദാമിന്റെ കാലത്ത് നല്ല രീതിയിൽ സെക്കുലർ അടിസ്ഥാന ത്തിൽ സംഘടിപ്പിച്ച മിലിട്ടറിയെ മാലിക്കി പിരിച്ചു വിട്ടു. സദ്ദാമിന്റെ ബാത്ത് പാർട്ടിയിലുണ്ടായിരുന്ന സുന്നികൾക്ക് പട്ടാളത്തിലും സർക്കാരിലും ജോലി നൽകിയില്ല. പകരം ശിയാക്കളെ കുത്തി നിറച്ച പട്ടാളത്തിന്റെ കഴിവ് ഗണ്യമായി കുറഞ്ഞു. മാലിക്കി പിരിച്ചു വിട്ട സുന്നി പട്ടാളക്കാരെല്ലാം ISIS യുടെ വിമത പോരാളികളുമായി സഹക രിക്കാനുണ്ടായ സാഹചര്യമിതാണ്. സുന്നി- ശിയാ സംഘർഷം മാത്ര മാണോ ഇറാഖിലും സിറിയ യിലുമടക്കം പശ്ചിമേഷ്യയിൽ കാണുന്ന പ്രശ്നങ്ങൾക്ക് കാരണം? സുന്നി ശിയാ സംഘർഷം തന്നെ ചരിത്രത്തിൽ വിസ്മൃതമായിക്കിടക്കുന്ന ഒരു അദ്ധ്യായമായിരുന്നു. ആ വിയോജിപ്പുകൾ പൊടിതട്ടി യെടുത്ത് പല്ലും നഖവും നൽകി മൂർച്ചകൂട്ടുന്നതും ഈ യഹൂദ- യാങ്കികുട്ടു കെട്ടാണ്. ലജ്ജാകരമായ രീതിയിൽ സൗദി അറേബ്യയുടെ രാജ താൽപര്യം അവർക്ക് പാദ സേവ ചെയ്യുക യാണ്. എണ്ണ വിഭവ ങ്ങളാൽ സമൃദ്ധമാണ് മദ്ധ്യപൗ രസ്ത്യദേശം. ആ മേഖലയിൽ ശക്തമായ ഇറാഖോ മറ്റ് മുസ്‌ലിം രാജ്യങ്ങളോ ഉണ്ടാവുന്നത് ആഗോ ള വിഭവ ചൂഷണത്തിനിറങ്ങിയ സാമ്രാജ്യത്വ ഗൂഢ ശക്തി കളും അവരെക്കാൾ കൂടുതലായി ഇസ്റായേലും ഒരിക്കലും അനുവദിക്കുകയില്ല. സമകാലീന ചരിത്രം പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും. ഇറാഖിനെ മുറിച്ച് ശിയാ, സുന്നി, കുർദ് എന്നീ മൂന്നുതുണ്ടമാക്കി ശക്തിഹീനമാക്കാനുള്ള ആത്യന്തിക പദ്ധതി ശിയാക്കളുടേതോ സുന്നികളുടേതോ കുർദുകളുടെയോഅല്ല. ഈ ഗൂഢ ശക്തികൾ തന്നെയാണ് അതിന്റെ പിന്നിലുള്ളതെന്ന് വ്യക്തം. കുർദിസ്ഥാൻ പ്രഖ്യാപിച്ചതിന് ശേഷം അമേരിക്ക പോലും പിന്തുണ നിരാകരിച്ചപ്പോൾ ആ രാജ്യത്തെ ആദ്യം അംഗീകരിച്ചത് ഈസ്റായേലാണ് എന്നത് ശ്രദ്ധേയമാണ്. അബൂബക്കർ ബാഗ്ദാദിയുടെ നേതൃത്വത്തിൽ ഖലീഫയുടെ ജിഹാദി ഭരണം എണ്ണ പാടങ്ങൾ പിടിച്ചെടുത്ത് കിടിലം കൊള്ളിച്ച് യഥേഷ്ടം മുന്നേറുകയാണ്. അങ്ങനെ മതിയായ അളവിൽ എണ്ണ സമ്പന്നമായ ഭൂവിഭാഗം ഖലീഫ പിടിച്ചെടുക്കുന്നത് വരെ അവർക്ക് നിക്ഷിപ്ത താൽപര്യക്കാരിൽ നിന്നും ആയുധം ലഭിച്ചുകൊണ്ടിരിക്കും. ഖലീഫ ഇങ്ങനെ ആക്രമിച്ചു മുന്നേറി ഖിലാഫത്ത് ഭരണം നടത്തുന്നത് സഊദി അറേബ്യയും മറ്റും ഒരുപക്ഷേ ആസൂത്രിതമായികാത്തിരിക്കുകയായിരിക്കും. നിശ്ചിത സമയമെത്തിയാൽ അമേരിക്ക സടകുടഞ്ഞെഴുന്നേറ്റ് അബൂബക്കർ ബാഗ്ദാദിയെ തളക്കാതിരിക്കില്ല. അപ്പോഴേക്കും എണ്ണ സമൃദ്ധമായ ഖലീഫയുടെ ഭൂമി അമേരിക്കക്കും പങ്കാളികൾക്കും ആരെയും പേടിക്കാതെ ഉപയോഗിക്കാം. രക്തചൊരിച്ചിലും കൂട്ടക്കൊലകളും ജിഹാദുമെല്ലാം കഴിഞ്ഞതിന് ശേഷമുള്ള ബാക്കി പത്രം പരിശോധിച്ചാൽ ആർക്കാണോ ലാഭമുണ്ടാകുന്നത് അവരാണ് ഇതെല്ലാം മറഞ്ഞ് നിന്ന് ആസൂത്രണം ചെയ്യുന്നത് എന്ന് മദ്ധ്യ പൗര

സ്ത്യദേശത്ത് നടക്കുന്നജിഹാദി നാടകങ്ങൾ പരിശോധിച്ചാലറിയാം. അതായത് അവസാന ഗുണഭോക്താവാണ് ആസൂത്രകൻ എന്ന ലളിതമായ സമവാക്യം നമുക്ക് ലഭിക്കും. മറ്റു പോരാളികളെല്ലാം കേവലം കരുക്കൾ മാത്രം.

എന്തായാലുംഈ പ്രശ്നങ്ങളുടെ മൂലകാരണം കുടികൊള്ളുന്നത് മുസ്‌ലിംകളുടെജിഹാദ് സിദ്ധാന്തത്തിലാണ്. മുസ്‌ലിം സമൂഹ ശരീരം ധാർമികമായും ബുദ്ധിപരമായും ദുർബലമായാൽ രോഗാണു സാന്ദ്രമായ പരിസരത്ത് നിന്നും രോഗാണുക്കൾ ആക്രമിച്ചു ശരീരത്തെ കീഴടക്കുക സ്വാഭാവികമാണ്, മുസ്‌ലിം ധാർമികത ദുർബല മാണെന്നതിന് മറ്റെങ്ങും പോകേണ്ട. നിസ്സാര കാര്യങ്ങളോടുള്ള രൂക്ഷമായ അസഹിഷ്ണുതയും തുടർന്നുള്ള വൈകാരിക പ്രതികരണങ്ങളും സംഘർഷങ്ങളും നമ്മുടെ കേരളത്തിൽ തന്നെ നടന്നുകൊണ്ടിരിക്കുന്നതാണല്ലോ. അതായത് അഖീദാപരമായി യാതൊരു ഭിന്നിപ്പുമില്ലാത്ത മുജാഹിദ്, സുന്നി സംഘടനകൾ പിളർന്ന് തെരുവിലും പള്ളിയിലും ജിഹാദ് വീര്യത്തോടെ ഏറ്റുമുട്ടിയത് നാം കണ്ടതാണല്ലോ. ഭാഗ്യത്തിന് നമ്മുടെ ഇന്ത്യാപാകിസ്താനോ അഫ്ഘാനിസ്താനോ പോലെയുള്ള ഒരു ഇസ്‌ലാമിക രാഷ്ട്രമല്ലാത്തത് കൊണ്ടാണ് പിളർന്ന കക്ഷികൾ ബോംബും തോക്കും ഉപയോഗിക്കാത്തത്. കേരളത്തിലെ ഈ ഏറ്റുമുട്ടലിന്റെ പിന്നിൽ ഏതായാലും അമേരിക്കയുടെയും ഇസ്റായേലിനെയും കുറ്റം പറയാൻ കഴിയില്ലല്ലോ. എന്നാൽ ദേശീയ തലത്തിലും രാജ്യാന്തര തലത്തിലും ഇത്തരം സായുധ ജിഹാദീ സംഘങ്ങളെ നിക്ഷിപ്ത താൽപര്യക്കാർ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം പകൽ വെളിച്ചം പോലെ വ്യക്തമാണ്..

പല മുസ്‌ലിം മതകക്ഷികളും ഹീനവും പൈശാചികവുമായ ജിഹാദി സിദ്ധാന്തം പരിശുദ്ധ ഇസ്‌ലാം മതത്തിനോടൊപ്പം മനസ്സിൽ രൂഢമൂലമാക്കിയിരിക്കുകയാണ്. ഈ ജിഹാദി വാസന തൽപരകക്ഷികളായ ബാഹ്യ ശക്തികൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുത്താം. ജിഹാദി സിദ്ധാന്തം ഉപയോഗിച്ച് മുസ്‌ലിം യുവാക്കളെ അനായാസം മനുഷ്യ ബോംബാക്കാനും ചാവേറുകളാക്കാനും സാദ്ധ്യമാകും. അതിന് താടിയും തലപ്പാവുമുള്ള ആലിംകളായ ഏതെങ്കിലും കള്ള നാണയങ്ങളെ വിലക്കെടുത്ത് സ്വാധീനിച്ചാൽ മാത്രം മതി. മദ്ധ്യപൗരസ്ത്യ ദേശത്ത് മാത്രമല്ല പാകിസ്താനിലും അഫ്ഘാനിസ്താനിലും ആഫ്രിക്കൻ മുസ്‌ലിം നാടുകളിലും സംഭവിക്കുന്നത് അതാണ്. മുസ്‌ലിം നാടുകളിൽ അരാജകത്വം സൃഷ്ടിക്കാനും രാഷ്ട്രീയവും സാമ്പത്തികവുമായ നിക്ഷിപ്ത ലക്ഷ്യങ്ങൾ നേടാനും സമാധാനം തകർക്കാനും ആർക്കും ഈ ജിഹാദികളെ വിലക്കെടുത്ത് ഉപയോഗിക്കാൻ സാധിക്കും. ഈ പൈശാചികമായ ജിഹാദ് ഹിംസക്ക് വിധേയരാകുന്നത് ബഹുഭൂരിപക്ഷവും മറ്റാരുമല്ല സാധാരണക്കാരായ മുസ്‌ലിംകളോ നിരപരാധികളായ പൊതു ജനങ്ങളോ ആണ്. ജിഹാദിന്റെയും അധികാരത്തിന്റെയും വ്യാജമന്ത്രം കൊണ്ട് മകുടിയൂതി മുസ്‌ലിം കളിലെഹിംസ വാസന എന്ന വിഷസർപ്പത്തെ ഉലമാക്കന്മാർ ഉണർത്തിവിടുകയാണ്. ഇതിൽ ആവേശിതരായി അഗ്നിയിൽ ആഹൂതിചെയ്യപ്പെടുന്ന ഈയാംപാറ്റകളെ പോലെ എത്രയെത്ര മുസ്‌ലിം യൗവനങ്ങളാണ് നശിച്ചൊടുങ്ങിയത്!!. മുസ്‌ലിംകളുടെ അടിസ്ഥാന ദൗർബല്യം ഈ ജിഹാദ് ആവേശമാണ്.

മുസ്‌ലിംകളിലെ ഈ ദൗർബല്യത്തെയും ആതുവഴിയുണ്ടായ ധാർമിക അപചയത്തെയും നഷ്ടത്തെയും തന്റെ ദിവ്യദൃഷ്ടികൊണ്ട് കണ്ടറിഞ്ഞ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഇതിനെ സംബന്ധിച്ച് പറഞ്ഞത് ഇപ്രകാരമാണ്.

'മാനുഷികമായ അനുകമ്പ, സഹതാപം, നീതിബോധം, വണക്കം, വിനയബുദ്ധി തുടങ്ങിയ എല്ലാ സദ്ഗുണങ്ങളും ഈ സമുദായത്തോട് എന്നെന്നേക്കുമായി വിട ചോദിച്ചു പിരിയുന്ന മട്ടിൽ ദിവസം തോറും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ ഹൃദയ കാഠിന്യവും ഈ അധാർമികതയും അനേകം മുസ്‌ലിംകളെ കാട്ടു ജന്തുക്കളെപോലെ യാക്കിമാറ്റിയിരിക്കുന്നു. ഒരു ജൈനനോ ബുദ്ധമതക്കാരനോ ഒരു കൊതുകിനേയോ ഈച്ചയേയോ പോലും കൊല്ലാൻ പേടിക്കുമ്പോൾ അന്യായമായ കൊലപാതകം നടത്തുന്നതിൽ സർവശക്തനായ അല്ലാഹുവിനെ പോലും-എല്ലാ ജീവജാലങ്ങളെക്കാളും മനുഷ്യ ജീവനു അവനാണ് ഏറ്റവും ഉയർന്ന വില കൽപ്പിച്ചിട്ടുള്ളതെങ്കിലും- ഇവർ ഭയപ്പെടുന്നില്ല. ഈ ഹൃദയ കാഠിന്യവും ക്രൂരതയും അനുകമ്പാദാരിദ്ര്യവും എങ്ങനെയാണു ണ്ടായി തീർന്നത്? അതിന് കാരണം ഇതാണ്. ചെറുപ്പം മുതൽ തന്നെ ജിഹാദിനെ സംബന്ധിച്ച തെറ്റായ ധാരണകളും കഥകളും അവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കുകയും അങ്ങനെ അവരുടെ മനസ്സിൽ അതു രൂഢമൂലമായി തീരുകയും ചെയ്കയാൽ, സാവധാനത്തിൽ അവർ ധാർമികമായി ശവപ്രായരായി തീരുകയും തങ്ങളുടെ നിഷ്ഠൂര ചെയ്തികളുടെ കൊടും ക്രൂരതയെക്കുറിച്ചു ബോധമറ്റവരായി തീരുകയും ചെയ്യുന്നു.... ഇത്തരം സിദ്ധാന്തങ്ങളുടെ ഒടുപുലർച്ച മനുഷ്യ ഹൃദയങ്ങളിൽ നിന്ന് ആർദ്രത, ദയ, നീതിനിഷ്ഠ തുടങ്ങിയ അത്യുന്നതങ്ങളായ മാനുഷിക സൽഗുണങ്ങൾ അപ്രത്യക്ഷമാവുകയും പകയും ശത്രുതയും വളരുകയും ചെയ്യുമെന്നുള്ളതാണ്.... ചുരുക്കത്തിൽ ഇത്തരം വിശ്വാസങ്ങൾ ഈ മൗലവിമാരുടെ ധാർമിക നിലവാരം തന്നെ താഴ്ത്തിക്കളഞ്ഞിരിക്കുന്നു. അന്തസ്സും സമാധാന തൽപരതയും ജനങ്ങളിൽ ഉപദേശിക്കാൻ ഇവർക്ക് സാദ്ധ്യമാവാതെ വന്നിരിക്കുന്നു. മറിച്ച് യാതൊരു കാരണവും കൂടാതെ മറ്റുള്ളവരെ കൊന്നുകളയുകയെന്നത് ഇവരുടെ പക്കൽ വലിയൊരു

മതധർമമായി മാറിയിരിക്കയാണ്. ചോരക്കൊതിയൻ മഹ്ദിയിലും ജിഹാദിനെ സംബന്ധിച്ച പൊതുവായ ആശയങ്ങളിലും രഹസ്യത്തിൽ വിശ്വാസം പുലർത്തുന്ന ചില വിഭാഗങ്ങൾ അഹ്‌ലെ ഹദീസ് കക്ഷിക്കാരിൽ ഉണ്ടെന്ന വസ്തുത ഖേദപൂർവം ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്ക് സാദ്ധ്യമല്ല (യേശു മിശിഹാ ഇന്ത്യയിൽ-ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) )

അജയ്യമായ ഇസ്‌ലാംമതത്തിന് ലോകത്തെ ജയിക്കാൻ ജിഹാദിന്റെയും ഹിംസയുടെയും ആവശ്യമില്ല. സമാധാനത്തിന്റെ വിശ്വഗുരുവായ റസൂൽ തിരുമേനി (സ)യുടെ ഇസ്‌ലാംമതത്തിന് മനുഷ്യന്റെ ഹൃദയത്തേയും ബുദ്ധിയേയും കീഴടക്കാനുള്ള അദ്ഭുത ശക്തിയേ പറ്റി ഇവർ മനസ്സിലാക്കിയിട്ടില്ല. ഇറാഖിൽ ശിയാക്കളെ കൊന്നൊടുക്കിയും ദരിദ്ര നാടുകളടക്കം ലോകമാസകലം അസ്വസ്ഥതയും അസമാധാനവും സൃഷ്ടിച്ച് ഇസ്‌ലാമിക ഖിലാഫത്ത് നടപ്പാക്കാൻ പുറപ്പെട്ട ബുദ്ധി ശൂന്യരായ ജിഹാദികൾ ഇസ്‌ലാമിക വിരോധികളുടെ കൈലെ കാണാചരടിൽ ബന്ധിതരായ പാവകളാണ്. യാതൊന്നും നേടാൻ കഴിയാതെ മുസ്‌ലിം സഹോദരന്മാരുടെ കൂട്ടഹത്യയിൽ അവസാനിക്കുന്ന ഒരു ദുരന്ത നാടകമായിരിക്കുമത്. ജിഹാദിനെ സംബന്ധിച്ച് മുസ്‌ലിംകൾ മനസ്സിലാക്കിയ വികല ധാരണകൾ വിശുദ്ധ ഖുർആൻ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ അവർ തിരുത്തേണ്ടതുണ്ട്. ഇസ്‌ലാമിന്റെ സമാധാന ഭാവവും ജിഹാദിന്റെ യഥാർഥ വിവക്ഷയും ആധുനിക ലോകത്തിന് മനസ്സിലാക്കിത്തരുവാൻ ദൈവത്താൽ നിയുക്തനായ ഇമാം മഹ്ദി (അ)യുടെ അദ്ധ്യാപനങ്ങളാണ് ഇസ്‌ലാമിന് സമാധാന മാർഗത്തിലൂടെയുള്ള വിജയം സാദ്ധ്യമാക്കിതരുക. മഹ്ദി ഇമാം (അ) വാളുകൊണ്ടുള്ള ജിഹാദ് നിർത്തലാക്കും എന്ന ഹദീസും ഓർക്കുക. മുസ്‌ലിംകൾ ഈ സത്യം എത്രയും വേഗം തിരിച്ചറിയുമാറാകട്ടെ. അല്ലാഹു പറയുന്നു:

**'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹുവും മാറ്റം വരുത്തുന്നതല്ല.'** (13:12)

# അനുസ്മരണം

## സീരെവീട്ടിൽ കുഞ്ഞഹ്മദ് സാഹിബ്

പഴയങ്ങാടി ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപെട്ടയാളാണ്. പഴയങ്ങാടിയിലെ അഹ്മദിയ്യ മസ്ജിദിനുള്ള സ്ഥലം 1919-ൽ നല്കിയ അദ്ദേഹം സ്വന്തം ചെലവിൽ പള്ളി നിർമിച്ച് 1921 ഫെബ്രുവരി 7-ന് വഖ്ഫ് ചെയ്യുകയും ചെയ്തു. 1919 ജൂലായ് മാസത്തിൽ മസ്ജിദിന് ശിലാകർമം നിർവഹിച്ചത് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ പ്രഗല്ഭ സഹാബി ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി(റ)ആയിരുന്നു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ പള്ളിയെന്ന ബഹുമതി പഴയങ്ങാടി മസ്ജിദിന് സ്വന്തമാണ്.

1909-ലാണ് ബഹുമാനപ്പെട്ട സി. വി.കുഞ്ഞഹ്മദ് സാഹിബ് ബയ്അത്ത് ചെയ്തത്.1947 മാർച്ച് 25 ന് അദ്ദേഹം വസിയ്യത്തു ചെയ്തു. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കെ 1948 മെയ് 14 ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. പഴയങ്ങാടിയിൽ കബറടക്കി. മൂസിയായ അദ്ദേഹത്തിന്റെ സ്മാരകശില ഇതുവരേയും ബിഹിശ്തി മഖ്ബറയിൽ സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ അതിനുള്ള അംഗീകാരം ഖലീഫത്തുൽ മസീഹ് തിരുമനസ്സുകൊണ്ട് നല്കിയിരിക്കുന്നു.

വസിയ്യത്തിന്റെ എല്ലാ നിബന്ധനയും സീരെവീട്ടിൽ കുഞ്ഞഹ്മദ് സാഹിബ് നിഷ്ക്കർശയോടെ പാലിക്കുകയുണ്ടായെന്ന് പഴയങ്ങാടി അമീർ സാഹിബും പരേതന്റെ പുത്രൻ കമാലുദ്ദീൻ സാഹിബും അറിയിച്ചു.അദ്ദേഹം വഫാത്തായിട്ട് ഇപ്പോൾ 66 വർഷം കഴിഞ്ഞിരിക്കുന്നു. വസിയ്യത്തിന് അദ്ദേഹത്തിന്റെ ജീവിത കാലത്ത് സ്വീകരണാനുമതി കിട്ടാത്തതുകൊണ്ട് മരണത്തിനുശേഷം അനുമതിക്കും സ്മാരക ഫലകം വെക്കുന്നതിനും വേണ്ടി മജ്‌ലിസ് കാർപർദാസിൽ ആലോചനയ്ക്കു വിധേയമാക്കുന്നതിന് ഹുസൂർ തിരുമനസ്സ് അനുമതി നല്കി. അതിന്റെ അടിസ്ഥാനത്തിൽ മജ്‌ലിസ് കാർപർദാസ് കൂടിയാലോചിച്ച് ഹുസൂർ തിരുമനസ്സിന് റിപ്പോർട്ട് സമർപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹുസൂർ അദ്ദേഹത്തിന്റെ സ്മാരകശില നാട്ടാൻ 06-05-2014 ന് അനുമതി നല്കിയിരിക്കുന്നു. അൽഹംദുലില്ലാഹ്

**സ്മാരക ഫലകത്തിലെ ഉല്ലേഖനം**

മുഹ്തരം സി.വി. കുഞ്ഞഹ്മദ് സാഹിബ് വലദ് മുഹ്തരം എ.പി. അബ്ദുല്ലാഹ് സാഹിബ് ഓഫ്

പഴയങ്ങാടി(കേരള)

പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിലെ(കേരള)ആദ്യകാല അഹ്മദികളിൽപ്പെട്ട ആളായിരുന്നു. 1919-ൽ പഴയങ്ങാടിയിൽ നിർമിച്ച ദക്ഷിണേന്ത്യയിലെ ആദ്യത്തെ അഹ്മദിയ്യാ മസ്ജിദിന് സ്ഥലം നല്കിയതോടൊപ്പം അതിന്റെ നിർമാണ ചെലവും വഹിച്ചു. അതിന് ശിലാകർമം നിർവഹിച്ചത് ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ)ആയിരുന്നു. മർഹൂമിന് മരണംവരെ വിവിധരീതിയിൽ ജമാഅത്തിന് സേവനം ചെയ്യാൻ ഭാഗ്യം കിട്ടി.

അല്ലാഹുമ്മ ഗ്ഫിർലഹൂ വർഹംഹൂ വ അദ്ഖിൽഹുൽ ജന്ന

ബയ്അത്ത്: 1909 വഫാത്: 1948 മെയ് 14, വസിയ്യത്ത് നമ്പർ 10055 വയസ്സ്: 85

-മൗലവി മുഹമ്മദ് ഇസ്മായിൽ

### തഹ്‌രീക്ക് ജദീദ്: വാഗ്ദാന പാലനം

ആത്മീയമായ പുണ്യത്തിനും ദീനി സേവനത്തിനും സാമൂഹിക സേവനത്തിനും വേണ്ടി സമർപ്പിക്കപ്പെട്ട തഹ്‌രീക്ക് ജദീദ് പദ്ധതിക്ക് നൽകിയ സാമ്പത്തിക വാഗ്ദാനം ഈ റമദാൻ മാസത്തിൽ തന്നെ പൂർത്തിയാക്കാൻ സഹോദരന്മാരെ പ്രത്യേകം ഉണർത്തുന്നു.

ഖുർഷിദ് അഹ്മദ് അൻവർ
വകീലുൽ മാൽ, ഖാദിയാൻ.

### വഖഫ് ജദീദ്

മുസ്‌ലിഹ്മൗദിന്റെ തൃക്കരങ്ങളാൽ ആരംഭിച്ച വഖഫ് ജദീദ് പദ്ധതിയിൽ സാമ്പതിക ത്യാഗം ചെയ്യാനുള്ള സുവർണാവസരമാണ് പുണ്യറമദാൻ. വഖഫ് ജദീദിന്റെ വാഗ്ദാനങ്ങൾ നിറവേറ്റിയവരുടെ പേര് റമദാൻ 25 ന് ഖലീഫത്തുൽ മസീഹിന്റെ സവിധത്തിലേക്ക് അയക്കുന്നതാണ്.

നസാമത്തെ മാൽ, വഖ്ഫ് ജദീദ്
ഖാദിയാൻ



ഐരാപുരത്ത് സംഘടിപ്പിച്ച മജ്‌ലിസ് അൻസാറുല്ല എറണാകുളം ജില്ലാ ഇജ്തിമ നാസിം അൻസാറുല്ല പി. പി. നാസിമുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. കെ. എം. നൂറുദ്ദീൻ സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ്, ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ്, പി. മുഹമ്മദ് കരീം സാഹിബ് എന്നിവർ സമീപം



കോഴിക്കോട് ജമാഅത്തിലെ സി. പി അബ്ദുല്ലത്ത്വീഫ് സാഹിന്റെയും സുബൈദാ സാഹിബയുടെയും മകൻ ഫർഹാൻ ലത്ത്വീഫ് എല്ലാ വിഷയത്തിലും എ+ നേടി +2 പരീക്ഷ പാസ്സായി. കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യായിലെ സജീവാംഗമായ ഫർഹാൻ സെന്റ് ജോസഫ് ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥിയാണ്.

## അനുസ്മരണം

### തോട്ടത്തിൽ ആയിശബി സാഹിബ

കണ്ണൂർ: മർഹൂം മേച്ചിറ അബ്ദുൽ അസീസ് സാഹിബിന്റെ ഭാര്യ തോട്ടത്തിൽ ആയിശബി സാഹിബ (78) നിര്യാതയായി. ഇന്നാലില്ലാഹി....

കണ്ണൂർ അഹ്മദിയ്യാ ജമാഅത്തിൽ 1945-47 കാലഘട്ടത്തിൽ പന്തി വിരോധം ഏർപ്പെടുത്തിയിരുന്ന കാലഘട്ടത്തിൽ അവരുടെ വീട്ടിലെത്തുന്ന അഹ്മദികൾക്ക് ആതിഥ്യവും സംരക്ഷണവും നൽകുന്നതിൽ ആയിശ സാഹിബ അനുഷ്ഠിച്ച ത്യാഗം സ്തുത്യർഹമാണ്. 1957-68 ൽ കണ്ണൂർ ലജ്നാ ഇമാ ഇല്ലായുടെ സെക്രട്ടറിയായിരുന്നു. നല്ലൊരു വായനക്കാരിയും മികച്ച പ്രാസംഗികയുമായിരുന്നു പരേത.

മക്കൾ: ടി. നിസാർ അഹ്മദ്, ടി. സൈബുന്നിസ, ടി. ഷാജിൻ അഹ്മദ്. മരുമക്കൾ: കെ. സി. മുഹമ്മദ് നിസാർ, ഫായിസ ഇടപ്പകത്ത്, സാലിഹ ടി. ഒ.

### ഡോ. എ. നാസർ അഹ്മദ്



കരുനാഗപള്ളി ജമാഅത്തിലെ ഡോ: എ. നാസർ അഹ്മദ് സാഹിബ് (65) റോഡപകടത്തെ തുടർന്ന് ജൂൺ 10ന് വഫാത്തായി (ഇന്നാലില്ലാഹി.....) കരുനാഗപ്പള്ളി അഹ്മദിയ്യാ ജമാഅത്തിലെ ആദ്യകാല അംഗം മർഹൂം അബൂബക്കർ കുഞ്ഞ് സാഹിബിന്റെ മകനാണ്.

ഗവ: ആയുർവേദ വിഭാഗത്തിൽ സീനിയർ മെഡിക്കൽ ഓഫീസറായി വിരമിച്ച ശേഷം മുഴുവൻ സമയവും ആതുര സേവനരംഗത്തായിരുന്നു.

നിസ്വാർഥ ആതുര സേവനവും നിർധനർക്ക് സൗജന്യ ചികിത്സയും മരുന്നു നിർമാണത്തിലെ സത്യസന്ധതയും കാരണം ജാതിമതഭേദമന്യേ കരുനാഗപ്പള്ളിയിലും പരിസരപ്രദേശങ്ങളിലും ജനസമ്മതനായ ഒരു ഭിഷഗ്വരനായി അദ്ദേഹം അറിയപ്പെട്ടു. അവശരായ രോഗികളെ അവരുടെ വീടുകളിൽ സന്ദർശിച്ച് ചികിത്സിച്ചിരുന്നു.

അമത്തുൽ നസീർ, സഫർ അഹ്മദ് (കരുനാഗപ്പള്ളി മുൻ ഖാഇദ്), ഡോ: സനൂജ ബീഗം എന്നിവർ മക്കളും എസ്. വി. മുഹമ്മദ് ഫസൽ (പഴയങ്ങാടി), എസ്.വി. ഫാസില (പഴയങ്ങാടി), ബി. നിശാൻ അഹ്മദ് (പഴയങ്ങാടി) എന്നിവർ മരുമക്കളുമാണ്. മർഹൂം എം. ജലാലുദ്ദീൻ സാഹിബിന്റെ മകൾ ശഫീഖ ബീഗം സാഹിബയാണ് ഭാര്യ. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

-എൻ.അമത്തുൽ നസീർ
കരുനാഗപ്പള്ളി

**Published on 7July 2014** Vol: 86 Issue.7
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14 Price Rs. **20/-**
Licence No. KL/CR/EKM/WPP-21/2012-14, Licensed to Post Without Prepayment
**The Sathyadoothan Monthly**

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**Majlis Khuddamul Ahmadiyya &**
**Athfalul Ahmadiyya**

# Kerala State

# Ijtema 2014

**August 9, 10 Thekkadi**









**മത്സര ഇനങ്ങൾ**

ഖുർആൻ പാരായണം
പദ്യം (അറബി, ഉറുദു & മലയാളം)
പ്രസംഗം
ക്വിസ് (ജനറൽ & ഖുത്വ്ബ)
സംഘഗാനം
പ്രബന്ധ രചന
ചുമർ പത്രിക
ഡോക്യമെന്ററി പ്രദർശനം
അടികുറിപ്പ്
തലവാചകം
സന്ദേശകൈമാറ്റം
വൺ മിനിറ്റ് സ്പീച്ച്

**കാര്യപരിപാടികൾ**

പതാക ഉയർത്തൽ
ഉദ്ഘാടനം
വിജ്ഞാന സദസ്

**അഖിലേന്ത്യ സദർ**
**റഫീഖ് അഹ്മദ് ബേഗ് സാഹിബ് പങ്കെടുക്കുന്നു**

**ഏവർക്കും സ്വാഗതം**

**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

# 1800 425 2020 Toll Free

**(9 am to 9 pm)**